കുവൈറ്റ് യുദ്ധം,പൊതു മാപ്പ് തുടങ്ങിയ അനേകം ചരിത്ര നിമിഷങ്ങൾക്ക് സാക്ഷിയായ ഒരാളുടെ ഓർമ്മയെന്ന നിലയിൽക്കൂടി ഈ പുസ്തകം വായിക്കാനുള്ള സാധ്യത ഏറെയാണ്.യു.എ.ഇയിലെ മൂന്ന് പൊതു മാപ്പുകളുടെയും സാക്ഷിയാണ് അമാനുള്ള.അമാനുള്ളയുടെ പടിപടിയായുള്ള ജീവിതത്തെ അവതരിപ്പിച്ചു കൊണ്ടാണ് പുസ്തകം തുടങ്ങുന്നതെങ്കിലും ആദ്യഘട്ടം പിന്നിടുമ്പോഴേക്കും അത് മറ്റു പലരുടെയും കഥയായി മാറുന്നു.അതിൽ പെൺവാണിഭക്കാരുടെ കയ്യിൽ പെട്ടുപോയ സ്ത്രീകൾ,രോഗപീഡകൾ ഏറ്റുവാങ്ങി മരണാസന്നരായി കിടക്കേണ്ടിവന്നവർ,ജയിലിലകപ്പെട്ടവർ ,കാണാതായവർ,ജീവിതകാലം മുഴുവൻ മണലാരണ്യത്തിൽ കഷ്ടപ്പെട്ട് ഒന്നും നേടാതെ എല്ലാം നഷ്ടപ്പെടുത്തി മടങ്ങുന്നവർ ഇങ്ങനെ നീളുന്നു ആ നീണ്ട നിര.പ്രവാസി എന്ന് കേൾക്കുമ്പോൾ അത്തറിന്റെ മണം മനസ്സിലേയ്ക്ക് കടന്നുവരുന്നുണ്ടെങ്കിൽ നാം ഇതിൽ കാണുന്നത് ദുരന്തഭൂമിയായ പ്രവാസലോകമാണ്.ചിലരെ സംബന്ധിച്ചെങ്കിലും പ്രവാസമെന്നത് അടിമത്തവും ചൂഷണവും ഏറ്റുവാങ്ങുന്ന ഒരു പദമായി മാറി.

മാന്യമായ ജോലിയും ശമ്പളവും വാഗ്ദാനം ചെയ്ത് അനാശാസ്യകേന്ദ്രത്തിലേയ്ക്ക് തള്ളിവിടപ്പെട്ട ആയിരക്കണക്കിന് മലയാളിസഹോദരങ്ങൾ നാട്ടിലെ പെൺകുട്ടികളെ ഇവിടെയെത്തി വിൽപ്പനയ്ക്കു അയയ്ക്കുന്നു.എല്ലാം വിറ്റു പെറുക്കി പോകുന്ന അവരുടെ നിസ്സഹായവസ്ഥ.ഒടുവിൽ നിലനില്പിനായി ശരീരം പോലും വിറ്റു ജീവിക്കേണ്ടി വന്ന ജെസ്സിയുടെയും സുനൈനയുടെയും കഥ ആരേയും വേദനിപ്പിക്കുന്നു.അനേകം പെൺകുട്ടികൾ നാട്ടിൽ തിരിച്ചുവന്ന് എല്ലാം മനസ്സിലൊതുക്കി ജീവിതം കടത്തിവിടുന്നു.1991 ലെ സോവിയറ്റ് റഷ്യയുടെ തകർച്ചയും ചൈനയിലെ കമ്മ്യൂണിസ്റ്റ് ഫാസിസവും അവിടങ്ങളിൽ നിന്നുള്ള നിരവധി പേരെ യു .എ. ഇ യിലേയ്ക്ക് എത്താൻ പ്രേരിപ്പിച്ചു.അതിൽ പ്രധാനപ്പെട്ട ഒന്നാണ് പെണ്ണിറക്കുമതി. പെൺകുട്ടികൾ സ്വന്തം ശരീരത്തിന് വിലപേശി യു. എ .ഇ യിലെ നഗര മുറികളിൽ ഒരുങ്ങി നിന്നു.വിവാഹിതരായ പുരുഷന്മാർ പ്രവാസദേശത്തനുഭവിച്ചിരുന്ന ലൈംഗിക ദാരിദ്ര്യത്തിന് മുമ്പിൽ തൊലി വെളുപ്പുള്ള സുന്ദരികളെ കിടപ്പറയൊരുക്കി മാടി വിളിച്ചു.

കബളിപ്പിക്കപ്പെട്ട അനേകം ആളുകൾ രാജ്യാന്തര പ്രണയബന്ധത്തിന്റെ പരിണതികളായി മാറുന്നു.മലപ്പുറം സ്വദേശിയായ അബ്ദുൾ നാസർ ഷാർജയിൽ സ്വന്തമായി ഇലക്ട്രോണിക്സ് കട നടത്തിക്കൊണ്ടു പോകാൻ കാര്യപ്രാപ്തിയുള്ളയാളായിരുന്നു.ഒരീ ജിപ്ഷ്യൻ പെൺകുട്ടിയുമായി നാസർ

പ്രണയത്തിലായി.അവൾക്ക് വേണ്ടി അദ്ദേഹം എന്തും ചെയ്യും എന്ന അവസ്ഥയിലായി.സമ്പാദിച്ച പണം മുഴുവൻ നഷ്ടപ്പെട്ടു.കടക്കെണിയിലുമായി.ഉപ്പയും ഉമ്മയും വളരെ കഷ്ടപ്പെട്ട് 300 ഡോളർ നാസറിന് നാട്ടിലെത്താൻ അയച്ചു കൊടുത്തു.ഈ തുകകൊണ്ട് കുറച്ചുകാലം കൂടി പിടിച്ചു നിന്നു.അവൾ തിരിച്ചെത്തുമെന്ന് വിശ്വസിച്ച് അദ്ദേഹം കാത്തിരിക്കുന്നു.എല്ലാ ദിവസവും അവളുടെ അഡ്രസുള്ള വീടന്വേഷിച്ച് നടക്കും.അവൾക്ക് മറ്റൊരു ഭർത്താവ് ഉണ്ടായിരുന്നു.ഇവിടെ ഇവൾ എത്തുന്നതിനു മുൻപ് അവളുടെ വിവാഹം കഴിഞ്ഞിരുന്നു.ഇപ്പോൾ അവൾ ഭർത്താവിന്റെ കൂടെ സൗദിയിലാണ്.എല്ലാം നഷ്ടപ്പെട്ടിട്ടും അദ്ദേഹം അവളെ സ്നേഹിക്കുകയും വരുമെന്ന പ്രത്യാശയോടെ കാത്തിരിക്കുകയും ചെയ്യുന്നു.

യു.എ.ഇ.യിലെ ഉമ്മുൽഖുവൈൻ എന്ന ഗ്രാമത്തിലെ ചെറിയ ചായിപ്പിൽ പുറംലോകമറിയാതെ ഇന്ത്യാക്കാരനായ ബാബു രണ്ടു മക്കളെ വളർത്തുന്നു.ബാബുവിന് ശ്രീലങ്കക്കാരിയിൽ ഉണ്ടായ ഈ രണ്ടു മക്കളെ ഇന്ത്യയിലെത്തിക്കാൻ അമാനുള്ള സഹിച്ച കഷ്ടപ്പാടുകൾ ഈ പുസ്തകത്തിൽ വിവരിക്കുന്നുണ്ട്. ബാബുവിന് നാട്ടിൽ വേറേ ഭാര്യയെയും കുട്ടികളും ഉണ്ടായിരുന്നു. ഗ്രോസറിയിൽ അത്യാവശ്യ സാധനങ്ങൾ വാങ്ങാൻ പോയപ്പോൾ ബാബുവിന്റെ യു.എ.ഇ.യിലെ ഭാര്യയായ ശ്രീലങ്കക്കാരിയെ യാത്രരേഖകൾ ഇല്ലാത്തതിനാൽ പോലീസ് അറസ്റ്റ് ചെയ്യുന്നു.അറബിയുടെ വീട്ടിൽ നിന്ന് സ്പോൺസറെ പറ്റിച്ച് ഓടിയതിന്റെ കേസും അവളുടെ പേരിലുണ്ടായിരുന്നു.ജയിൽശിക്ഷയെ ത്തുടർന്ന് നാട്ടിലേയ്ക്ക് പോകാനുള്ള വിമാനടിക്കറ്റ്

ജയിലിൽ അവളെ കാണാൻ പോയപ്പോൾ ബാബു എടുത്തു കൊടുത്തു.അറബി പാസ്പോർട്ട് അനുവദിച്ചു നൽകിയതിനാൽ അവൾക്ക് നാട്ടിലേക്ക് പോകാൻ അനുമതി ലഭിക്കുകയും ചെയ്തു.പാസ്പോർട്ടിൽ ഒരു വർഷത്തേയ്ക്ക് പ്രവേശനം തടഞ്ഞുകൊണ്ടുള്ള നോ എൻട്രി സീൽ അടിച്ചു വച്ചിരുന്നു.യു.എ.ഇ. യിൽ ഒരു വർഷം അമ്മയെ കാണാതെ കരയുന്ന കുഞ്ഞുങ്ങൾ.നിരോധന കാലാവധി കഴിഞ്ഞിട്ടും ഇതേവരെയും അവൾ യു.എ. ഇ.യിൽ എത്തിച്ചേർന്നില്ല.2004 ലെ സുനാമിയിൽ അവളുടെ നാട് കടലെടുത്തതായി സംശയിക്കുന്നു.നാട്ടിലൊന്നു പോയി വരണമെന്ന ബാബുവിന്റെ ആഗ്രഹവും സാധിക്കാതെ പോയി.കുട്ടികളെ നാട്ടിലെത്തിക്കാൻ ഔട്ട് പാസിന് അമാനുള്ള ഇന്ത്യൻ കോൺസലേറ്റിൽ അപേക്ഷ സമർപ്പിച്ചു. കുഞ്ഞുങ്ങളുടെ അനുമതിക്കാര്യം നിയമപരമായ കുരുക്കിൽ കിടന്ന് നീണ്ടുപോയി.കുട്ടികളെ സ്വീകരിക്കുവാനായി ബാബുവിന്റെ നാട്ടിലെ ഭാര്യയുടെ സമ്മതപത്രവും കുട്ടികൾക്ക് ബാബുവിന്റെ സ്വത്തിന്റെ അവകാശവും നൽകണമെന്നായിരുന്നു

വ്യവസ്ഥ.ബാബുവിന്റെ ഭാര്യയുടെ സമ്മതപത്രത്തോടെ കുഞ്ഞുങ്ങൾക്ക് ഇന്ത്യയിലേയ്ക്ക് പ്രവേശിക്കാനുള്ള ഔട്ട്പാസ് അനുവദിക്കപ്പെട്ടു.രാജ്യവും അതിർത്തികളും ഏതെന്നു നിശ്ചയമില്ലാതെ ഉമ്മുൽഖുവൈനിലെ ചായ്പുമുറിയിൽ ജനിച്ചു വളർന്നകുട്ടികൾ ഇന്ത്യയിലെ അനേകം കോടി ജനതകളിൽ ഒന്നായി തീർന്നിരിക്കുന്നു.

2012ൽ പ്രവാസജീവിതമവസാനിപ്പിച്ച് നാട്ടിലെത്തിയ അമാനുള്ളയ്ക്ക് പോറ്റമ്മയുടെ കൂടെ സന്തോഷത്തോടെ ഈ കുട്ടികൾ ജീവിക്കുന്നത് കാണാൻ സാധിച്ചു.

തൃശ്ശൂർ ജില്ലയിലെ നാട്ടിക സ്വദേശികളായ അബൂബക്കറും അബ്ദുള്ളയും സഹോദരങ്ങളാണ് . ദുബായിൽ വർഷം ഇരുപത്തിയഞ്ച് തിരിച്ചുപോകാനുള്ള ചെയ്തിട്ട് ജോലി നൽകുന്നതിനാ എടുത്ത് ടിക്കറ്റ് ഫ്ലൈറ്റ്യി അബൂബക്കർ അമാനുള്ളയുടെ സഹായം ചോദിക്കുന്നു.ഇന്തോനേഷ്യക്കാരി ഉപേക്ഷിച്ചുപോയ തന്റെപെൺകുഞ്ഞിനെ ആറുമാസം മുതൽ പതിന്നാലുവയസ്സുവരെ ആരും കാണാതെ തന്റെ വില്ലയിലെ ഒരു മുറിയിൽ വളർത്തിയ അബ്ദുള്ളയുടെ കഥയും പ്രവാസ ജീവിതകാലത്തെ മുറിവുകളാണ്.

അറബിക്കല്യാണത്തിന്റെ ഇരയായ മുംതാസ് എന്ന സ്ത്രീയുടെ ഞെട്ടിക്കുന്ന കഥയും അമാനുള്ള പറയുന്നു.ഒമാനിൽ നിന്ന് ഹൈദരാബാദിൽ വന്ന വൃദ്ധനായ അറബി ഹൈദരാബാദ് സ്വദേശിനിയായ മുംതാസിനെ വിവാഹം കഴിക്കുന്നു.അറബിക്ക് വേറെ ഭാര്യയും മക്കളുമുണ്ട്. മുംതാസിനെ അറബിയുടെ മകനും കൂട്ടുകാരും ബലാൽക്കാരം ചെയ്യുകയും തളർന്നവശയായപ്പോൾ കയ്യും കാലും പുറകോട്ട് കെട്ടി കാറിന്റെ ഡിക്കിയിൽ കൊണ്ടുപോയി മരുഭൂമിയിലുപേക്ഷിക്കുകയും ചെയ്തു.ഷാർജ ആശുപത്രിയിലെ സ്റ്റാഫ് മുംതാസിനെ നാട്ടിലേയ്ക്ക് അയയ്ക്കാൻ പറ്റുമോ എന്ന് അമാനുള്ളയോട് ചോദിച്ചപ്പോൾ പലരിൽനിന്നും 85,000 രൂപ സംഘടിപ്പിക്കുകയും നാട്ടിലേക്കുള്ള വിമാനടിക്കറ്റ് എടുത്തു കൊടുക്കുകയും ചെയ്തു.നാട്ടിലെത്തിയപ്പോൾ മുംതാസിന്റെ മാതാപിതാക്കൾ മുംതാസിന്റെ ഫ്രിഡ്ജ്,എ.സി,വാഷിംങ്ങ് മെഷീൻ തുടങ്ങി വിലപിടിപ്പുള്ള പലതും അമാനുള്ള കൈപ്പറ്റി എന്നറിയിച്ചുകൊണ്ട് ഹൈദരാബാദ് പോലീസിൽ കേസു കൊടുത്തു.കോൺസലേറ്റിൽ നിന്ന് നിജസ്ഥിതി വെളിപ്പെടുത്തി കത്ത് നൽകിയെങ്കിലും വർഷങ്ങൾക്കുശേഷവും ഓരോ രജിസ്ട്രേഡ് കത്ത് വരുമ്പോഴും കേസിന്റെ കാര്യം ഭയത്തോടെ അമാനയുള്ളയുടെ മനസ്സിലെത്തുന്നു.'മരുഭൂമിയിലെ മറുജീവിതങ്ങൾ' എന്ന ഗ്രന്ഥത്തിൽ ദുരിതമനുഭവിച്ചവരെ സഹായിച്ചതിന്റെ സംതൃപ്തിയും നന്ദികേടിന്റെ ചരിത്രവുമുണ്ട്.

ഗൾഫ് രാജ്യങ്ങളിൽ ജീവിക്കുന്നവർക്ക് നാട്ടിലെ ബന്ധുക്കളെക്കുറിച്ചും കദനകഥകൾ

പറയാനുണ്ട്. കല്യാണത്തിന് ശേഷം ദാസന്റെ കുടുംബം നാട്ടിൽ ജീവിക്കുന്നു.2006 ൽ നേര് എന്ന പരിപാടി തുടങ്ങിയത് ഗൾഫ് രാജ്യങ്ങളിലുള്ള മലയാളികളുടെ പ്രശ്നപരിഹാരത്തിനായിട്ടാണ്.കണ്ണൂർ സ്വദേശിയാണു ദാസൻ.ഭാര്യയും രണ്ട് പെൺകുട്ടികളുമടങ്ങുന്ന തന്റെ കുടംബഫോട്ടോ കാണിച്ചു കൊണ്ട് എനിക്ക് മക്കളെ കാണണം.എനിയ്ക്കു സാധ്യമായിട്ടുള്ളതെല്ലാം കുടുംബത്തിനു വേണ്ടി ഞാൻ ചെയ്തിട്ടുണ്ട്.കഷ്ടപ്പെട്ട് ഞാനുണ്ടാക്കിയ വീട്ടിൽ ആരുമില്ല. അതിന്റെ കടം പോലും തീർന്നിട്ടില്ല എന്നുള്ള ദാസന്റെ പരിദേവനം. നാട്ടിൽ ദാസന്റെ പരിചയക്കാരനുമായി അവൾക്ക് വഴിവിട്ടബന്ധം.ഇട്ടെറിഞ്ഞു നാട്ടിലേയ്ക്കു പോയാൽ കടമെങ്ങനെവീട്ടും.അവളെ പ്രസാദിപ്പിക്കാനായി മക്കളെ വീട്ടിൽ വിട്ടിട്ട് വിസിറ്റിങ്ങ് വിസയിൽ അവളെ ഇവിടെ കൊണ്ടുവന്ന് സന്തോഷിപ്പിക്കാൻ ദാസൻ പലതും ചെയ്തു.ദാസന്റെകഷ്ടപ്പാടുകളും അവസ്ഥയും തുറന്നു പറഞ്ഞു.അവളോട് എനിക്കുള്ള സ്നേഹം തുറന്നു പറഞ്ഞപ്പോൾ ഇനി ഒരു തെറ്റും ഉണ്ടാകില്ല എന്നവൾ പറഞ്ഞു.'നേര് ' എന്ന പരിപാടി കാണുന്ന പ്രേക്ഷകർ ദാസന്റെ മക്കളെയും ഭാര്യയേയും കണ്ടെത്താൻ സഹായിക്കുന്നു.ഭാര്യ അശ്വതിയും രണ്ടു മക്കളും ബാംഗ്ളൂരിലുണ്ട് എന്ന് പറഞ്ഞ് ബാംഗ്ളൂരിൽ നിന്ന് ചെറുപ്പക്കാരൻ വിളിച്ചു.കാമുകൻ തന്റെ ആവശ്യം കഴിഞ്ഞപ്പോൾ അവളെ ഉപേക്ഷിച്ചു.അവർ കഷ്ടപ്പെട്ട് ഇവിടെ ജീവിക്കുന്നു.ദാസൻ അവരെ ഫോണിൽ വിളിച്ചപ്പോൾ അച്ഛാ ഞങ്ങളെ കൊണ്ടുപോകുമോ എന്ന് ആറും മൂന്നും വയസ്സായ കുട്ടികൾ ചോദിക്കുന്നു.നാട്ടിൽപോയി അവരെ കൂട്ടിക്കൊണ്ടു വരാൻ ദാസൻ അജ്മാനിൽ നിന്നും നാട്ടിലേയ്ക്കു തിരിച്ചു.

ഗൾഫ് രാജ്യങ്ങളിലെ നിയമങ്ങൾക്കുമുമ്പിൽ പകച്ചുപോകുന്ന അനുഭവത്തിന്റെ ഞെട്ടിക്കുന്ന സാക്ഷ്യങ്ങൾ ജയിൽജീവിതത്തിന്റെ കദനകഥകൾ ഇവയെല്ലാം പല അധ്യായങ്ങളിലുമുണ്ട് . മുന്നൂറ് പേരെ ഉൾക്കൊള്ളാവുന്ന ഷാർജ ഔട്ട് ജയിലിൽ ആയിരം പേരോളം കഴിയേണ്ടി വരുന്നതും അവരിൽ ഇന്ത്യക്കാരായവരെ ടിക്കറ്റെടുത്ത് നാട്ടിലേയ്ക്ക് പറഞ്ഞയയ്ക്കാനുള്ള പരിശ്രമത്തിലേർപ്പെട്ടതിന്റെ അനുഭവസാക്ഷ്യങ്ങളും കണ്ണീരോടെ മാത്രമേ വായനക്കാർക്കു വായിക്കുവാൻസാധിക്കുകയുള്ളൂ.യാത്രാരേഖകളില്ലാതെ നിയമവിരുദ്ധമായി കഴിഞ്ഞിരുന്ന അനേകം ആളുകൾക്ക് പൊതുമാപ്പ് എന്താണെന്ന് മനസ്സിലാക്കിക്കൊടുത്ത് നാട്ടിലേയ്ക്ക് എത്തിക്കാനും അമാനുള്ള കഠിനാദ്ധ്വാനം ചെയ്തു.1996 ജൂൺ 29 നാണ് യു.എ.ഇയുടെ ചരിത്രത്തിലാദ്യമായി പൊതുമാപ്പ് പ്രഖ്യാപിച്ചത്. വിസയില്ലാത്തവർക്കും അതിന്റെ കാലാവധി കഴിഞ്ഞവർക്കും ജയിൽ ശിക്ഷയോ ഫൈനോ കൂടാതെ രാജ്യം വിട്ടു പോകാനുള്ള അനുമതിയായിരുന്നു

പൊതുമാപ്പ്.പലകാരണങ്ങളാൽ നാട്ടിലേയ്ക്ക് പോകാൻ കഴിയാതിരുന്ന അനേകം പേർക്ക് പോകാൻ സാധ്യമായി.പാസ്പോർട്ട് ഇല്ലാത്തവരും ടിക്കറ്റ് എടുക്കാൻ കയ്യിൽ പണമില്ലാത്തവരുമായി അനേകം പേർ ഓരോ ഇടങ്ങളിൽനിന്നും വന്ന് ക്യൂ നിന്നു.വർഷങ്ങളോളം അന്യദേശത്ത് ചെലവഴിച്ചിട്ടും നഷ്ടമല്ലാതെ നേട്ടമെന്നും ഉണ്ടാക്കാൻ കഴിയാത്തവർ,ഒളിജീവിതം നയിച്ചവർ, അല്ലറ ചില്ലറ ജോലി ചെയ്ത് ജീവിച്ചവർ.വെള്ളവും ഭക്ഷണവും കിട്ടാതെ ദിവസങ്ങളോളം കാത്തുനിന്നു.അവർക്ക് ഭക്ഷണസൗകര്യങ്ങൾ ഒരുക്കി കൊടുക്കാൻ രവീന്ദ്രൻ നായർ,അമാനുള്ള,റഹിം, എബ്രഹാം ജേക്കബ് എന്നിവർ അങ്ങോട്ടേയ്ക്ക് പുറപ്പെട്ടു.ഔട്ട് പാസിനുള്ള അപേക്ഷ പൂരിപ്പിച്ചു കൊടുത്താൽ മാത്രമേ നാട്ടിലേക്ക് പോകാൻ കഴിയൂ.ഈ വിവരങ്ങളൊന്നും പോർട്ടിൽ കാത്തിരിക്കുന്ന ആൾക്കാർക്ക് അറിയില്ല.ആളുകളുടെ പ്രവാഹം ബംഗാൾ വിഭജനകാലത്തെ കൂട്ടപ്പലായനത്തിന്റെ കഥകൾ ഓർമിപ്പിക്കുന്ന തരത്തിലായിരുന്നു.യമനിൽ നിന്ന് മുംബൈയിലേയ്ക്ക് പോകുന്ന ഒരു എണ്ണക്കപ്പൽ എംബസിയുടെ ശ്രമഫലമായി ഷാർജപോർട്ടിൽ എത്തിച്ചേർന്നിരുന്നു.കപ്പൽ തുറമുഖത്തോട് അടുത്തപ്പോൾ യാത്രക്കാർക്ക് കഴിക്കാനുള്ള ഭക്ഷണവും വെള്ളവും അതിനുള്ളിലെത്തിച്ചിരുന്നു.പൊതുമാപ്പുകാലത്ത് കടൽ വഴിയുംആകാശ വഴിയിലുമായിപതിനായിരക്കണക്കിന് ഇന്ത്യക്കാർ നാട്ടിലേയ്ക്ക് വന്നു.

ഷാർജയിൽ ഒരുപാട് സംഘടനകൾ ഉണ്ടെങ്കിലും ഇവിടെ ജീവിക്കുന്ന ആയിരക്കണക്കിന് മനുഷ്യർ നിരന്തരം നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ വേണ്ടത്ര സംവിധാനങ്ങളും സാഹചര്യങ്ങളും ഉണ്ടായിരുന്നില്ല.പ്രവാസികളായ ആൾക്കാർ അധികവും ഇവിടെ ചെറിയ വില്ലകളിൽ വാടകയ്ക്ക് താമസിക്കുന്നു. ഷാർജ ഇന്ത്യൻ അസോസിയേഷൻ ആണ് ഷാർജയിലുള്ള മലയാളി കൂട്ടായ്മ.ഷാർജ ഭരണാധികാരി സൗജന്യമായി ഭൂമി അനുവദിച്ചു നൽകിയതോടെ പ്രവാസികൾ ഇവിടെ സ്വയമായി കെട്ടിടം നിർമ്മിച്ചു. ഇവിടെ പാർക്കുന്ന മലയാളികളധികവും തൊഴിൽ പരിചയമില്ലാത്തവരും വിദ്യാഭ്യാസം കുറവുള്ളവരുമാണ്.

പ്രവാസി എന്ന് കേൾക്കുമ്പോൾ സമ്പൽസമൃദ്ധിയെന്ന് ചിലപ്പോഴെങ്കിലും ചിന്തിക്കുമെങ്കിലും രോഗവും മരണവും കാണാതാവലുംജയിൽ ശിക്ഷയും മാനഭംഗങ്ങളുംചതിയുമെല്ലാംകൂടിച്ചേർന്ന അവസാനിക്കാത്ത ദുരന്തഭൂമിയായിപ്രവാസലോകം മാറുന്നു. പ്രവാസജീവിതത്തിന്റെ അനുഭവയാഥാർത്ഥ്യങ്ങളായി വായനക്കാരുടെ മനസ്സിലേയ്ക്ക് ഇവ കടന്നുവരുന്നുഅറേബ്യൻ നാടുകളിൽ നിയമവിരുദ്ധരായി ജീവിക്കുന്ന വലിയ വിഭാഗം പ്രവാസിസമൂഹവും മലയാളികളാണ്.പല

നിയമനിർമ്മാണങ്ങളും അറബ് ഗവൺമെൻറ് ഏർപ്പെടുത്തിയിട്ടുണ്ടെങ്കിലും ജോലി ചെയ്യുന്ന മലയാളികൾക്ക് നിയമങ്ങളെപ്പറ്റി യാതൊരു ധാരണയുമില്ല.

ഗൾഫ് മേഖലയിൽ മരണപ്പെടുന്നവരുടെ അവസ്ഥയും വളരെ പരിതാപകരമാണ്.കൊല്ലം ചടയമംഗലം സ്വദേശിയായ ശശിധരൻ ഷാർജ ഇലക്ട്രിസിറ്റി ആൻഡ് വാട്ടർ അതോറിറ്റിയിൽ ക്ലീനറായി ജോലി ചെയ്യുന്ന സമയത്ത് പണികൾ ചെയ്തുകൊണ്ടിരിക്കുന്നതിനിടയിൽ താഴെ വീണ് ആകസ്മികമായി മരണത്തിനിടയായി.ആദരാഞ്ജലിയും അനുശോചനവും നടത്തുവാനുള്ള ക്രമീകരണം നടത്താൻ അമാനുള്ള തീരുമാനിച്ചപ്പോൾ മാനേജർ വിളിച്ച് ഇത്തരം പരിപാടികൾ ആവർത്തിക്കരുതെന്ന് താക്കീത് നൽകിയത് അമാനുള്ളയെ വളരെയധികം വ്യസനിപ്പിച്ചു.അവർ അതിന്റെ ഉത്തരവാദിത്വം ഏറ്റെടുക്കുകയോ സഹായം ചെയ്യുകയോ ചെയ്തില്ല എന്ന് മാത്രമല്ല അശ്രദ്ധമായി ജോലി ചെയ്തതുകൊണ്ടാണ് അപകടം ഉണ്ടായതെന്ന് നോട്ടീസ്ബോർഡിൽ പതിപ്പിക്കുകയും ചെയ്തു.

കാണാതാവുന്നവരെക്കുറിച്ചുള്ള അന്വേഷണങ്ങളും അതിൻ്റെ അനുഭവ കഥകളും വായനക്കാരുടെ മനസ്സിനെ നൊമ്പരപ്പെടുത്തുന്നു. നാട്ടിൽ പോയപ്പോഴും തിരിച്ചുവന്നപ്പോഴും പണം പലരിൽ നിന്നു വാങ്ങിയതിനുശഷം തിരികെ കൊടുക്കാൻ പറ്റാതെ കടക്കെണിയിൽ ആയ ഭാസ്ക്കരനും യാഥാർത്ഥ്യങ്ങളൊന്നുമറിയാതെ കാത്തിരിക്കുന്ന ശ്രീദേവി ടീച്ചറും അവരുടെ നാലു വയസ്സായ മകനും.വിസ പുതുക്കാൻ 6000 ദിർഹം തരപ്പെടുത്താൻ പറ്റാതെ ആരോടും സമ്പർക്കമില്ലാതെ എല്ലാ ബന്ധങ്ങളുമുപേക്ഷിച്ച് പോലീസിന് പിടി കൊടുക്കാതെ ഒളിച്ചു താമസിക്കുന്നു. ഇരുപതു വർഷങ്ങളായി ഒറ്റപ്പെട്ട് ബംഗ്ലാദേശികളോടൊപ്പം താമസിച്ച ഭാസ്ക്കരനെ അമാനുള്ള കണ്ടെത്തി കാര്യങ്ങൾ മനസ്സിലാക്കി.പൊതുമാപ്പിന്റെ സമയത്ത് നാട്ടിലേയ്ക്ക് യാത്രയാക്കി.കൈരളി ടി വി യിലെ പ്രവാസലോകം പരിപാടിയുടെയും അന്വേഷണത്തിൻ്റെയും ഫലമായി ശ്രീദേവി ടീച്ചറിന് ഭർത്താവ് ഭാസ്കരനെ കണ്ടെത്തിക്കൊടുത്തതും അമാനുള്ളയാണ് .

അൽ ഐൻ എന്ന കൺസ്ട്രക്ഷൻ കമ്പനിയിൽ ജോലി ചെയ്ത 28 വയസ്സുള്ള രാജേഷ് എന്ന വ്യക്തിയെ കാണാതായതോടെഅമാനുള്ള പ്രവാസലോകം പരിപാടി വച്ച് ലോകസമൂഹത്തെ വിവരമറിയിച്ചു. രാജേഷിനെ പല സ്ഥലങ്ങളിൽ അന്വേഷിച്ചിട്ടും കണ്ടുകിട്ടിയില്ല.അതുകൊണ്ട് അന്വേഷണം അവസാനിപ്പിച്ചു. രാജേഷിന്റെ കുടുംബത്തിന് അർഹതപ്പെട്ട ആനുകൂല്യങ്ങൾ കൊടുക്കണമെന്ന് അപേക്ഷിച്ചു.

കൺസ്ട്രക്ഷൻ കമ്പനിയുടെ പി.ആർ.ഒ ഒരു ദിവസം അമാനുള്ളയെ

വിളിച്ചു.അൽ ഐ നിലെ വിജനമായ ഒരിടത്ത് ട്രാൻസ്ഫോർമർ യാർഡിൽ ചാരിയിരുന്ന് മരിച്ചനിലയിൽ രാജേഷിനെ കണ്ടെത്തിയെന്ന് പറഞ്ഞു.യാർഡിന്റെ പുറകുവശത്തായതുകൊണ്ട് ആരുടെയും ശ്രദ്ധയിൽപ്പെട്ടില്ല. മുൻസിപ്പാലിറ്റിയിലെ ക്ലീനിങ്ങ് തൊഴിലാളികളാണ് ജഡം കണ്ടെത്തിയത്.വീട്ടിലേയ്ക്ക് പണമയച്ചതിന്റെ രസീത് പോക്കറ്റിലുണ്ടായിരുന്നു.അതിൽ നിന്ന് പേരും കമ്പനിയുടെ വിവരവുമൊക്കെ പോലീസിന് മനസ്സിലായി.വീട്ടുകാരെ വിവരമറിയിച്ച് വീട്ടുകാരുടെ സമ്മതപത്രമനുസരിച്ച് ചെറുപ്പക്കാരന്റെ അവശേഷിപ്പുകളുമായി ആംബുലൻസ് മോർച്ചറിയിൽ നിന്ന് ശവപ്പറമ്പിലേയ്ക്കുപോയി.കാണാതായ വരുടെ പേര് രേഖപ്പെടുത്തുന്ന ഡയറിയുടെ ഒഴിഞ്ഞ പേജിൽ മരുഭൂമിയിൽ വൈദ്യുതി പ്രവഹിക്കുന്ന ട്രാൻസ്ഫോർമർ യാർഡും അതിന്റെ ഇഷ്ടികത്തറയുമടങ്ങുന്ന ചിത്രം. അസ്ഥിയിൽ നിന്ന് ശരീരമിറങ്ങിപ്പോകുന്നതു വരെ മൂന്നു മാസക്കാലം ട്രാൻസ്ഫോർമർത്തറയിൽ സമാധിപൂണ്ട മനുഷ്യന്റെ ചിത്രം.പ്രസാദ് എന്ന വ്യക്തിയുടെ അമ്മ പ്രവാസ ലോകത്ത് കാണാതായ മകനെ കണ്ടുപിടിച്ചു നൽകാൻ പ്രവാസ ലോകത്തിലെ പ്രതിനിധി എന്ന നിലയിൽ ആവശ്യപ്പെടുകയും അന്വേഷണപ്രകാരം അന്യരാജ്യത്ത് മറവ് ചെയ്യപ്പെട്ടു എന്ന് കണ്ടുപിടിക്കാൻ സാധിക്കുകയും ചെയ്തു. അജ്ഞാതജഡങ്ങളായി ആരോരുമറിയാതെ മരുഭൂമിയിൽ മറവു ചെയ്യപ്പെടുന്ന മനുഷ്യരുടെ കഥകൾ ഒരു രേഖപ്പെടുത്തലുമില്ലാതെ ചരിത്രത്തിനപ്പുറത്തേയ്ക്ക് മാഞ്ഞുപോകുന്നു.ഇവയെല്ലാം അമാനുള്ളയുടെ കരുതലിന്റെയും കാരുണ്യത്തിന്റെയും നേർസാക്ഷ്യങ്ങളാണ്

മരണമടഞ്ഞവർക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ കിട്ടേണ്ട വ്യക്തിക്കു ലഭിക്കാതെ വന്ന സാഹചര്യമുണ്ടായപ്പോൾ അതിനുവേണ്ടി പ്രവർത്തിക്കാനും അമാനുള്ള മുൻപോട്ടുവന്നു.ദിയാധനത്തിന്റെ (മരണമടഞ്ഞവരുടെആശ്രിതർക്കു കിട്ടുന്ന പണം)പേരിൽ നടന്നുകൊണ്ടിരിക്കുന്ന പലതരത്തിലുള്ള കബളിപ്പിക്കലുകൾ കോൺസലേറ്റിലെ സ്ഥാപനമേധാവിയെ കണ്ട് ബോധ്യപ്പെടുത്താനും ഇക്കാര്യത്തിൽ നിയമസംവിധാനം ഉണ്ടാക്കിയെടുക്കാനും അമാനുള്ളയ്ക്ക് സാധിച്ചു.ദുബായിൽ വച്ച് വാഹനാപകടത്തിൽ മരിച്ച 28 വയസ്സുള്ള വിനോദ് ,ഭാര്യ സോണിയ 22 വയസ്സ്. സോണിയായുടെ ദയാധനം അപഹരിക്കപ്പെട്ടു എന്ന വാർത്ത പത്രത്തിൽ വന്നു.മരിച്ചവരുടെ ആശ്രിതർ നാട്ടിലാകുമ്പോൾ ഇവിടെയുള്ള ആരെയെങ്കിലും പവർ ഓഫ് അറ്റോർണി ആയി ചുമതലപ്പെടുത്തും.ഇൻഷുറൻസ് കമ്പനി ചുമതലപ്പെടുത്തിയ അവരുടെ പേരിൽ ചെക്ക് നല്കും.യഥാർത്ഥ അവകാശിക്ക് കിട്ടിയോയെന്നറിയാൻ കമ്പനിക്ക് കഴിയില്ല.പവർ ഓഫ്

അറ്റോർണിയെ ചുമതലപ്പെടുത്തുന്നത് കോൺസലേറ്റിന്റെകൂടി അറിവോടെ ആയിരിക്കണമെന്ന നിയമം പ്രാബല്യത്തിൽ വരുത്താൻ അമാനുള്ളയുടെ ശ്രമഫലമായി സാധിച്ചു.

1992ലെ ഷാർജനാടകക്കേസ് അമാനുള്ളയ്ക്ക് ഒരിക്കലും മറക്കാനാവാത്ത ഒന്നായിരുന്നു. ഷാർജ ഇന്ത്യൻ അസോസിയേഷൻ എല്ലാവർഷവും നിരവധി സാംസ്കാരിക പരിപാടികൾ നടത്താറുണ്ടായിരുന്നു. അതിൽ പ്രധാനപ്പെട്ടതാണ് നാടക മത്സരങ്ങൾ.അക്കാലത്ത് അവതരിപ്പിച്ച 'ശവം തീനിഉറുമ്പുകൾ ' എന്ന നാടകം ഏറെ പ്രശംസാർഹമായിരുന്നു.ഒരു ശവത്തിന്റെ അവകാശത്തെച്ചൊല്ലി മൂന്നു മതസ്ഥർ നടത്തുന്ന തർക്കമാണ് നാടകത്തിന്റെ പ്രമേയം.അല്ലാഹുവിനെ നിന്ദിച്ചു എന്ന് പറഞ്ഞുകൊണ്ട് നാട്ടുകാരായ ചിലർ ദുഷ്ടലാക്കോടെ രാഷ്ട്രീയവും മതവും കൂട്ടിക്കലർത്തിയോടെ നാടകം ദൈവനിന്ദയ്ക്കു കാരണമായി എന്ന് വരുത്തിത്തീർത്തു.തത്ഫലമായി പത്തോളം പേരെ ജയിലിലടയ്ക്കുകയും നാടകം നിരോധിക്കുകയും ചെയ്തു. എല്ലാ മതങ്ങളിലും നിലനില്ക്കുന്ന ചില വിഷമകരമായ കാര്യങ്ങൾ ചൂണ്ടിക്കാണിക്കാനും മനുഷ്യനിൽ നിന്ന് നഷ്ടപ്പെട്ടുപോകുന്ന മനുഷ്യത്വത്തെ തിരിച്ചുകൊണ്ടുവരാനുമുള്ള ശ്രമമായിരുന്നു നാടകം.മികച്ച അവതരണത്തിന് സമ്മാനം കിട്ടണം എന്നാഗ്രഹിച്ചുകൊണ്ടു സൌദിയിലെത്തിച്ചേർന്നവരായിരുന്നു അവരിൽ പലരും. അമനുള്ളയുടെ ഇടപെടലിലൂടെ എംബസി സ്ഥാനപതിയായി എത്തിച്ചേർന്നു. മുരളീധരമേനോനും കോൺസലേറ്റ് ജനറൽ പ്രഭു ദയാലും സംഭവങ്ങളുടെ നിജസ്ഥിതി ഷാർജ ഭരണാധികാരിയെ അറിയിക്കുകയുണ്ടായി.വളരെ കഷ്ടപ്പാടിന് ശേഷം അനുഭാവപൂർണ്ണമായ സമീപനമുണ്ടായി.കേന്ദ്രവിദേശകാര്യ മന്ത്രി ഷാർജ ഭരണാധികാരിയുമായി ബന്ധപ്പെടുകയും ഇന്ത്യൻ ഹൈക്കമ്മീഷണറുമായി ഉണ്ടാക്കിയ ഉടമ്പടിയിലൂടെ ഷാർജ ഷെയ്ഖ് എല്ലാ നാടകത്തടവുകാരെയും മോചിതരാക്കാൻ ഉത്തരവിടുകയും ചെയ്തു.

ലോഞ്ചിൽ ഷാർജയിലെത്തി നിയമപരമല്ലാതെ ജീവിക്കുന്ന ആൾക്കാരും അനേകരുണ്ട്.ഷാർജയിലെ ഡ്രൈവിംഗ് സ്കൂളിലെ ഉസ്താദായ അബ്ദുൾ ഖാദർ ബോംബെയിൽ നിന്നും ലോഞ്ച് കയറി ഷാർജയിലെത്തിയതാണ്.ഇവിടേയ്ക്ക് വരാൻ ഏജൻ്റ് 500 രൂപാ ആവശ്യപ്പെട്ടു.പാസ്പോർട്ടോ എമിഗ്രേഷനോ ഇല്ലാതെ ഇവിടെ അനധികൃതമായി ജീവിയ്ക്കുന്നു.കുറ്റിക്കാടുകളിൽഒളിച്ചി രുന്നാക്കെയാണ്ഇവിടെയെത്തിയത്.ഒരു ഗ്ലാസ് വെള്ളവും ഒരുരുളയുമായിരുന്നു ഭക്ഷണം.പോലീസിന്റെ കണ്ണെത്താത്ത ഒരു സ്ഥലത്ത് ലോഞ്ച് നിർത്തിയിട്ട് അതിലെ ജീവനക്കാർ ഓരോരുത്തരെയും കടലിലേക്ക് തള്ളിയിട്ടു.ചിലരെ കടൽ കരയ്ക്കടുപ്പിച്ചു.ചിലർ മരണമടഞ്ഞു.40 വർഷത്തിനിടയിൽ 10 തവണ മാത്രം

നാട്ടിൽ പോയി.കല്യാണം കഴിക്കാനും രണ്ടു പെൺമക്കളെ കെട്ടിച്ചയയ്ക്കാനും. വീടോ മറ്റു സമ്പാദ്യമോ ഇല്ല.പണ്ടേ താമസിച്ചുകൊണ്ടിരിക്കുന്ന എല്ലാവർക്കും അവകാശമുള്ള വീട്ടിൽ താമസിക്കുന്നു.വിസ പുതുക്കാൻ 5000 ദിർഹം വേണം.അതിനു പണമില്ലാത്തതിനാലും വാർദ്ധക്യത്തിലെത്തിയതിനാലും പ്രവാസ ജീവിതം അവസാനിപ്പിക്കാൻ തീരുമാനിക്കുന്നു.വീടുവയ്ക്കാൻ സ്ഥലമില്ല. മറ്റ് വരുമാനമാർഗ്ഗമൊന്നുമില്ല.മകനെ വിസിറ്റിങ്ങ് വിസയിൽ കൊണ്ടുവന്നിട്ടുണ്ട്. അവന് ജോലി കിട്ടിയാൽ ജീവിക്കാമെന്ന പ്രതീക്ഷ.ഇങ്ങനെഅമാനുള്ളയുടെ മനസ്സിലുള്ള ഒരുപാടൊരുപാട് സംഭവങ്ങളാണ് ഇതിൽ പറയുന്നത്.

ഭയത്തിലും ആകുലതയിലും കഴിയുന്നവരെ മോചിപ്പിക്കാനും അമാനുള്ള ശ്രദ്ധിച്ചു.ഫ്ലൈറ്റിൽ യാത്ര ചെയ്യാൻ പേടിച്ച അമ്മദിനെ മനോഭയത്തിൽ നിന്ന് മോചിപ്പിച്ച് വർഷങ്ങൾക്കുശേഷം നാട്ടിലേയ്ക്ക് എത്തിക്കാനും അമാനുള്ള പ്രയത്നിച്ചു.വേറിട്ടൊരു പ്രവാസ മനുഷ്യൻ എന്ന് പിടി കുഞ്ഞുമുഹമ്മദ് അമാനുള്ളയെ അടയാളപ്പെടുത്തുന്നു.സ്വന്തം ജീവിതകഥ എന്നതിനേക്കാൾ അറബി പ്രവാസികളുടെ ആത്മകഥ കൂടിയാണീ കൃതിയെന്ന് അമാനുള്ള തന്നെ പറയുന്നു.അറബിരാജ്യങ്ങളിൽ ജീവിതം നഷ്ടപ്പെട്ട പലരെയും അതിജീവനത്തിന്റെ വഴിയിൽ എത്തിക്കാൻ അമാനുള്ളയ്ക്കു സാധിച്ചിട്ടുണ്ട്.പ്രവാസജീവിതത്തിന്റെ സംഘർഷങ്ങളോടൊപ്പം സഹജീവികളോടുള്ള സ്നേഹവും കരുതലും പരിഗണനയും ഇതിൽ കാണുവാൻ സാധിക്കും.അറേബ്യൻ നാടുകളിലേയ്ക്ക് ഉപജീവനാർത്ഥം എത്തിപ്പെട്ടവരിൽ ഏറിയപങ്കും മലയാളികളാണ്.

വ്യക്തിപരമായ കാര്യങ്ങൾ, ആരോഗ്യം ഇവയിൽ അമാനുള്ള അധികം ശ്രദ്ധിച്ചില്ല.യു.എ ഇ യിൽ എത്തിച്ചേർന്നശേഷം അമാനുള്ള ആദ്യമായാണ് ഹൃദയാഘാതമായി ആശുപത്രി കിടക്കയിൽ കിടക്കുന്നത്.മറ്റുള്ളവർക്ക് വേണ്ടി ഓടിനടന്ന് അവനവന്റെ കാര്യം മറക്കരുതെന്ന് ഭാര്യ പറഞ്ഞപ്പോൾ അവനവനെ മറന്നുകൊണ്ടല്ലാതെ മറ്റുള്ളവർക്കുവേണ്ടി ഒന്നും ചെയ്യാൻ സാധിക്കുകയില്ല എന്നായിരുന്നു അമാനുള്ളയുടെ പ്രതികരണം.ജീവിതത്തിൽ നിന്ന് മരണത്തിലേയ്ക്കുള്ള ദൂരം അത്ര അകലത്തല്ലെന്ന് പ്രവാസ ജീവിതത്തിന്റെ പലഘട്ടങ്ങളിൽ അമാനുള്ള മനസ്സിലാക്കിയ കാര്യമാണ്.ജാതിയും മതവുമൊന്നുമില്ലാതെ മനുഷ്യത്വത്തോടെ ജീവിക്കണമെന്നും മക്കളെയും അങ്ങനെതന്നെ വളർത്തണമെന്നും ആഗ്രഹിച്ച വ്യക്തിയാണ് അമാനുള്ള.ഭാര്യയായി തെരഞ്ഞെടുത്തതും ഹിന്ദു സമുദായത്തിൽപ്പെട്ട വത്സലയെയാണ്.

ഈ കൃതി പ്രവാസത്തിന്റെ ഒരേടാണ്അനാവരണം ചെയ്യുന്നത്.സിനിമയിലും സാഹിത്യത്തിലുമൊക്കെ പ്രവാസിയെ ഹാസ്യ കഥാപാത്രമായി ചിലയിടങ്ങളിലെങ്കിലും അവതരിപ്പിക്കുന്നുണ്ട്.ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ മലയാളികൾ തീർത്ത ജീവിതത്തിന്റെ അധ്യായങ്ങൾ ഇതിഹാസ സമാനമാണ്.പ്രവാസിയുടെ പണം കേരളത്തിലെ വികസനത്തിന് കാരണമായിട്ടുണ്ടെങ്കിലും നിരവധിയാളുകൾ അതിജീവിതത്തിനിടയിൽ തകർന്നുപോയതിന്റെ ചരിത്രവുമുണ്ട്.ഒരേസമയം ആത്മകഥയും സമൂഹത്തിൻറെ കഥയുമാണ്'മരുഭൂമിയിലെ മറുജീവിതങ്ങൾതോറ്റുപോയവരുടെ എന്നപോലെ പലതരത്തിൽ സ്വജീവിതം നഷ്ടപ്പെട്ടവരുടെ ചരിത്രം കൂടി പങ്കുവയ്ക്കുന്ന ഈ കൃതി ചരിത്രവിഭാഗത്തിന് ഒരു മുതൽക്കൂട്ടാണ്.ഇത്തരത്തിൽ മലയാളികളുടെ പ്രവാസത്തിന്റെ ഒരു പരിച്ഛേദം തന്നെയായി ഈ പുസ്തകം മാറുന്നു.

ഗ്രന്ഥസൂചി

കരിമ്പുങ്കര, ഡോ.ദീപേഷ്,മരുഭൂമിയിലെ മറുജീവിതങ്ങൾ, മാതൃഭൂമി ബുക്ക്സ്, 2021.

ശിവദാസ്കെ.കെ, പ്രവാസം പ്രതിനിധാനവും സർഗ്ഗാത്മകതയും, ഇൻസൈറ്റ് പബ്ളിക്കേഷൻസ്, കോഴിക്കോട്,2019

മണിച്ചിത്രത്താഴിലെ അഷ്ടനായികമാർ

E S Arrya
Assistant Professor in English
Unity College of Arts and Science, Thalikulam, Thrissur

സാംസ്കാരികമായ വിവക്ഷകൾ അടയാളപ്പെടുത്തുന്ന കലാനുഭവമാണ് സിനിമ. പലതരം കലാ മേഖലകളുടെ ഇടപെടലിലൂടെയാണ് ചലച്ചിത്രം രൂപപ്പെട്ടു വരുന്നത്. പാട്ടും നൃത്തവും സാഹിത്യവും സാങ്കേതികമായ പരിണാമവും ദൃശ്യാനുഭവം എന്ന നിലയിൽ സിനിമയെ പലനിലകളിൽ നിർണയിച്ചിട്ടുണ്ട്. അതുകൊണ്ടുതന്നെ സിനിമയെക്കുറിച്ചുള്ള അന്വേഷണങ്ങൾക്ക്അന്തർ വൈജ്ഞാനികവും സാംസ്കാരികവുമായ പ്രതലം സജീവമാണ്. പ്രമേയത്തെയും സംവിധായകസ്ഥാനത്തെയും അഭിനയ പാടവത്തെയും ഒക്കെ പിന്തുടർന്നു കൊണ്ടുള്ള അന്വേഷണങ്ങൾ സിനിമകളിൽ നിരന്തരം ഉണ്ടായിക്കൊണ്ടിരിക്കുന്നു. ഈ സന്ദർഭത്തിലാണ് നായികയുടെ വ്യത്യസ്ത ഭാവങ്ങളെ കേന്ദ്രീകരിച്ചു കൊണ്ടുള്ള ഒരു അന്വേഷണം പ്രസക്തമാകുന്നത്. അത്തരത്തിലുള്ള പഠനമാണ് ഈ പ്രബന്ധം. മലയാള സിനിമയിലെ ജനപ്രീതി കൊണ്ടും കലാമേന്മ കൊണ്ടും ഏറ്റവും കൂടുതൽ ശ്രദ്ധിക്കപ്പെട്ട ചിത്രമായ മണിച്ചിത്രത്താഴിനെ മുൻനിർത്തിയുള്ള പഠനമാണിത്. സ്ത്രീ കഥാപാത്രങ്ങളുടെ ചിത്രീകരണത്തിൽ ഏറെ സവിശേഷത നിറഞ്ഞ ചിത്രം കൂടിയായ മണിച്ചിത്രത്താഴിലെ വിവിധ ഭാവങ്ങളിലുള്ള സ്ത്രീ കഥാപാത്രങ്ങളുടെ അവസ്ഥാന്തരങ്ങളെ മുൻനിർത്തിയാണ് പഠനം പുരോഗമിക്കുന്നത്. സ്ത്രീ കഥാപാത്രങ്ങളുടെ മാനസിക വ്യക്തിത്വ പരിവർത്തനം തുറന്ന് കാട്ടുന്നതിലൂടെ സ്ത്രീ മനസ്സിന്റെ ആഴങ്ങളിലേക്ക് ചിത്രം വെളിച്ചം വീശുന്നു. മണിച്ചിത്രത്താഴിലെ നായികയുടെ രൂപഭാവങ്ങളിൽ ഭരതമുനിയുടെ അഷ്ടനായിക സിദ്ധാന്തത്തിൻ്റെ വിനിമയങ്ങൾ എപ്രകാരം നടക്കുന്നു എന്നതാണ് ഈ പ്രബന്ധത്തിൽ അന്വേഷിക്കുന്നത്. ഒരു സ്ത്രീ കഥാപാത്രത്തിന് യഥാർത്ഥ ജീവിതത്തിലോ കലാരംഗത്തോ അനുഭവിക്കാവുന്ന അഷ്ടവിധ അവസ്ഥകളെ ഈ പഠനം വിശദമാക്കുന്നു. ഇവ ചർച്ചചെയ്യുന്നതിലൂടെ ഇന്ത്യൻ സൗന്ദര്യശാസ്ത്രത്തിലെ രസ, ഭാവ ആശയങ്ങളുടെ അവതരണം ലക്ഷ്യമിടാൻ ഈ പഠനം ശ്രമിക്കുന്നു.

സൂചകപദം : ***നാട്യശാസ്ത്രം ,അഷ്ടനായിക, രസ-ഭാവ സിദ്ധാന്തം, സൗന്ദര്യശാസ്ത്രം.***

ഇന്ത്യൻ ക്ലാസ്സിക്കൽ കലകൾ ആസ്വദിക്കാനും അവതരിപ്പിക്കാനും സഹായിക്കുന്ന സൗന്ദര്യശാസ്ത്ര

പാഠപുസ്തകമാണ് *നാട്യശാസ്ത്രം.* കലാചാര്യനുമായ ഭരതമുനി രചിച്ച *നാട്യശാസ്ത്രം*ഇന്ത്യൻകലകളുടെ അവതരണസമ്പ്രദായങ്ങളെ മുപ്പത്തിയാറ് അദ്ധ്യായങ്ങളിലായി ആറായിരം ശ്ലോകങ്ങളിലൂടെ വിവരിക്കുന്നു. അവതരണകലകളുടെ പ്രാധാന്യവും നാടകത്തിന്റെ സവിശേഷതകളും ഇതിൽ സമഗ്രമായി വിവരിക്കുന്നുണ്ട്. കൂടാതെ, ഇന്ത്യൻ സൗന്ദര്യശാസ്ത്രത്തിന്റെ കേന്ദ്രസിദ്ധാന്തങ്ങളും അവതരിപ്പിക്കുന്നു. കല, സാഹിത്യം, വാസ്തുവിദ്യ എന്നീ മേഖലയിൽ ദാർശനികവും ആത്മീയവുമായ വീക്ഷണങ്ങൾ നൽകുന്ന സിദ്ധാന്തമാണ് ഇന്ത്യൻ സൗന്ദര്യശാസ്ത്രം . രസധ്യായ,ഭാവധ്യായ എന്നീ അദ്ധ്യായങ്ങളിലാണ് രസ, ഭാവ സിദ്ധാന്തങ്ങൾ ചർച്ച ചെയ്യപ്പെട്ടിരിക്കുന്നത്. രസസിദ്ധാന്തം കാഴ്ചക്കാരിൽ ഒരു കലയുടെ സൗന്ദര്യാത്മക അനുഭവത്തിലോ, ഫലത്തിലോ ശ്രദ്ധ കേന്ദ്രീകരിക്കുന്നു. ഒരു കലാപ്രകടനത്തിലൂടെ കഥാപാത്രങ്ങൾ അവതരിപ്പിക്കുന്ന വികാരമാണ് ഭാവം അല്ലെങ്കിൽ അഭിനയം. ഭാവം പ്രേക്ഷകർക്കിടയിൽ രസത്തിന്റെ ഫലം സൃഷ്ടിക്കുന്നു .

ഇന്ത്യൻസൗന്ദര്യശാസ്ത്രത്തിലെ രസകരമായ ഒരു ആശയമാണ് 'അഷ്ടനായിക'. റൊമാന്റിക്ക് നായികമാരുടെ മാനസികവും വൈകാരികവുമായ അവസ്ഥകൾക്കനുസരിച്ച് അവരുടെ എട്ട് ഘട്ടങ്ങളോ സാഹചര്യങ്ങളോ എടുത്തുകാണിക്കുന്ന നായികഭേദം എന്ന ആശയമാണ് ഭരതമുനി ഇതിലൂടെ മുന്നോട്ട് വെച്ചത്. ഈ പദം കാമുകനുമായി ബന്ധപ്പെട്ട് ഒരു നായികയുടെ പ്രത്യേക മനസികാവസ്ഥയെ സൂചിപ്പിക്കുന്നു, പ്രത്യേകിച്ച് ഐക്യത്തിന്റെയും വേർപ്പിരിയലിന്റെയും അവസ്ഥയിൽ. അഷ്ടനായികമാരുടെ വർഗീകരണത്തിൽ ഉൾപ്പെടുന്ന നായികമാർ വാസകസജ്ജ, വിരഹോത്കണ്ഠിത, സ്വാധീനഭർത്തൃക, കലഹാന്തരിത, ഗണ്ഡിതനായിക, വിപ്രലബ്ധ, പ്രോഷിതഭർത്തൃക, അഭിസാരിക എന്നിവരാണ് .

*മണിച്ചിത്രത്താഴ്*എന്ന സിനിമയിലെ അഷ്ടനായിക വീക്ഷണത്തിലൂടെ നായികയുടെ എട്ട് അവസ്ഥകൾ പരിശോധിക്കുക എന്നതാണ് ഈ ലേഖനം ലക്ഷ്യമിടുന്നത്. ഫാസിൽ സംവിധാനം ചെയ്ത ചിത്രമായ *മണിച്ചിത്രത്താഴ്*(1993) ശോഭന, സുരേഷ് ഗോപി, മോഹൻലാൽ എന്നിവർ കേന്ദ്രകഥാപാത്രങ്ങളായി അഭിനയിച്ച സൈക്കോളജിക്കൽ ഹൊറർ ചിത്രമാണിത്. ഗംഗയുടെ ജീവിതത്തിൽ ഉണ്ടാവുന്ന വൈകാരികവും മാനസികാവുമായ വിഭ്രാന്തിയും പരിവർത്തനവുമാണ് സിനിമയുടെ പ്രമേയം. ഭരതമുനിയുടെ *നാട്യശാസ്ത്ര*ത്തിൽ പരാമർശിച്ചിരിക്കുന്ന നായികമാരുടെ അഷ്ടവിധ അവസ്ഥകൾ ഈ സിനിമയിലെ സ്ത്രീ കഥാപാത്രങ്ങളെ സൂക്ഷ്മമായി നിരീക്ഷിക്കുന്നതിലൂടെ കാണാൻ സാധിക്കും.

*നാട്യശാസ്ത്ര*ത്തിലെ ഇരുപത്തിനാലാം അദ്ധ്യായം അഷ്ടനായികസിദ്ധാന്തം വ്യക്തമാക്കുന്നു. നായകനെ കാണാൻ കൗതുകത്തോടെ കാത്തിരിക്കുന്ന പ്രണയിനിയായ വാസകസജ്ജയാണ് പട്ടികയിൽ ആദ്യത്തേത്.

ഉചിതേ വാസകേ യാ തു
രതിസംഭോഗലാലസാ
മണ്ഡനം കുരുതേ ഹൃഷ്ടാ
സാ വൈ വശകസജ്ജിതാ
(നാരായണപിഷാരടി, 2024:160)

നായകന്റെ ആഗമനവേളയിൽ ആരാണോ രതിസംഭോഗത്തിൽ അത്യാസക്തിയോടുകൂടി സ്വഗൃഹത്തിൽ അണിഞ്ഞൊരുങ്ങിയിരിക്കുന്നത് ആ നായികയാണ് വാസകസജ്ജ. സിനിമയിൽ 'ഒരു മുറൈ വന്ത് പാർത്തയാ' എന്ന ഗാനത്തിൽ ഗംഗ സ്വയം നാഗവല്ലിയായി രൂപാന്തരപ്പെടുന്നു. തന്റെ സൗന്ദര്യത്തിലും നൃത്തത്തിലും അഭിമാനം കൊള്ളുന്ന നാഗവല്ലി തന്റെ പ്രിയതമനെ ആകർഷിക്കുവാൻ ഉതകുന്ന വസ്ത്രവും ആഭരണങ്ങളും അണിഞ്ഞാണ് അവതരിക്കുന്നത്. ഗാനത്തിന്റെ വരികളും ആലാപനവും നൃത്തപ്രകടനവും രാമനാഥനോടുള്ള നാഗവല്ലിയുടെ അഗാധമായ പ്രണയവും കാമുകന്റെ വരവിനായുള്ള കാത്തിരിപ്പും ജിജ്ഞാസയും പ്രകടമാക്കുന്നു.

വിരഹം അനുഭവിക്കുന്ന വേർപിരിയലിന്റെ വേദന സഹിക്കുന്ന സ്ത്രീയാണ് വിരഹോത്കണ്ഠിത. പലകാര്യങ്ങളിൽ മുഴുകി പ്രിയൻ വരാതിരിക്കുന്നതു നിമിത്തം ദുഃഖിച്ചു കഴിയുന്ന നായിക. തന്റെ പ്രിയതമൻ അകലുന്ന വാർത്ത നായികയിൽ വേദന ഉളവാക്കുകയും അതിൽ സങ്കടപ്പെട്ട് ആസ്വസ്ഥയാവുകയും ചെയ്യുന്ന നായിക എല്ലാ പ്രതീക്ഷകളും കൈവിട്ട് എല്ലാത്തിലും താല്പര്യം നഷ്ടപ്പെട്ട് കാമുകന്റെ ഓർമ്മകളിൽ വിലപിക്കുന്നതായി കാണാം.

അനേകകാര്യവ്യാസംഗാ –
ദ്യസ്യാ നാഗച്ഛതി പ്രിയ
തദനാഗമദുഖാർത്താ
വിരഹോത്കണ്ഠിതാ സ്മൃതാ
(നാരായണപിഷാരടി, 2024:160)

'വരുവാനില്ലാരുമിന്നൊരുനാളും' എന്ന ചിത്രത്തിലെ ആദ്യഗാനം നായികയുടെ സ്വഭാവവും മാനസികാവസ്ഥയും വ്യക്തമാക്കുന്നു. ഈ ഗാനത്തിന്റെ വരികൾ ഒറ്റപ്പെടലും നിശബ്ദതയും അനുഭവിക്കുന്ന ഒരു സ്ത്രീ അഭിമുഖീകരിക്കുന്ന ആന്തരികവികാരങ്ങളും പിരിമുറുക്കങ്ങളും പ്രകടമാക്കുന്നു.

വരുവാനില്ലാരുമിന്നൊരുന്നാളുമീവ
ഴിക്കറിയാം
അതെന്നാലുമെന്നും/ പ്രിയമുള്ളോരാളാ
രോ വരുവാനുണ്ടെന്നു ഞാൻ വെറുതെ
മോഹിക്കുമല്ലോ/ഇന്നും വെറുതെ
മോഹിക്കുമല്ലോ

താൻ ഒറ്റക്കാണെന്ന തിരിച്ചറിവുള്ള നായിക ഒരു കൂട്ടിനായി ആഗ്രഹിക്കുകയും തനിക്ക് പ്രിയപ്പെട്ടവർ എന്നെങ്കിലും വരുമെന്ന പ്രതീക്ഷയിൽ വരാന്തായിലും ഉമ്മറപടിയിലും കാത്തിരിക്കുകയും ചെയ്യുന്നു .

പടിവാതിലോളം ചെന്നകലത്താ വഴിയാകേ

മിഴി പാകി നിൽക്കാറുണ്ടല്ലോ/ മിഴി പാകി നിൽക്കാറുണ്ടല്ലോ.

തന്റെ പ്രിയപ്പെട്ടവനെക്കുറിച്ച് വളരെയധികം അഭിമാനം കൊള്ളുന്ന സ്വാധീനഭർത്തൃക എന്ന നായികയാണ് അടുത്തത് .

സുരതാതിരസൈർബ്ബദ്ധോ
യസ്യാ പാർശ്വേ തു നായക
സാമോദഗുണസംപ്രാപ്താ
ഭവേത് സ്വാധീനഭർത്തൃകാ.
(നാരായണപിഷാരടി, 2024:161)

നായകൻ തന്നിൽ ആകൃഷ്ടനും സംതൃപ്ത്തനും ആയതിൽ പരമാനന്ദം പൂണ്ട നായിക തന്റെ ഭർത്താവിനെ ഒരു സ്വകാര്യ അഹങ്കാരമായാണ് കണക്കാക്കുന്നത്. തന്നെ മനസിലാക്കുന്ന, തന്റെ ആഗ്രഹങ്ങളെല്ലാം നിറവേറ്റിത്തരുന്ന നായകനെക്കുറിച്ച് മറ്റുള്ളവരോട് വളരെ അഭിമാനത്തോടുകൂടി നായിക സംസാരിക്കുന്നു. "എത്ര ജന്മങ്ങൾ നന്ദി പറഞ്ഞാലും തീരാത്തത് എന്റെ നാകുലേട്ടനോടാണ്. ഇത്രയും എന്നെ സ്നേഹിക്കുന്നതിന്", ചിത്രത്തിന്റെ അവസാനം ഗംഗ നകുലനെക്കുറിച്ച് സണ്ണിയോട് പറയുന്ന ഈ വാക്കുകളിലൂടെ തന്റെ ഭർത്താവിൽ സംതൃപ്തയായ നായികയെയാണ് കാണാൻ സാധിക്കുന്നത്. നകുലനും ശ്രീദേവിയും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് സണ്ണി പറയുമ്പോൾപ്പോലും സണ്ണിയുടെ തെറ്റായ ചിന്താഗതിയെ കുറ്റപ്പെടുത്തിക്കൊണ്ടാണ് ഗംഗ സംസാരിക്കുന്നത്. ഈ സന്ദർഭങ്ങളിലെല്ലാം നായികയിലെ സ്വാധീഭർത്തൃകയെ പ്രകടമാവുന്നു.

കലഹത്താൽ വേർപിരിയുകയും കോപത്തിനൊടുവിൽ പശ്ചാതപിക്കുകയും ചെയ്യുന്ന നായികയാണ് കലഹാന്തരിത.

ഈർഷ്യാകലാനിഷ്ക്രാന്തോ
യസ്യാ നാഗച്ഛതി പ്രിയ
അമർഷവശസമ്പ്രാപ്താ
കലാഹാന്തരിതാ ഭവേത്.
(നാരായണപിഷാരടി, 2024:161)

ചിത്രത്തിൽ അല്ലിക്ക് ആഭരണം എടുക്കാൻ പോകണം എന്നതിന്റെ പേരിൽ നകുലനുമായി തർക്കത്തിൽ ഏർപ്പെടുന്ന ഗംഗ, പിന്നീട് താൻ പറഞ്ഞുപോയത്തിൽ പശ്ചാത്തപിക്കുകയും നകുലനോട് തന്നെ വെറുക്കരുതെന്ന് അപേക്ഷിക്കുകയും ചെയ്യുന്നു. മറ്റൊരവസരത്തിൽ, തന്നിൽ ചെയ്യാത്ത കുറ്റങ്ങൾ ചുമത്തിയ സണ്ണിയോട് ശ്രീദേവി കലഹിക്കുകയും പിന്നീട് വാസ്തവം മനസ്സി ലാക്കി അതിൽ കുറ്റബോധം ഉളവാവുകയും പശ്ചാത്തപിക്കുകയും ചെയ്യുന്നു.

അഷ്ടനായിക ക്രമത്തിൽ അടുത്തത് ഗണ്ഡിതനായികയാണ്. തകർന്ന കോപാകുലയായ നായിക എന്നർത്ഥം. പറഞ്ഞവാക്ക് പാലിക്കാതെ തന്നെ വിലക്കുകയും എതിർക്കുകയും ചെയ്യുന്ന നായകന്റെ ചതി മനസിലാക്കുന്ന നായിക അത് ചോദ്യം ചെയ്യുകയും ദേഷ്യപ്പെടുകയും ചെയുന്നു.

വ്യാസംഗാദുചിതേ യസ്യാ
വാസകേ നാഗതം പ്രിയ

തദനാഗമദുഃഖർത്താ
ഖണ്ഡിതാ സാ പ്രകീർത്തിതാ.
(നാരായണപിഷാരടി, 2024:161)

ചിത്രത്തിൽ ഏറെ ശ്രദ്ധ ആകർഷിച്ച രംഗമാണ് നകുലംനും ഗംഗയും അല്ലിക്കു ആഭരണം വാങ്ങാൻ പോകുന്നതിനെ ചൊല്ലിയുണ്ടാവുന്ന വാക്കുതർക്കം. മുൻകൂട്ടി പറഞ്ഞ് സമ്മതം വാങ്ങിയ കാര്യത്തിൽ നകുലന് ഉണ്ടായ മനംമാറ്റത്തെ ഗംഗ വളരെ ഗൗരവത്തോടുകൂടി ചോദ്യം ചെയ്യുന്നു. ആ തീവ്രതയിൽ ഗംഗ സ്വയം നാഗവല്ലിയായി മാറുന്നതും കാണാം.

നിരാശയായ കാമുകിയെയാണ് ഭരതമുനി വിപ്രലബ്ധ എന്ന അവസ്ഥയിലൂടെ അവതരിപ്പിക്കുന്നത്. നായകനിൽ നിന്ന് അവഗണന അനുഭവിക്കുകയും അപകർഷതാബോധം സൃഷ്ടിക്കപ്പെടുകയും അതിൽ നിരാശയാവുകയും ചെയ്യുന്ന നായിക. എന്നാൽ ഒരിക്കലും അവൾ ആരെയും കുറ്റപ്പെടുത്താനോ കലഹിക്കുവാനോ തയ്യാറാവുന്നില്ല.

യസ്യാ ദൂതീം പ്രിയ പ്രേഷ്യ
ദത്വാ സങ്കേതമേവ വാ
നാഗത കാരണേനേഹ
വിപ്രലബ്ധ തു സാ ഭവേത്.
(നാരായണപിഷാരടി, 2024:161)

ജാതകത്തിൽ ചൊവ്വാദോഷം ഉണ്ട് എന്നതിന്റെ പേരിൽ ഭർത്താവ് ഉപേക്ഷിച്ചു പോയിട്ടും ആരോടും ദേഷ്യവും സങ്കടവും പ്രകടിപ്പിക്കാതെ ഒതുങ്ങി ജീവിക്കുന്ന ശ്രീദേവി എന്ന കഥാപാത്രത്തിലൂടെ വിപ്രലബ്ധ അവസ്ഥയിലുള്ള നായികയെ വ്യക്തമായി കാണാം.

നായകനെ ജീവന് തുല്യം സ്നേഹിക്കുകയും ആവന്റെ അകൽച്ചയിൽ വേദനിക്കുകയും ചെയ്യുന്ന വിശ്വസ്ഥയായ നായികയാണ് പ്രോഷിതഭർത്തൃക

നാനാകാര്യാണി സന്ധായ
യസ്യാ വൈ പ്രോഷിത പ്രിയ
സാ രൂഢാളകേശാന്താ
ഭവേത്
പ്രോഷിതഭർത്തൃകാ.(നാരായണപിഷാരടി, 2024:161)

പല കാര്യങ്ങളും ഉദ്ദേശിച്ച് പ്രിയൻ ദേശാന്തരം പോവുന്നതാണെന്ന് അറിഞ്ഞിട്ടും നായകനെ അക്ഷമയോടെ കാത്തിരിക്കുകയും പിരിയുന്നതിൽ വിഷമം പ്രകടിപ്പിക്കുകയും ചെയുന്നു. ചിത്രത്തിന്റെ അവസാനം സണ്ണി, ഗംഗ, നകുലൻ എന്നിവർ കൊൽക്കത്തയിലേക്ക് തിരിച്ചു പോകാൻ ഇറങ്ങുമ്പോൾ സണ്ണിയെ ഒരു നോക്കു കാണുവാൻ വരാന്തയിലേക്ക് ഓടി എത്തുന്ന ശ്രീദേവിയിൽ പ്രോഷിതഭർത്തൃക നായികയെ പ്രകടമാവുന്നു.

മറ്റുള്ള നായിക അവസ്ഥകളിൽനിന്ന് വ്യത്യസ്തമാർന്ന നായികയാണ് അഭിസാരിക. നായകനെ കാണുവാനുള്ള ആഗ്രഹത്തിൽ ഏതു തടസവും മറികടക്കാൻ സന്നദ്ധയായ ധീര നായിക.

ഹിത്വാ ലജ്ജാഎം തു യാ ശ്ലിഷ്ടാ
മദേന മദനേന ച
അഭിസാരയതേ കാന്തം
സാ ഭവേദഭിസാരികാ. (നാരായണ പിഷാരടി, 2024:161)

സഖിയുടെയൊമറ്റാരുടെയൊ തീരുമാനങ്ങൾക്ക് വിധേയയാവാതെ സ്വന്തം നിലപാടിൽ ഉറച്ചു നിൽക്കുന്ന നായിക. സ്ത്രീക്ക് കല്പിച്ചു നൽകിയിരിക്കുന്ന എല്ലാ മാനദണ്ഡങ്ങളും വിശ്വാസങ്ങളും ലംഘിച്ച് കുടുംബത്തിന്റെ ആഗ്രഹങ്ങൾക്ക് വിരുദ്ധമായി കാമുകനെ സമീപിക്കാൻ നായിക പ്രവർത്തിക്കുകയും ശ്രമങ്ങൾ നടത്തുകയും ചെയ്യുന്നു. ഗംഗക്കുള്ളിലെ നാഗവല്ലി തന്റെ കാമുകനായ രാമനാഥനെ കാണാൻ രാത്രി ഇറങ്ങി പുറപ്പെടുന്നു. സമൂഹമോ വരാനിരിക്കുന്ന അപകടങ്ങളോ അഭിസാരിക നായികയെ ബാധിക്കുന്നില്ല. നായകനെ കണ്ടുമുട്ടാനുള്ള പ്രതീക്ഷയിലും പരിശ്രമത്തിലും വളരെ ശ്രദ്ധയോടുകൂടി സ്വയം അലങ്കരിച്ചു രാത്രി നൃത്തം ചെയ്യുന്ന നാഗവല്ലി അഭിസാരിക നായികയ്ക്ക് ഉദാഹരണമാണ്.

ഭരതമുനിയുടെ അഷ്ടനായിക സങ്കൽപ്പം മണിച്ചിത്രത്താഴിലെ നായികഭാവങ്ങളിൽ പ്രയോഗിക്കുമ്പോൾ സ്ത്രീ മനസ്സിന്റെ വിഭിന്ന തലങ്ങളിലേക്കുള്ള കാഴ്ചകളാണ് വെളിവാകുന്നത്. സ്ത്രീ കഥാപാത്രങ്ങൾ വൈവിധ്യമാർന്ന സമീപനങ്ങളിൽ കടന്നുവരുന്ന ഒരു ചിത്രം എന്ന നിലയ്ക്ക് ഇത്തരം അന്വേഷണങ്ങൾ പ്രസക്തമാണെന്ന് കരുതുന്നു. ഗംഗയും നാഗവല്ലിയും ശ്രീദേവിയും എല്ലാം പകർന്ന നായികാസ്ഥാനങ്ങൾ സൈദ്ധാന്തികമായി തന്നെ വിശദീകരിക്കാനുള്ള ശ്രമങ്ങളുടെ തുടക്കം മാത്രമാണ് ഈ പ്രബന്ധം. ഭരതമുനി അവതരിപ്പിച്ച നായികാസങ്കല്പങ്ങളുടെ അതിസൂക്ഷ്മമായ വിശകലനത്തിനോ വിമർശനത്തിനോ ഈ പഠനം ശ്രമിക്കുന്നില്ല. മറിച്ച്, ഇത്തരത്തിലുള്ള ചില അന്വേഷണങ്ങളിലേക്കുള്ള വഴിതെളിക്കുക മാത്രമാണ് ചെയ്തിട്ടുള്ളത്. അതുപോലെ സ്ത്രീ കേന്ദ്രീകൃതമായ ഒരു അന്വേഷണത്തിന്റെ സാധ്യതകൾ പരിശോധിക്കുക എന്ന ലക്ഷ്യം പ്രാപിക്കാനുള്ള ശ്രമം കൂടി ഈ പഠനം നടത്തിയിട്ടുണ്ട്. പ്രകടന കലകളുടെയും സാംസ്കാരികവായനയുടെയും അടിസ്ഥാന ഘടകമായി നിലകൊള്ളുന്ന നാട്യശാസ്ത്രത്തിൽ അടങ്ങിയിരിക്കുന്ന ഭാരതീയജ്ഞാനപദ്ധതിയിലെ മൂല്യങ്ങളും സൈദ്ധാന്തിക ആശയങ്ങളും ഉപയോഗിച്ചുകൊണ്ടുള്ള ഇത്തരം പഠനങ്ങൾ സിനിമ എന്ന കലാരൂപത്തിനെ പുതിയരീതിയിൽ വായിക്കാൻ സഹായിക്കുന്നു.

ഗ്രന്ഥസൂചി

നാരായണപിഷാരടി. കെ .പി,പരിഭാഷ. *നാട്യശാസ്ത്രം ഭാഗം 2*. ഭരതമുനി, തൃശ്ശൂർ കേരള സാഹിത്യ അക്കാദമി, 2024.

സംസ്കാരവിനിമയത്തിൽ വ്യക്തിയുടെ പങ്ക്-സന്തോഷ് ഏച്ചിക്കാനത്തിൻറെ മിസാറു വിനെ ആസ്പദമാക്കിയുള്ള പഠനം

ഡോ.ദീപ.സി.കെ.
അസി.പ്രൊഫസർ,മലയാളവിഭാഗം
എസ്. എച്ച്. കോളേജ്, തേവര

ലോകം എത്രയേറെ സംസ്കാര സമ്പന്നമാണെന്നിരിക്കലും വ്യക്തികൾക്കനുസരിച്ച് അവരുടെ സംസ്കാരവും വ്യത്യാസപ്പെടുന്നു. ഓരോ വ്യക്തിയും താൻ ജീവിക്കുന്ന ചുറ്റുപാടുകൾക്കനുരൂപമായ വിധത്തിലായിരിക്കും അയാളുടെ ചിന്താധാരകളെ രൂപപ്പെടുത്തിയെടുക്കുക. ഈ ചുറ്റുപാടുകളിൽത്തന്നെ ഒരുപാട് വ്യത്യാസങ്ങളുണ്ട്. വ്യക്തികളുടെ മുൻകാലജീവിതവും പരിതോവസ്ഥകളും വ്യക്തിത്വരൂപീകരണത്തിൽ വലിയ പങ്കുവഹിക്കുന്നുണ്ട്. അതും വ്യക്തികൾക്കനുസരിച്ച് വ്യത്യാസപ്പെടാം. ഒരേ കുടുംബാന്തരീക്ഷത്തിൽ ജീവിക്കുന്ന രണ്ട് വ്യക്തികൾ പോലും തികച്ചും വ്യത്യസ്തമായ വ്യക്തിത്വം വെച്ചുപുലർത്തുന്നത് സാധാരണമാണ്. മനുഷ്യൻറെആവശ്യങ്ങളാണ് അവൻറെ സംസ്കാരം നിർണയിക്കുന്നത് എന്ന് ടാഗോർ പറയുന്നുണ്ട്. സ്വന്തം ആവശ്യങ്ങൾ നിറവേറ്റാനുള്ള പരിശ്രമവും ഇച്ഛാശക്തിയും അതിനു പിന്നിലെ സ്വാർത്ഥതാല്പര്യങ്ങളുമെല്ലാം ചേർന്നതാണ് യഥാർത്ഥ മനുഷ്യൻ.

കൊമാല, ബിരിയാണി, പന്തിഭോജനം, ഉഭയജീവിതം തുടങ്ങി ഏറെ ചർച്ച ചെയ്യപ്പെട്ട കഥകളിലൂടെ നിലവിലിരിക്കുന്ന സാമൂഹികസാഹചര്യങ്ങളെ പ്രതിക്കൂട്ടിൽ നിർത്തി ചോദ്യം ചെയ്ത എഴുത്തുകാരനാണ് സന്തോഷ് ഏച്ചിക്കാനം. ദാരിദ്ര്യം, പട്ടിണി, അരക്ഷിതത്വം, ജാതീയത തുടങ്ങി കാലികപ്രസക്തമായ ഒട്ടേറെ വിഷയങ്ങൾ അർഹിക്കുന്ന ഗൗരവത്തോടെ അദ്ദേഹം കൈകാര്യം ചെയ്തിട്ടുണ്ട്. അദ്ദേഹത്തിൻറെ , നമ്മുടെ നീതിന്യായവ്യവസ്ഥയ്ക്കു നേരെ വിരൽ ചൂണ്ടുന്ന ശ്രദ്ധേയമായ ഒരു ചെറുകഥയാണ് മിസാറു.

അഭിജിത്ത് എന്ന ഏഴാം ക്ലാസുകാരനാണ് മിസാറുവിലെ നായകൻ. വീട്ടുജോലിക്കാരിയായ അമ്മയോടൊത്ത്, ചോർന്നൊലിക്കുന്ന ചെറ്റപ്പുരയിൽ താമസിക്കുന്ന അവൻ, സ്പൈഡർമാനെന്ന കാർട്ടൂൺ കഥാപാത്രത്തിൻറെ ആരാധകനാണ്. അമ്മ ജോലിചെയ്യുന്ന വീട്ടിലെ കുട്ടികളുടെ പഴകിയ വസ്ത്രങ്ങളും അവരുടെ ഔദാര്യം കൊണ്ട് ലഭിക്കുന്ന മറ്റു വസ്തുക്കളും കൊണ്ട് തൃപ്തിപ്പെട്ടിരുന്ന അവൻ വായനയും സിനിമയും ഒരുപോലെ ഇഷ്ടപ്പെടുന്ന

വ്യക്തിയാണെന്ന് കഥയിൽ പറയുന്നുണ്ട്. തന്നോട് മറ്റുള്ളവർ കാണിക്കുന്ന ഔദാര്യത്തെ വളരെ പോസിറ്റീവായിട്ടാണവൻ കാണുന്നത്.

അങ്ങനെയിരിക്കെ ഒരു ദിവസം അപ്രതീക്ഷിതമായി അമ്മ അവന് വിലപിടിപ്പുള്ള സ്പൈഡർമാൻറെ ചിത്രമുള്ള ഒരുടുപ്പ് സമ്മാനിക്കുന്നു. മാത്രമല്ല പെട്ടെന്ന് കുളിച്ചൊരുങ്ങി തന്നോടൊപ്പം വരാനും അവർ ആവശ്യപ്പെടുന്നു. അവർ യാത്ര ചെയ്യുന്നത് ഹരി എന്ന മനുഷ്യൻറെ ഇന്നോവ കാറിലാണ്. കാറിനുള്ളിലെ തുളസിമാല ചാർത്തിയ ശ്രീരാമൻറെ ഓട്ടുപ്രതിമ കഥാകൃത്ത് പ്രത്യേകം എടുത്തു പറയുന്നുണ്ട്. പ്രതികളുടെ രാഷ്ട്രീയം വ്യക്തമാക്കുന്ന മറ്റു സൂചകങ്ങളൊന്നും തന്നെ കഥയിലില്ല. വലിയൊരു ഹോട്ടലിൽ നിന്ന് അഭിജിത്തിന് മതിയാവോളം ഭക്ഷണം വാങ്ങിക്കൊടുത്തതിനുശേഷം അവർ നേരെ പോകുന്നത് ജില്ലാ കോടതിയിലേക്കാണ്.

ഇവിടെ വെച്ചാണ് കഥയുടെ അടുത്ത ഘട്ടമാരംഭിക്കുന്നത്. ഒരു കൊലക്കേസിൽ ദൃക്സാക്ഷിയായ അഭിജിത്ത് രണ്ടു വർഷം മുൻപ് പോലീസിനു കൊടുത്ത മൊഴി മാറ്റിപ്പറയണം. അതിനു വേണ്ടിയാണ് അവനു വേണ്ടി ഇത്രയ്ക്ക് രാജകീയമായ പരിചരണം അവരേർപ്പെടുത്തിയിരിക്കുന്നത്. തന്നോട് വളരെ കാരുണ്യത്തോടെ പെരുമാറിയിട്ടുള്ള ഹബീബ് എന്ന കച്ചവടക്കാരനെ രണ്ട് അക്രമികൾ ചേർന്ന് അവൻറെ കൺമുന്നിലാണ് വെട്ടിക്കൊലപ്പെടുത്തിയതും അയാളുടെ കട പെട്രോളൊഴിച്ച് തീ കൊളുത്തിയതും. രഞ്ജിത്ത്, വിനോദ് എന്നീ കൊലപാതകികളേയും അക്രമത്തിനുപയോഗിച്ച വണ്ടിയും അഭിജിത്ത് പ്രത്യേകം തിരിച്ചറിയുന്നുണ്ട്. അത്തരം കാര്യങ്ങളാണ് കൃത്യം നടത്തിയവരുടെ താൽപര്യത്തിനനുസരിച്ച് മാറ്റിപ്പറയേണ്ടത്. ഹരിയുടെയും താജുദ്ദീൻ വക്കീലിൻറെ യും പ്രലോഭനങ്ങൾക്ക് മുന്നിൽ ഒരു നിമിഷം അവൻ പതറിപ്പോകുന്നുണ്ട്. താമസിക്കാൻ നല്ലൊരു വീട്, 10 ലക്ഷം രൂപ, വിദ്യാഭ്യാസം ഇതൊക്കെ അവനെപ്പോലൊരു നിർധനവിദ്യാർത്ഥിക്കു മുന്നിൽ വലിയ പ്രലോഭനങ്ങളാണ്. ആ പ്രലോഭനത്തിലാണ് അതുവരെ സത്യസന്ധ്യയായിരുന്ന അവൻറെ അമ്മ പോലും കാലിടറി വീണത്. തങ്ങൾ ഇരകളാണെന്ന ബോധം അമ്മയുടെയും അഭിജിത്തിൻറെ യും ഉള്ളിൽ ശക്തമാണ്. ഇരകളുടെ സാധ്യത സ്വന്തം ജീവിതസാഹചര്യങ്ങളുമായി തട്ടിച്ചു നോക്കിയപ്പോൾ അമ്മ തെരഞ്ഞെടുത്തത് എന്നെന്നേക്കുമായി അതിൽ നിന്നും കരകയറാനും സ്വന്തം സുരക്ഷിതത്വമുറപ്പാക്കാനുമുള്ള ഒരേയൊരു വഴിയാണ്. പ്രലോഭനങ്ങൾക്ക് മുന്നിൽ പതറിപ്പോകാത്തവരില്ല എന്നാണ് അവരുടെ അപ്പോഴത്തെ അവസ്ഥ വ്യക്തമാക്കുന്നത്. എന്നാൽ അഭിജിത്തിൻറെ മനസ്സിൽ മായാതെ നിന്നത് മറ്റുള്ളവർ തന്നോട് ചെയ്യുന്ന നന്മയും, നന്മയും തിന്മയും തമ്മിലുള്ള

പോരാട്ടത്തിൽ എന്ത് വിലകൊടുത്തും നന്മ ജയിക്കണമെന്ന സ്പൈഡർമാൻറെ നീതിബോധവും, ജാപ്പനീസ് കുരങ്ങന്മാരുടെ കഥയിലെ മിസാറുവാണ് താനെന്ന ബോധവും, ഉള്ളിൽത്തട്ടും വിധം ഹബീബ്ക്ക പറഞ്ഞുകൊടുത്ത ഖുറാൻ വചനങ്ങളുമാണ്. അതുകൊണ്ട് സ്പൈഡർമാനെപ്പോലെ, മിസാറുവിനെപ്പോലെ നന്മയുടെ പക്ഷത്ത് മാത്രം നിൽക്കാൻ അവൻ തീരുമാനിക്കുന്നു.

പിന്നീട്, കോടതിയിലെ തുറന്നുപറച്ചിലിനു ശേഷം, വാഗ്ദാനം ചെയ്യപ്പെട്ട പ്രലോഭനങ്ങളെല്ലാം നഷ്ടമായതിൻറെ നീരസം പങ്കുവെച്ച അമ്മയോട്, തങ്ങളൊക്കെ ഇരകളാണെന്നും തന്നോട് കാരുണ്യം കാട്ടിയ ഒരു മനുഷ്യന് നീതി കിട്ടാതെ തനിക്കൊരിക്കലും സ്വസ്ഥത കിട്ടില്ലെന്നും ഒരനുഭവകഥയിലൂടെ അഭിജിത്ത് വ്യക്തമാക്കുന്നു. തൻറെ ജീവിതസാഹചര്യം വെച്ച് തന്നെ ചൂഷണം ചെയ്യാൻ തുനിഞ്ഞവരെ കൃത്യമായി മനസ്സിലാക്കുകയും അവരുടെ കളിപ്പാവയാകാൻ നിന്നു കൊടുക്കാതിരിക്കുകയും ചെയ്തു എന്നത് ഒരു കുട്ടിയുടെ അസാമാന്യമായ മനസ്സാന്നിധ്യമാണ് കാണിക്കുന്നത്. സ്ഥിരമായി കാർട്ടൂണുകൾ കാണുന്ന, നന്നായി പുസ്തകം വായിക്കുന്ന, അസാധാരണമായ ലോകവീക്ഷണമുള്ള അഭിജിത്തിൻറെ മനസ്സിൽ നന്മയെയും തിന്മയെയും കുറിച്ച് കൃത്യമായ അടയാളപ്പെടുത്തലുകളുണ്ട്. കുട്ടികളെ മാത്രമല്ല മുതിർന്നവരെയും ധാർമികബോധമുള്ള മികച്ച മനുഷ്യരാക്കി മാറ്റിയെടുക്കാൻ കെൽപ്പുള്ള പുസ്തകങ്ങളുടെയും ആനിമേഷൻറെ യും സംഗീതത്തിൻറെയും പുതുസാധ്യതകളാണ് കഥാകൃത്ത് ഇവിടെ ആരായുന്നത്.

നമ്മുടെ നാട്ടിൽ വർദ്ധിച്ചുവരുന്ന വർഗീയ ശക്തികളെ ചെറുക്കാൻ കുട്ടികളിലൂടെ മാത്രമേ സാധ്യമാവൂ എന്ന് ഈ കഥ അടിവരയിടുന്നു. മതബോധനങ്ങളെക്കാളേറെ ജനനന്മയ്ക്കുതകുന്നത് ഇത്തരം പാഠങ്ങൾ ചെറുപ്രായത്തിൽത്തന്നെ ഫലപ്രദമായി കുട്ടികളിലേക്കെത്തിക്കുക എന്നതാണ് എന്നത് വലിയൊരു സന്ദേശമാണ്. സ്വന്തം പ്രവൃത്തിയുടെ കാരുണ്യം കൊണ്ടു മാത്രമാണ് ഹബീബെന്ന മനുഷ്യന് മരണശേഷം നീതി ലഭിക്കുന്നത്. പിഞ്ചുകുട്ടികളെ ആകർഷിക്കുന്ന പഴങ്കഥകളിലൂടെ, ആനിമേഷനുകളിലൂടെ, സാഹിത്യത്തിലൂടെ, സംഗീതത്തിലൂടെ ഒക്കെ ഇത്തരത്തിലുള്ള ബോധ്യങ്ങൾ പുതുരീതിയിൽ ഫലപ്രദമായി അവരിലേക്കെത്തിക്കുകയെന്നത് .കാലത്തിൻറെ ആവശ്യമാണ്. ഭിന്നിപ്പിച്ചു ഭരിക്കുക എന്ന നയത്തിന് വീണ്ടും നമ്മൾ ഇരയാവുകയും തൽപരകക്ഷികൾ ചില്ലറ നാണയങ്ങൾ വാഗ്ദാനം ചെയ്ത് അതിൽ നിന്ന് മുതലെടുപ്പ് നടത്തുകയും ചെയ്യുന്ന ഭീതിതമായ ഒരു കാലത്തിലൂടെയാണ് നാം സഞ്ചരിച്ചുകൊണ്ടിരിക്കുന്നത് എന്ന

ഓർമ്മപ്പെടുത്തൽ ഒരു നടുക്കമായി കഥയിലെമ്പാടുമുണ്ട്.

എല്ലാവരും ബഹുമാനിക്കുന്ന ഒരു ക്രിമിനൽ വക്കീൽ ഒരു കൊച്ചുകുട്ടിയെ കള്ളം പറയാൻ പ്രേരിപ്പിക്കുന്നു. ഇത് വായനക്കാരെ അത്ഭുതപ്പെടുത്തുന്നില്ല. കാരണം, സമൂഹത്തിൻറെ ഈ രീതി സാധാരണ ജനത്തിന് പരിചിതമായിക്കഴിഞ്ഞു.നമ്മുടെ സമൂഹം ഇങ്ങനെയാണെന്നും ഇതിനെതിരെ പ്രതികരിക്കാൻ സംഘടനകളോ രാഷ്ട്രീയപ്പാർട്ടികളോ രംഗത്ത് വരില്ലെന്നും നമുക്ക് നിരവധി അനുഭവങ്ങളുണ്ട്. മറ്റു പലയിടങ്ങളിലും ശബ്ദമുയർത്തുന്നവർ പോലും ഇത്തരം സന്ദർഭങ്ങളിൽ നിശ്ശബ്ദരാവുന്നത് പതിവു കാഴ്ചയാണ്. 'ക്രിമിനൽ വക്കീൽ' എന്ന വാക്കിനോടുള്ള പരിഹാസവും കഥയിലുടനീളം നിഴലിക്കുന്നുണ്ട്. ക്രൈം ഇല്ലാതാക്കുന്നതിനു പകരം കുറ്റകൃത്യങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിലൂടെയുള്ള വ്യക്തിതാൽപര്യങ്ങളുടെ സംരക്ഷണമെന്നത് സമൂഹത്തിൻറെ ഓരോ മേഖലയിലും വർദ്ധിച്ചുവരുന്ന ചൂഷണമനോഭാവം വെളിപ്പെടുത്തുന്നുണ്ട്.

കൊല്ലപ്പെട്ടവന് നീതി ലഭിക്കാൻ വേണ്ടി ഒരാൾ പോലും ആ കുട്ടിയെ സമീപിക്കുകയോ പ്രലോഭനങ്ങൾ നിരത്തുകയോ ചെയ്യുന്നതായി കഥയിൽ കാണുന്നില്ല. ഇവിടെ അദൃശ്യമായ ഒരു ഭീഷണിയുടെ തലം കൂടി ഉയർന്നുവരുന്നുണ്ട്. അഭിജിത്ത് പ്രലോഭനങ്ങളുടെ തടവിലാണെങ്കിൽ ഹബീബിൻറെ കുടുംബം ഭീഷണിയുടെ തടവിലാണെന്ന് വരികൾക്കിടയിൽ സൂചനയുണ്ട്. ഇത്തരം നീതിന്യായ വ്യവസ്ഥയാണ് കാലങ്ങളായി ഇവിടെ തുടർന്നു വരുന്നത്.

സത്യം പറഞ്ഞതിൻറെ പേരിൽ ഒരാൾ പോലും അവനെ അഭിനന്ദിക്കുകയോ ചേർത്തു നിർത്തുകയോ ചെയ്യുന്നില്ലെന്നത് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. കള്ളം പറഞ്ഞാൽ 10 ലക്ഷം രൂപയും സ്വന്തമായൊരു വീടും വിദ്യാഭ്യാസച്ചെലവും സൗജന്യം. ആരോരുമില്ലാത്ത ഒരമ്മയുടെയും കുഞ്ഞിൻറെ യും ദാരിദ്ര്യവും കഷ്ടപ്പാടും തൊഴിലില്ലായ്മയും മുതലെടുത്തുകൊണ്ട് എന്ത് ക്രൂരതയും ഇവിടെ നടത്താം. അതിന് നമ്മുടെ നിയമ സംഹിതകൾ പോലും കൂട്ടുനിൽക്കുമെന്നൊക്കെയുള്ളതിന് വലിയ ഉദാഹരണമാണിത്. സത്യവും നുണയും രണ്ട് തട്ടുകളിൽ വച്ച് തൂക്കി നോക്കുമ്പോൾ കഥാനായകനായ കുട്ടിയുടെ ഭാവി അതിൽ തെളിഞ്ഞുവരുന്നുണ്ട്.

നുണ = 10 ലക്ഷം+ വീട് +വിദ്യാഭ്യാസംസത്യം = ചോർന്നൊലിക്കുന്ന വീട് + ജീവിതം മുഴുവനുമുള്ള അരക്ഷിതാവസ്ഥഇവിടെയാണ് സമൂഹത്തോടൊപ്പം വികസിച്ചുവരുന്ന ഒരു വ്യവസ്ഥയാണ് സംസ്കാരം എന്ന പി.പി. രാമചന്ദ്രൻറെ വാക്കുകൾ അന്വർഥമാകുന്നത്.

തനിക്ക് ഇങ്ങനെയൊരു മൂല്യബോധം എങ്ങനെയുണ്ടായി എന്ന് അഭിജിത്ത്

കൃത്യമായി ഓർമിച്ചെടുക്കുന്നുണ്ട്. ഒരിക്കൽ താൻ നടത്തിയ മോഷണം കൈയോടെ പിടിച്ച ഹബീബ്ക്ക ആ തെറ്റുകൾ ഹൃദയപൂർവം ക്ഷമിക്കുകയും ആവർത്തിക്കരുതെന്ന് ഉപദേശിക്കുകയും ചെയ്തത് അവൻറെ ഉള്ളിൽ തട്ടിയിരുന്നു. പാവങ്ങളിലെ ഡിയിലെ മെത്രാനെ അനുസ്മരിപ്പിക്കും വിധത്തിലാണ് ഹബീബ്ക്ക അവനോട് പെരുമാറിയത്. അതുകൊണ്ടുതന്നെ അദ്ദേഹത്തിൻറെ ഉള്ളിലെ നന്മയും തൻറെ ദാരിദ്ര്യത്തിന് വില പറയാൻ വന്നവരുടെ രാഷ്ട്രീയവും തമ്മിൽ താരതമ്യപ്പെടുത്തിയപ്പോൾ പ്രലോഭനങ്ങളേക്കാളുപരി അവൻറെ മൂല്യബോധം ഉണർന്ന് പ്രവർത്തിച്ചു എന്ന് വേണം കരുതാൻ. അതുകൊണ്ടു തന്നെ, കരുത്തരായ എതിരാളികൾക്ക് മേൽ ഇങ്ങനെയൊരു മൂല്യബോധത്തിൻറെ വിജയം കഥാകൃത്ത് സമൂഹത്തിന് കൊടുക്കുന്ന സന്ദേശമാണ്.

ഇത്തരത്തിലുള്ള മൂല്യബോധത്തിൻറെ അഭാവമുള്ള നിരവധി മനുഷ്യരെ കഥയിൽ അടയാളപ്പെടുത്തുന്നുണ്ട്. അമ്മ, ഹരി, താജുദ്ദീൻ, രഞ്ജിത്ത്, വിനോദ് തുടങ്ങിയവരൊക്കെ അക്കൂട്ടത്തിൽപ്പെടുന്നവരാണ്. ഒരർത്ഥത്തിൽ ഇവരെല്ലാം സ്വന്തം വ്യക്തിത്വം പോലും പ്രലോഭനങ്ങൾക്കു മുമ്പിൽ അടിയറ വെച്ചവരാണ്. നമ്മുടെ സമൂഹത്തിൽ അധികാരത്തിൻറെ തലപ്പത്തിരിക്കുന്നവരിലും കുത്തകമുതലാളിമാരിലും സാധാരണ ജനങ്ങളിലുമെല്ലാം ഇവരുടെ പ്രതിനിധികളെ കാണാം. സമൂഹത്തിൻറെ പല മേഖലകളിലും ഒരു നിയന്ത്രണവുമില്ലാതെ നടക്കുന്ന അഴിമതികളൊക്കെയും ഇത്തരം പ്രലോഭനങ്ങളുടെയും മൂല്യ ബോധമില്ലായ്മയുടെയും അനന്തരഫലങ്ങളാണ്.

അതുകൊണ്ടുതന്നെ ഈ കഥ ഏറ്റവും പ്രധാനമായടയാളപ്പെടുത്തുന്നത് പ്രലോഭനത്തിൻറെ ശക്തിയാണ്. ഉള്ളവൻ വീണ്ടും വീണ്ടുമടിപ്പെടുന്ന അത്, ഇല്ലാത്തവനെ നീരാളി പോലെ വരിഞ്ഞുമുറുക്കാൻ ശ്രമിക്കുന്നത് കഥ ശക്തമായടയാളപ്പെടുത്തുന്നുണ്ട്.

കാർട്ടൂണുകളുടെയും നാടോടിക്കഥകളുടെയും മതബോധനത്തിൻറെ യുമെല്ലാം സമ്മിശ്രചിത്രം മിറാസു എന്ന കഥ അവതരിപ്പിക്കുന്നുണ്ട്. ഖുറാൻ വചനങ്ങളും ജാപ്പനീസ് ഐതിഹ്യവും കാർട്ടൂൺ കഥാപാത്രങ്ങളുമൊക്കെച്ചേർന്ന വിശാലഭൂമികയാണ് കഥാകൃത്ത് ഇതിനുവേണ്ടി തെരഞ്ഞെടുത്തത്. കുഞ്ഞുങ്ങളുടെ മൂല്യബോധത്തെ രൂപപ്പെടുത്തുന്നതിൽ ഇവയ്ക്ക് കാര്യമായ പങ്കുണ്ട്.

ഈ കഥ ഒരു സന്ദേശമാണ്. സംസ്കാരമാണ് ആഘാതങ്ങളെ ചെറുത്തുനിർത്തുന്നത് എന്ന് സ്വാമി വിവേകാനന്ദൻ പറയുന്നുണ്ട്. ചെറുപ്പം മുതൽ മനുഷ്യനാർജ്ജിച്ചെടുക്കുന്ന സംസ്കാരമാണ് പ്രതിസന്ധിഘട്ടത്തിൽ അവൻറെ പ്രതികരണങ്ങളെ നിർണയിക്കുന്നത്. അതുകൊണ്ടുതന്നെ ഏറെ സങ്കീർണതകൾ നിറഞ്ഞതാണത്.

ഒരു വ്യക്തിക്ക് മറ്റൊരു വ്യക്തിയെപ്പോലെ ചിന്തിക്കാനും പ്രവർത്തിക്കാനും കഴിയില്ല എന്നതുകൊണ്ട് വിശാലമായിത്തന്നെ പഠിക്കപ്പെടേണ്ട ഒരു മേഖലയാണ് വൈയക്തിക സംസ്കാരത്തിന്റേത്. മനുഷ്യമനസ്സിൽ രൂപപ്പെടുന്ന നിയമങ്ങൾ, അതിൻറെ പ്രായോഗികത, വ്യക്തിതാൽപര്യങ്ങൾ, ഇച്ഛാശക്തി, ആത്മവിശ്വാസം, നിരാശ തുടങ്ങിയ നിരവധി ഘടകങ്ങളാണ് വൈയക്തിക സംസ്കാരത്തെ നിർണയിക്കുന്നത് എന്ന് ഈ കഥ ഉറപ്പുവരുത്തുന്നുണ്ട്.

സഹായക ഗ്രന്ഥങ്ങൾ

പ്രകാശ്.പി, നമ്മെ നിത്യം പ്രചോദിപ്പിക്കുന്ന മഹത്തായ ചിന്തകൾ, രവീന്ദ്രനാഥ ടാഗോർ, പു.378, ഡിസി ബുക്സ്, കോട്ടയം,2012

റാനഡെ ഏകനാഥ് (സമാഹരണം), ഹരി.ആർ (വിവ:), ഉത്തിഷ്ഠ ഭാരത അഥവാ സ്വാമി വിവേകാനന്ദൻറെ ഹിന്ദു രാഷ്ട്രത്തോടുള്ള ആഹ്വാനം, കുരുക്ഷേത്ര പ്രകാശൻ, കലൂർ

സന്തോഷ് ഏച്ചിക്കാനം, മിസാറു, പു.24, മാതൃഭൂമി ആഴ്ച്ചപ്പതിപ്പ്, 2024 ഓഗസ്റ്റ് 04-1.

പറശ്ശിനിക്കടവ് മുത്തപ്പനുമായി ബന്ധപ്പെട്ട ആചാരപരിസരങ്ങൾ: കേരളത്തിന്റെ ഭക്ഷണസംസ്കാരത്തെ ആധാരമാക്കിയുള്ള അന്വേഷണം

ശാലിനി രാമചന്ദ്രൻ
അസിസ്റ്റന്റ് പ്രൊഫസർ
മലയാള വിഭാഗം
സിഎംസ് കോളേജ് കോട്ടയം (ഓട്ടോണമസ്)

ആമുഖം
പറശ്ശിനിക്കടവ് മുത്തപ്പൻ അമ്പലത്തിലെ ഭക്ഷണരീതിയെ കേന്ദ്രീകരിച്ചാണ് ഈ പഠനം നടത്തിയിരിക്കുന്നത്. അതിലൂടെ രൂപപ്പെടുന്ന കൂട്ടായ്മയുടെ രാഷ്ട്രീയം, പ്രതിഷേധത്തിന്റെ ഇടങ്ങൾ, സ്വത്വ സ്ഥിതീകരണത്തിന്റെ ആനന്ദം, സമഭാവനയുടെ സങ്കല്പങ്ങൾ എന്നിവ ഇവിടെ അവലോകനം ചെയ്യുന്നു. കേരളത്തിന്റെ ഭക്ഷണ സംസ്കാരത്തെ അവലംബമാക്കികൊണ്ടാണ് ഈ നിരീക്ഷണങ്ങളെ വിലയിരുത്തുന്നത്. 'ഭക്ഷണം' രുചിയുടെയും പങ്കുവയ്ക്കലിന്റെയും മാത്രമിടമല്ലായെന്നും സാമൂഹ്യരാഷ്ട്രീയത്തിന്റെ ആശയവിനിമയോപാധിയാണ് ഓരോ ഭക്ഷ്യസംസ്കാരമെന്നും ഈ പഠനത്തിലൂടെ സ്ഥാപിക്കുന്നു.

താക്കോൽവാക്കുകൾ:

തെയ്യം, അന്യവൽക്കരണം, ജാതി

കേരളത്തിലെ കണ്ണൂർ ജില്ലയിൽ തളിപ്പറമ്പ് താലൂക്കിലെ പറശ്ശിനിക്കടവ് എന്ന സ്ഥലത്ത്, വളപട്ടണം നദിക്കരയിലാണ് തീയ്യർ ഊരായ്മയുള്ള പറശ്ശിനിക്കടവ് ശ്രീ മുത്തപ്പൻ ക്ഷേത്രം സ്ഥിതി ചെയ്യുന്നത്. തിരുവപ്പൻ (വലിയ മുത്തപ്പൻ) എന്ന പേരിൽ ശിവനേയും വെള്ളാട്ടം (ചെറിയ മുത്തപ്പൻ) എന്ന പേരിൽ മഹാവിഷ്ണുവിനെയും ഇവിടെ തെയ്യം കെട്ടിയാടുന്നു. മുത്തപ്പന്റെ പ്രധാന വഴിപാടുകൾ പയംകുറ്റി, വെള്ളാട്ടം, തിരുവപ്പന എന്നിവയാണ്. കൂടാതെ കരിച്ച ഉണക്കമീനും കള്ളും നൈവേദ്യമായി അർപ്പിക്കാറുണ്ട്. കേരളത്തിൽ മത്സ്യവും കള്ളും ദൈവങ്ങൾക്ക് നേദിക്കുന്നത് ആദിമകാലം മുതൽക്കുള്ള രീതിയാണ്. എന്നാൽ ബ്രാഹ്മണിസത്തിന്റെ ശക്തമായ വളർച്ചയോടുകൂടി ജാതിയിൽ താഴ്ന്ന വിഭാഗത്തിൽപ്പെട്ടവരുടെ ദൈവങ്ങൾ പലതും സവർണ്ണവൽക്കരിക്കപ്പെട്ടു. മാരിയമ്മൻ ദൈവമൊക്കെ ഉദാഹരണമായി പറയാം. ഇന്ന് കള്ളും മത്സ്യമാംസാദികളും നിവേദിക്കുന്നത് മിക്കവാറും ചില കുടുംബ ക്ഷേത്രങ്ങളിൽ മാത്രമാണ്. അവയാകട്ടെ വർഷത്തിൽ എല്ലാ ദിവസവും പ്രവർത്തിക്കുന്ന ക്ഷേത്രങ്ങളുമല്ല. മറ്റിടങ്ങളിൽ നിന്ന് വ്യത്യസ്തമായി വർഷത്തിൽ അപൂർവ്വം ചില ദിവസങ്ങൾ ഒഴികെ എല്ലാ ദിവസങ്ങളിലും പറശ്ശിനിക്കടവ്

മുത്തപ്പൻ ക്ഷേത്രത്തിൽ തെയ്യക്കോലം കെട്ടിയാടുന്നുണ്ട്.

അവർണ്ണമായതെന്ന് കരുതിയവയൊക്കെ സവർണ്ണവൽക്കരിക്കപ്പെട്ടപ്പോൾ മേൽക്കോയ്മാ അധികാരം രൂപപ്പെട്ടു. ഹിംസയുടെ അളവിനെ ശ്രേണീപരമായി പ്രതിനിധാനം ചെയ്യുന്ന ഭക്ഷണക്രമം രൂപപ്പെട്ടു. ഓരോ ഭക്ഷണത്തിന്റെയും ഉപഭോക്താക്കളെ അവരവർ കഴിക്കുന്ന ഭക്ഷണത്തിനനുസരിച്ച് സ്ഥാനപ്പെടുത്തി. സസ്യാഹാരമെന്നാൽ അഹിംസാമാർഗ്ഗമായി വ്യാഖ്യാനിക്കുകയും അതിന്റെ ഉപഭോക്താക്കളെ അഹിംസാവാദികളായി കാണുകയും ചെയ്തു. പശുവിനെ വിശുദ്ധ മൃഗമാക്കി, ആ മാംസത്തിന്റെ ഉപഭോക്താക്കളെ ഹിംസാവാദികളായി പരിഗണിക്കുകയും ചെയ്യുന്ന ഒരു വ്യവഹാരപദ്ധതി ശക്തമായി. സസ്യാഹാരം മനസ്സിനും ശരീരത്തിനും ഉത്തമമായ സ്വാത്വിക ഭക്ഷണമാണെന്ന ധാരണ ഉൽപാദിപ്പിക്കുന്നതിൽ ചില വൈദ്യശാസ്ത്രമേഖലകളും വലിയ പങ്കു വഹിച്ചിട്ടുണ്ട്. എന്നാൽ സവർണ ആധിപത്യത്തിനെതിരെ കേരളത്തിൽ ഇന്ന് സജീവമായി നിലനിൽക്കുന്ന ക്ഷേത്രങ്ങളിൽ ഒന്നാണ് പറശ്ശിനിക്കടവ് മുത്തപ്പൻ ക്ഷേത്രം. ഇവിടെ എത്തിച്ചേരുന്ന എല്ലാ ഭക്തർക്കും സ്ത്രീ-പുരുഷ-ദേശ ഭേദമില്ലാതെ ചായയും പുഴുങ്ങിയ മമ്പയറും തേങ്ങാപ്പൂളും ഏത് സമയവും പ്രസാദമായി ലഭിക്കുന്നു. നൂറുവർഷം മുൻപ് വരെ, ചായക്ക് പകരം കള്ളായിരുന്നു ജനങ്ങൾക്ക് നൽകിയിരുന്നത്.

വൈകുണ്ഠസ്വാമികൾ നടത്തിയ മിശ്രഭോജനം, മലബാറിലും സഹോദരൻ അയ്യപ്പന്റെ നേതൃത്വത്തിലും നടത്തിയ ജാതിചിന്തകൾക്കെതിരായുള്ള പ്രതിഷേധങ്ങൾ, പന്തിഭോജനം എന്നിവയെല്ലാം ജാതിക്കതീതമായ ഭക്ഷണസംസ്കാരത്തെ മുന്നോട്ട് വെച്ചിരുന്നു. പങ്കുവയ്ക്കുന്നതിലൂടെ നാം തുല്യരാണെന്ന ആശയവും വിനിമയം ചെയ്യപ്പെട്ടു. എളുപ്പത്തിൽ എല്ലാവിഭാഗത്തിൽ പെട്ട മനുഷ്യരിലേക്കും വിനിമയം ചെയ്യാനാകുന്ന പ്രതിരോധ ആശയങ്ങളെ ഭക്ഷണം രൂപപ്പെടുത്തുന്നു. ഇതേ തീവ്രതയിലും വ്യാപകമായും സമ്മേളിക്കുവാനോ പ്രതിഷേധിക്കുവാനോ ഉതകുന്ന മറ്റൊരു മാധ്യമമില്ല. പത്തൊൻപതാം നൂറ്റാണ്ടിന്റെ ആദ്യഘട്ടം മുതൽ കോളോണിയൽ ഭരണകൂടം നടത്തിയ സർവേകൾ, പഠനങ്ങൾ എന്നിവയിലൂടെ പാശ്ചാത്യർ രൂപപ്പെടുത്തിയ രേഖകളുടെയും ഇതര പുസ്തകങ്ങളെയും അടിസ്ഥാനത്തിലാണ് ഇന്ത്യയിലെ വ്യത്യസ്ത ജനജാതികളേയും കുറിച്ചുള്ള ആധുനികമായ അറിവുകളുടെ രൂപീകരണം. അതിനെ തുടർന്നാണ് ജനങ്ങളുടെ ആഹാരം, താമസയിടങ്ങൾ, ഭക്ഷണം, ആചാര രീതികൾ എന്നിവയെ കുറിച്ചുള്ള പൊതുവായ ധാരണ രൂപപ്പെടുന്നത്.

വർണ്ണവ്യവസ്ഥയുടെ ആധിപത്യസ്വഭാവത്തെ ചോദ്യം ചെയ്ത

ബുദ്ധൻ അഹിംസയുടെ പാതയിൽ ചലിച്ചപ്പോഴും അദ്ദേഹത്തിന്റെ അനുയായികളെ മാംസാഹാരം കഴിക്കുന്നതിൽനിന്ന് വിലക്കിയിരുന്നില്ലയെന്ന് കാണുന്നു. അംബേദ്കർറിന്റെ നിരീക്ഷണത്തിൽ, ചത്തമൃഗങ്ങളുടെ മാംസം ഭക്ഷിക്കുന്നത് അസ്പൃശ്യതയെ രൂപപ്പെടുത്തിയ മുഖ്യഘടകമാണ്. ഭക്ഷണത്തെയും സംസ്കാരത്തെയും കുറിക്കുന്ന നിരവധി നിരീക്ഷണങ്ങളും പഠനങ്ങളുണ്ട്.

1971-ൽ ഫോക് ലോറിസ്റ്റായ ജെയ് ആൻഡേഴ്സൺ ഒരു സമൂഹത്തിലെ എല്ലാ അംഗങ്ങളും പങ്കിടുന്ന ഭക്ഷണ സങ്കല്പങ്ങളേയും, അവയുടെ സംഭരണം, സംരക്ഷണം, തയ്യാറാക്കൽ, ഉപഭോഗം, പോഷകമൂല്യം എന്നിങ്ങനെയുള്ള ഘടകങ്ങളുടെ അടിസ്ഥാനത്തിൽ ഫൂഡ്വേയ്സ് (foodways) എന്ന സിദ്ധാന്തം രൂപപ്പെടുത്തിയിട്ടുണ്ട്. ഭക്ഷണ പാരമ്പര്യങ്ങൾ എല്ലാം തന്നെ സാംസ്കാരിക സ്വത്വത്തെ പ്രതിനിധീകരിക്കുന്നു. ഭാഷ കഴിഞ്ഞാൽ പിന്നെ വ്യക്തിത്വത്തെ കുറിക്കുന്ന ധാരണയെ രൂപപ്പെടുത്തുന്നതിന് ഭക്ഷണരീതികൾക്ക് സാധിക്കും. ഭക്ഷണത്തോടുള്ള സ്നേഹത്തിന്റെയത്ര തീവ്രതയേറിയ മറ്റൊരു സ്നേഹവുമില്ലായെന്നാണ് ഐറിഷ് നാടകകൃത്തായ ജോർജ് ബെർണർഡ് ഷാ അദ്ദേഹത്തിന്റെ മാൻ ആൻഡ് സൂപ്പർമാൻ (Man and Superman) എന്ന കൃതിയിൽ പറയുന്നത്.

കണ്ണൂർ, കാസർഗോഡ്, വയനാട്, കോഴിക്കോട് ജില്ലകളിലാണ് മുത്തപ്പൻ തെയ്യവുമായി ബന്ധപ്പെട്ട ഐതിഹ്യങ്ങൾക്ക് കൂടുതൽ പ്രാധാന്യമുള്ളത്. സമൂഹ സ്വത്വത്തെ നിലനിർത്തുന്നതിൽ തെയ്യങ്ങൾക്ക് പ്രധാന പങ്കുണ്ട്. കൃത്യമായ ഒരു കാലഘട്ടം മുത്തപ്പൻ തെയ്യത്തിനുമേൽ ആരോപിക്കാൻ സാധിക്കില്ല. അരിച്ചാന്തും മഞ്ഞളുമാണ് മുത്തപ്പൻ തെയ്യത്തിന്റെ മെയ്യെഴുത്തിനായി ഉപയോഗിക്കുന്നത്. പച്ചയായ ജീവിതത്തെ അലൗകിക തലം വിട്ടുകൊണ്ട് അഭിസംബോധന ചെയ്യുന്ന ദൈവീക രൂപങ്ങളാണ് തെയ്യക്കോലങ്ങൾ. മുത്തപ്പൻ തെയ്യത്തിന്റെ ഐതിഹ്യകഥയിൽ തന്നെ ജാതിനിഷേധത്തിന്റെ സൂചനകൾ കാണാം.

അയ്യങ്കര ഇല്ലത്ത് ശിവഭക്തിയായ പാടിക്കുറ്റിയമ്മയും (പാർവതിക്കുട്ടി) അവരുടെ ഭർത്താവായ നമ്പൂതിരിയും താമസിച്ചിരുന്നു. പുഴക്കടവിൽ കുളിക്കുവാൻ പോയ പാടിക്കുറ്റി അമ്മയ്ക്ക് ജലത്തിൽ നിന്നും ഒരു കുഞ്ഞിനെ ലഭിക്കുന്നു. മക്കൾഇല്ലാതിരുന്ന ആ സ്ത്രീ കുട്ടിയെ നമ്പൂതിരി ആചാരങ്ങൾക്ക് അനുസൃതമായി, തന്റെ മകനായി വളർത്തുന്നു. എന്നാൽ കുട്ടി വളരുന്നതിനനുസരിച്ച് നമ്പൂതിരി ആചാരങ്ങൾക്കെതിരായ രീതികളിലൂടെയാണ് സഞ്ചരിച്ചത്. അവന്റെ കൂട്ട് 'താഴ്ന്ന ജാതിയിൽ'പ്പെട്ടവരോടായിരുന്നു. അവൻ മടികൂടാതെ വേട്ടയാടുകയും മാംസ ഭക്ഷണം കഴിക്കുകയും ചെയ്തു. പാടിക്കുറ്റിയമ്മ മകന്റെ ഈ മാറ്റത്തിൽ വേദനിക്കുകയും അവനെ

ഇല്ലത്തുനിന്നും പുറത്താക്കുകയും ചെയ്യുന്നു. ഈ സമയത്താണ് മുത്തപ്പൻ തന്റെ വിശ്വരൂപം പാടിക്കുറ്റിയെ കാണിക്കുന്നത്. തന്റെ മകൻ ദൈവാംശം ആണെന്നറിഞ്ഞ പാടിക്കുറ്റിയമ്മ അദ്ദേഹത്തോട് മാപ്പ് ചോദിക്കുന്നു. പിന്നീട് മുത്തപ്പൻ ആ വീടുവിട്ട് ഇറങ്ങുകയാണ് ചെയ്യുന്നത്.

നായ വാഹനമായുള്ള ഭൈരവ മൂർത്തിയാണ് ഈ ക്ഷേത്രത്തിലുള്ളത്. മറ്റ് ക്ഷേത്രങ്ങളിൽ നിന്നും ഭിന്നമായി നായയ്ക്ക് വളരെയധികം പ്രാധാന്യം ഇവിടെ നൽകുന്നു. ഭക്തജനങ്ങളെ ഉപദ്രവിക്കാതെ ക്ഷേത്ര പരിസരത്താകമാനം നായകൾ ഉണ്ട്. 'നായയൂട്ട്' എന്ന ചടങ്ങ് ഇവിടെ കാണാം. രാവിലെ മൂന്ന് മണി മുതൽ ആരംഭിക്കുന്ന പ്രസാദ നിർമ്മാണ പണികൾ പൂർത്തിയാകുമ്പോൾ, ആദ്യ പ്രസാദം നൽകുന്നത് ക്ഷേത്രത്തിലെ ഒരു നായയ്ക്കാണ്. പ്രസാദം കഴിക്കുന്ന ഓരോ മനുഷ്യർക്കിടയിലും മുത്തപ്പൻ ഉണ്ട് എന്ന വിശ്വാസം ഇവിടെ നിലനിൽക്കുന്നു. മുത്തപ്പന്റെ ഭാഷയിൽ പറഞ്ഞാൽ മുത്തപ്പാംശമാണ് വൻപയർ പ്രസാദം. സമഭാവനയോടെ മനുഷ്യനെയും മൃഗത്തെയും കാണുന്നതുകൊണ്ട് തന്നെ അധികാരത്തിന്റെ പ്രകടനങ്ങൾ ഇല്ലാതാകുന്നു. ആത്മീയതയെ ആരോഗ്യവുമായി (/യാഥാർത്ഥ്യം) ബന്ധപ്പെടുത്തി, തന്മയീ ഭാവത്തോടെ പിന്തുടരുന്ന രീതി മുത്തപ്പൻ ക്ഷേത്രത്തിൽ കാണാം.

പുലർച്ചെ മുതൽ രാത്രി വരെയുള്ള പ്രസാദവിതരണം ഇടതടവില്ലാതെ തുടരുമ്പോൾ വിവിധ ജനങ്ങൾ ഒരേ മനസ്സോടെ ഇരുന്ന് ഭക്ഷണം കഴിക്കുന്നു. നിറഞ്ഞ വയറോടെ പിരിയുന്നു. അതു കൂടാതെ ക്ഷേത്രത്തിൽ എത്തുന്നവർക്കായി ഉച്ചയ്ക്കും രാത്രിയും അന്നദാനവുമുണ്ട്. സംസാരത്തിന് നാവ് എത്രത്തോളം പ്രധാനമാണ് എന്നതുപോലെ രുചിക്കും നാവ് പ്രധാനമാണ്. നരവംശശാസ്ത്രത്തിന്റെ വെളിച്ചത്തിൽ നിരീക്ഷിക്കുമ്പോൾ ഭക്ഷണമെന്നാൽ ഒരു ആശയവിനിമയമാണ്. ശുദ്ധം- അശുദ്ധം തുടങ്ങിയ സങ്കൽപ്പങ്ങളെ ഒക്കെ തിരുത്തിക്കുറിക്കുന്ന മുത്തപ്പൻ ക്ഷേത്രത്തിൽ ജാതിമതഭേദമില്ലാതെ ഏവർക്കും പ്രവേശിക്കുവാനും പ്രസാദം സ്വീകരിക്കുവാനും സാധിക്കുന്നു.

മുത്തപ്പൻ, വിഷ്ണുമൂർത്തി തുടങ്ങിയ തെയ്യങ്ങളുടെ ആയുധങ്ങൾ നോക്കിയാൽ അവയിൽ അമ്പ്, വില്ല് മുതലായവ കാണാൻ സാധിക്കും. തുലാം സംക്രമത്തിന് നടക്കുന്ന 'കഴിഞ്ഞുകൂടൽ' എന്ന ചടങ്ങിന്റെ ഭാഗമായി നായാട്ടിനായി ആയുധങ്ങൾ ഉപയോഗിക്കുന്ന മുത്തപ്പൻ തെയ്യത്തെ കാണാം. നായാട്ടിൽ നിന്നാണ് ബലി അല്ലെങ്കിൽ നിവേദ്യം എന്ന അനുഷ്ഠാനത്തിലേക്ക് മനുഷ്യൻ എത്തിയത് തന്നെ. ആദിമകാലത്തെ ജനങ്ങൾ ആയുധങ്ങളുമായിയിട്ടായിരുന്നു ആഹാരത്തിനായുള്ള മൃഗങ്ങളെ വേട്ടയാടിയത്. ആദ്യകാലം മുതൽക്കുള്ള മനുഷ്യന്റെ സന്തതസഹചാരിയാണ് നായ എന്ന മൃഗം. ഇതിനോട് ബന്ധപ്പെടുത്തി മുത്തപ്പൻ തെയ്യത്തെ

പരിശോധിക്കുമ്പോൾ ഭൂതകാലത്തിന്റെ പുനരാവിഷ്കാരമാണ് ദൃശ്യമാകുന്നത്. മനുഷ്യന്റെ അബോധമനസ്ഥിതിയുടെ (Personal Unconscious) ആത്മനിവൃത്തി എന്ന നിലയിൽ നായാട്ടിനെ കാണാം.

ഇരുപതാം നൂറ്റാണ്ടിൽ മെൽവിൻ സീമാൻ (Melvin Seeman) അന്യവൽക്കരണത്തിന്റെ 5 ലക്ഷണങ്ങളെ അവതരിപ്പിച്ചു. (1) അധികാരമില്ലായ്മ (Powerlessness), (2) അർത്ഥമില്ലായ്മ (Meaninglessness), (3) ആദർശമില്ലായ്മ (Normlessness) (4) ഒറ്റപ്പെടുത്തൽ (Isolation) (5) ആത്മവിദ്വേഷം (Self-Estrangement) എന്നിവയാണവ. പിന്നീട് സാംസ്കാരിക അന്യവൽക്കരണം (Cultural Estrangement) എന്ന ലക്ഷണത്തെകൂടി ഇതോട് കൂട്ടിച്ചേർത്തു. ഗോത്ര ജനങ്ങളുടെ താല്പര്യങ്ങൾക്ക് അനുസൃതമായ ഒരു ദൈവം സർവലോക സമ്മിതി നേടുകയെന്നത് വിരളമാണ്. അധികാരങ്ങൾ ഇല്ലാതെ, സ്വത്വ ബോധങ്ങൾ ഇല്ലാതെ, അവകാശങ്ങൾ ഇല്ലാതെ ജീവിച്ച ഒരു ജനതയുടെ ഉയർത്തെഴുന്നേൽപ്പിന്റെ ശബ്ദം കൂടിയാണ് മുത്തപ്പൻ തെയ്യം. ഒറ്റപ്പെടുത്തലുകളെ നേരിടുവാൻ തങ്ങളുടെ ജീവിത രീതികൾ തന്നെയാണ് ഞങ്ങളുടെ ആദർശം എന്ന് സാധാരണക്കാരനിൽ ബോധ്യമുണ്ടാക്കുവാൻ ഈ തെയ്യക്കോലത്തിന് സാധിക്കുന്നു.

തങ്ങളുടേതായതും വിലപിടിച്ചതാണെന്നും, ഇകഴ്ത്തപ്പെട്ടതല്ലായെന്നുമുള്ള സാംസ്കാകാരിക അവബോധത്തിന്റെ പ്രത്യക്ഷ രൂപങ്ങളാണ് കള്ളും മീനും ഭസ്മവുമെല്ലാം. ക്ഷേത്ര സങ്കല്പങ്ങൾ ആത്മാർപ്പണത്തിന്റെ ഇടങ്ങളായിരിക്കുമ്പോൾ തന്നെ, അവ എങ്ങനെയൊക്കെയാകണം, എന്തൊക്കെയാകാൻ പാടില്ല എന്നുള്ള നിഷ്കർഷകൾ ഉണ്ടാകും. എന്നാൽ ഇവിടെ കള്ളും മീനും ത്യാഗത്തിന്റെയും അധികാരത്തിന്റെയും സൂചനയല്ല നൽകുന്നത്, ആനന്ദത്തിന്റെയും വ്യാവഹാരികതയുടെയും ചിഹ്നങ്ങളാണ്. ഒരു കാലഘട്ടത്തിൽ സാധാരണക്കാരായ മനുഷ്യന്റെ നിത്യ ജീവിതത്തോട് ബന്ധപ്പെട്ട് നിൽക്കുന്ന രണ്ടു വസ്തുക്കളായിരുന്നു കള്ളും മീനും. അവ ഹിംസയേയോ അസന്മാർഗികതയേയോ കുറിക്കുന്ന ബിംബങ്ങളായി ഇന്നത്തെ സാഹിത്യരൂപങ്ങളിൽ വരെ കടന്നു വരുന്നുണ്ട്. എന്നാൽ അവയുടെ പിന്നാമ്പുറക്കാലത്തിൽ, ഇല്ലായ്മയുടെയും അവഗണനയുടെയും വേദനകളുടെയും ചരിത്രമുണ്ട്. ലാളിത്യത്തിന്റെയും അധ്വാനത്തിന്റെയും ധാർമികതയെ ഉയർത്തികാട്ടുന്നതും, മനുഷ്യചരിത്രപഠനത്തിൽ തന്നെ പ്രാധാന്യത്തോടെ ഉൾചേർന്നിരിക്കുന്നതുമായ രണ്ട് വസ്തുക്കളെന്ന നിലയിൽ മുത്തപ്പൻ ക്ഷേത്രത്തിലെ കള്ളിനെയും മീനിനെയും നിരീക്ഷിക്കുവാൻ ആകും. മാനുഷികതയിൽ നിന്നും അകന്ന വിധത്തിൽ, ഭക്തിയെ പവിത്രീകരിക്കുന്ന

നിസഹായതയല്ല മുത്തപ്പൻ തെയ്യത്തിൽ ഉള്ളത്.

ഓരോ ഭക്ഷണത്തിനും കൃത്യമായ ശരീര രാഷ്ട്രീയത്തെക്കൂടി മുന്നോട്ടുവയ്ക്കാൻ ആകും. ശരീരം എന്നത് ജാതിയെ (cast) കൂടി സൂചിപ്പിക്കുന്നു. ഭക്ഷണം, സാംസ്കാരിക ഘടകങ്ങളോട് മാത്രം ബന്ധപ്പെട്ട് നിൽക്കുന്നതല്ല, വൈദ്യ പാരമ്പര്യങ്ങളെ കൂടി സൂചിപ്പിക്കുന്നതാണ്. സാംസ്കാരിക രൂപപ്പെടലിലൂടെ സാമ്പത്തിക സുസ്ഥിരതയെ സ്വീകരിക്കുകയും നിലനിർത്തുകയും ചെയ്യുക എന്ന വശം കൂടിയുണ്ട്. വർഷത്തിൽ മിക്കവാറും എല്ലാ ദിനങ്ങളിലും കെട്ടിയാടുന്ന മുത്തപ്പൻ തെയ്യക്കോലം കെട്ടിയാടുവാൻ അതിനർഹമായ സമുദായത്തിൽ നിന്നും അനവധി ആളുകൾ ഇന്ന് മുന്നോട്ട് വരുന്നുണ്ട്. ഭക്ഷണമെന്നാൽ രുചിമാത്രമല്ല, വിവിധ ആശയമേഖലകളുടെ സമന്വയം കൂടിയാകുന്നു.

എല്ലാ കാലഘട്ടത്തിലും പ്രതിരോധത്തിന്റേതായ ശബ്ദമായിരുന്നു തെയ്യക്കോലങ്ങൾക്കുണ്ടായിരുന്നത്. ആര്യദൈവാംശങ്ങൾ ഉള്ളപ്പോൾ തന്നെയും ദ്രാവിഡമായ രീതികളോട് ചേർന്ന് നിൽക്കുന്ന മുത്തപ്പൻ ക്ഷേത്രം കമ്പോള സംസ്കാര കാലഘട്ടത്തിൽ നിലനിർത്തുന്ന പ്രാദേശികതയുടെ രാഷ്ട്രീയം ശക്തമാണ്. ലാളിത്യത്തിന്റെയും കൂട്ടായ്മയുടെയും പ്രതിരോധമാർഗമെന്ന നിലയിൽ, ഈ ക്ഷേത്രത്തിലെ പ്രസാദവിതരണത്തിന് കൃത്യമായ പങ്കുണ്ട്.

ചരിത്രത്തിനും വർത്തമാനകാലത്തിനും വ്യക്തമാവാത്ത യാഥാർത്ഥ്യത്തെ വെളിവാക്കുന്ന മാജിക്കൽ റിയലിസത്തിന്റേതായ അംശങ്ങളെ മുത്തപ്പൻ തെയ്യത്തിൽ കണ്ടെത്താനാകും. ഉത്തരേന്ത്യയിലും മറ്റും ഭക്ഷണത്തിന്റെ പേരിൽ നടന്ന കൊലപാതകങ്ങളും ആൾക്കൂട്ട വിചാരണകളും ഇന്നത്തെ വാർത്തകളാണ്. ഭക്ഷണത്തിലൂടെയും പ്രതിരോധവും അതിജീവനവും സാധ്യമാണെന്ന ആശയം മുത്തപ്പൻ തെയ്യം മുന്നോട്ടുവയ്ക്കുന്നു. ഭക്ഷണസംസ്കാരങ്ങൾ കൃത്യമായ സമൂഹരാഷ്ട്രീയത്തെ രൂപപ്പെടുത്തുന്നതോടൊപ്പം സൂക്ഷ്മവും സ്ഥൂലവുമായ വികാരങ്ങളോടും ബന്ധപെട്ടിരിക്കുന്നു.

റഫറൻസ്

നാരായണൻ, അജു. കെ.2011. ഫോക്ലോർ പാഠങ്ങൾ പഠനങ്ങൾ.കോട്ടയം: സാഹിത്യ പ്രവർത്തകസഹാകരണ സംഘം.

പയ്യനാട്,രാഘവൻ.1992. ഫോക്‌ലോർ. തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

വിഷ്ണു നമ്പൂതിരി, എം.വി. 1998.തെയ്യം. തിരുവനന്തപുരം:കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

വിഷ്ണു നമ്പൂതിരി, എം.വി. 2014. പുരാവൃത്ത പഠനം. കോഴിക്കോട്: മാതൃഭൂമി ബുക്സ്.

MelvinSeeman.1959.On The Meaning of Alienation, American Sociological Review Vol.24, No.6 (pp. 783-791)

https://theyyamkerala.in/muthappan-theyyam/

ബഹുസാംസ്കാരികത: പശ്ചിമകൊച്ചിയിലെ ഭാഷാസെറ്റിൽമെന്റുകളെ മുൻനിർത്തി ഒരു പഠനം

ലാൽസൺപി.എ)
ഗവേഷകൻ
മലയാളവിഭാഗം
മഹാരാജാസ്കോളേജ്
എറണാകുളം

കേരളത്തിന്റെ ചരിത്രജീവിതത്തിൽ സവിശേഷപ്രാധാന്യമുള്ള ഭൂപ്രദേശമാണ് പശ്ചിമകൊച്ചി. സങ്കീർണമായ സാംസ്കാരികവിനിമയങ്ങളുടെ ഇടമായി പശ്ചിമകൊച്ചിയുടെ ചരിത്രജീവിതം തുടരുന്നു. ലക്ഷ്യവാദപരമായ (Teleological) സമീപനം പിന്തുടരുന്നതും ദേശീയതയുടെ പ്രത്യയശാസ്ത്രബലങ്ങൾക്കുള്ളിൽ ഉരുവമെടുത്തതുമായ സാമ്പ്രദായിക ചരിത്രരചനകൾ പലപ്പോഴും പശ്ചിമകൊച്ചിയുടെ സങ്കീർണ്ണമായ ബഹുസാംസ്കാരികജീവിതത്തെ പരിഗണിക്കുന്നില്ല. ദേശചരിത്രത്തിന്'അനിവാര്യമായ ചരിത്രസംഭവങ്ങളുടെ കേവലവും നിസ്സംഗവുമായ പശ്ചാത്തലമായി മാത്രമേ പശ്ചിമകൊച്ചി ഇടം നേടുന്നുള്ളു.ചരിത്രപരമായി തന്നെ 'സംസ്കാരസങ്കലനത്തിന്റെ ഭൂപ്രദേശമായാണ്'പശ്ചിമകൊച്ചിയുടെ നില. അതുകൊണ്ട് തന്നെ 'ബഹുസാംസ്കാരികത'എന്നത് പശ്ചിമകൊച്ചിയെ സംബന്ധിച്ചിടത്തോളം അനുദിനജീവിതത്തിൽ പടർന്നിരിക്കുന്ന അനുഭവമാണ്.

കേരളത്തിൽബഹുസാംസ്കാരികത ഏറ്റവും പ്രകടമാകുന്ന പ്രദേശങ്ങളാണ് പശ്ചിമകൊച്ചിയിലെ ഫോർട്ട്കൊച്ചിയും മട്ടാഞ്ചേരിയും. മറ്റുപ്രദേശങ്ങൾക്ക് അവകാശപ്പെടാൻ സാധിക്കാത്തത്രയും വൈവിധ്യങ്ങളായ ജാതി-മതസമൂഹങ്ങളും അവരുടെ ഭാഷയും സംസ്കാരങ്ങളും ഉൾകൊള്ളുന്ന സമൂഹമാണിത്. പശ്ചിമകൊച്ചിയുടെ ബഹുസാംസ്കാരികജീവിതത്തെ അവിടുത്തെ പ്രധാന ഭാഷാസമൂഹങ്ങളെ മുൻനിർത്തി വിശദീകരിക്കുകയാണ് പഠനത്തിൽ.

ബഹുസംസ്കാരവാദപഠനം (Multicultural Studies)

സംസ്കാരത്തെ ഏകാത്മകവും സത്താപരവുമായാണ് ആധുനികത (Modernity) മനസ്സിലാക്കിയത്. ദേശീയതയുടെ ചരിത്രജീവിതം ഈ സംസ്കാരസങ്കല്പനത്തോട് ബന്ധപ്പെടുന്നു. അനുഭവത്തെ രൂപപ്പെട്ട, ഉറച്ച ഉത്പന്നങ്ങളാക്കി മാറ്റുന്നതാണ് മനുഷ്യന്റെ സാംസ്കാരിക പ്രവർത്തനങ്ങളെ തിരിച്ചറിയുന്നതിനുള്ള ഏറ്റവും വലിയ തടസ്സമെന്ന് റെയ്മണ്ട് വില്യംസ്

നിരീക്ഷിക്കുന്നു. സംസ്കാരത്തെ സമഗ്രജീവിതരീതി (Whole way of Living)യായാണ് വില്യംസ് മനസ്സിലാക്കുന്നത്.സംസ്കാരം അതോടെ സത്താപരമായ മൂല്യങ്ങളിൽ നിന്നും ഭൗതികവും മൂർത്തവുമായ പ്രക്രിയയായി മാറുന്നു. ഈ സംസ്കാരപ്രക്രിയയുടെ വൈവിധ്യത്തെയാണ് ബഹുസംസ്കാരവാദപഠനങ്ങൾ ഉയർത്തിപ്പിടിക്കുന്നത്.

സമൂഹത്തെയും സാമൂഹികജീവിതത്തെയും അടഞ്ഞവ്യവസ്ഥയായോ സുസ്ഥിരസ്ഥാനമായോ അല്ല ബഹുസംസ്കാരവാദപഠനങ്ങൾ മനസ്സിലാക്കുന്നത്. വിനിമയങ്ങളുടെ അസംഖ്യം ശൃംഖലാബന്ധങ്ങളിലൂടെ ഉരുവപ്പെട്ടുകൊണ്ടിരിക്കുന്ന നിലയാണ് സാമൂഹികജീവിതത്തിനുള്ളത്. വ്യത്യസ്തതകളെ സ്വാഭാവികമായി ഉൾക്കൊള്ളുക എന്ന രാഷ്ട്രീയ പ്രേരണയിലാണ് ബഹുസംസ്കാരവാദപഠനങ്ങൾ വേരുറപ്പിക്കുന്നത്. ബഹുസ്വരത എന്ന കേവലതത്വത്തിലേക്ക് ഇതിനെ ചുരുക്കിക്കാണാൻ കഴിയില്ല. ഉദാരമാനവികതാവാദത്താൽ പ്രചോദിതമായ ബഹുസ്വരവാദങ്ങൾ പ്രയോഗത്തിൽ പലപ്പോഴും വംശീയ വൈജാത്യങ്ങളെ അടക്കി നിർത്തുകയും മെരുക്കിയെടുക്കുകയുമാണ് ചെയ്യുന്നതെന്ന് ഗ്ലെൻ ജോർദാനും, ക്രിസ് വീഡനും അഭിപ്രായപ്പെടുന്നു.മനുഷ്യജീവിതത്തെ ഇങ്ങനെ ബഹുവർണ്ണചിത്രമായി (Human mosaic) മനസ്സിലാക്കുന്നതാണ് ബഹുസംസ്കാരവാദപഠനങ്ങൾ. അതിന്റെ അടിസ്ഥാനപ്രകൃതം തന്നെ കലർപ്പിന്റേതാണ്. ജീവിതവഴക്കങ്ങളിലും സമൂഹത്തിന്റെ കൂട്ടോർമ്മയിലും അതിന്റെ മുദ്രകൾ ആഴത്തിൽ പതിഞ്ഞിട്ടുണ്ട്. ഈ വൈജാത്യങ്ങളെ അവയുടെ സ്വാഭാവികതയിലും ചരിത്രപരതയിലും മനസ്സിലാക്കാൻ ബഹുസംസ്കാരവാദപഠനത്തിന്റെ വഴികൾക്ക് സാധിക്കും. സംസ്കാരത്തിന്റെ പടർച്ചയെ ചില വഴക്കങ്ങളിലേക്ക് മാത്രം വെട്ടിയൊതുക്കുകയും അവയ്ക്കുമാത്രം സാധൂകരണം നൽകുകയും ചെയ്യുന്ന അധികാരപ്രയോഗത്തിന്റെ എതിർ നിലയിലാണ് ബഹുസംസ്കാരവാദപഠനം നിലകൊള്ളുന്നത്. സംസ്കാരത്തെ ഏകശിലാത്മകമായല്ലാതെ കലർപ്പിന്റെ മണ്ഡലമായി മനസ്സിലാക്കുന്ന സൈദ്ധാന്തികവിചാരങ്ങളെയും ബഹുസംസ്കാരവാദപഠനം സ്വീകരിക്കുന്നു.

ഇഞ്ചിമാതൃക(Rhizome)

ഫോർട്ട്കൊച്ചി-മട്ടാഞ്ചേരി ദേശങ്ങളുടെ സാംസ്കാരികതയെ ഇഞ്ചിമാതൃക(Rhizome)യിലാണ് ഇവിടെ മനസ്സിലാക്കുന്നത്. സംസ്കാരത്തെ സംബന്ധിച്ച് ഗിൽ ദെല്യൂസ്സും, ഫെലിക്സ് ഗുത്താരിയും അവതരിപ്പിക്കുന്നതാണ് ഇഞ്ചിമാതൃക. ഒറ്റത്തായ്‌വേരിൽ നിന്നുള്ള പൊടിപ്പുകളായല്ലാതെ എവിടെ നിന്നും മുളപ്പുകളുണ്ടാകുന്നതാണ്

ഇഞ്ചിമാതൃക. വ്യവസ്ഥകളുടെ ഏകശിലാത്മകതയിലോ, കേന്ദ്രിതത്വത്തിലോ(ബഹുകേന്ദ്രിതത്വ ത്തിൽ പോലുമോ) അല്ല ഇഞ്ചിമാതൃക വേരുറപ്പിക്കുന്നത്; പലമകളിലും ബഹുലതകളിലുമാണ്.
മേൽകീഴ്ബന്ധങ്ങളേക്കാൾ ഇടം വലം ബന്ധങ്ങൾക്കാണ് അവിടെ പ്രാധാന്യം (2005:11). സാമൂഹികവ്യവസ്ഥയുടെ സമഗ്രാധിപത്യപരമായ ഉറപ്പുകളെ ഇഞ്ചിമാതൃക അതിവർത്തിക്കുന്നു.അധികാരം സംസ്കാരത്തിന്റെ തായ്വേരായിട്ടായിരിക്കും സ്വയം അവതരിക്കുക. എവിടെ നിന്നും മുളപ്പുകളും, പൊടിപ്പുകളും ഉണ്ടാകുന്ന ഇഞ്ചിമാതൃകയായി സംസ്കാരത്തെ മനസ്സിലാക്കുമ്പോൾ അട്ടിമറിക്കപ്പെടുന്നത് ആധിപത്യത്തിന്റെ ഏകതാനവും, കേന്ദ്രീകൃതവുമായ യുക്തിയാണ്.

പശ്ചിമകൊച്ചിയുടെ ബഹുസാംസ്കാരികജീവിതം

ചരിത്രത്തെയും സമൂഹത്തെയും സാംസ്കാരികപ്രക്രിയയുടെ പശ്ചാത്തലമായി മാത്രം കാണുകയെന്നതായിരുന്നു സംസ്കാരത്തെക്കുറിച്ചുള്ള സാമ്പ്രദായികരീതി. എന്നാൽ ഭൗതികവും രാഷ്ട്രീയവും സൈദ്ധാന്തികവുമായ പാഠഭേദങ്ങൾ ഉൾക്കൊള്ളുന്ന ബഹുസ്വരമായ സമൂഹങ്ങളുടെ പരിച്ഛേദമായി *സംസ്കാരം* ഇന്നു മാറിക്കഴിഞ്ഞു.പശ്ചിമകൊച്ചിയുടെ ബഹുസാംസ്കാരികജീവിതത്തെ പരിഗണിക്കുമ്പോൾ വൈവിധ്യമാർന്ന നിരവധി കുടിയേറ്റങ്ങളുടെ സ്വാധീനം കാണാം. സ്ഥിരമോ താൽക്കാലികമോ ആയ ജീവനത്തിനായി ഒരു പ്രദേശത്തു നിന്നും മറ്റൊരു പ്രദേശത്തേക്കുള്ള മനുഷ്യൻറെ പ്രയാണമാണ് കുടിയേറ്റം. ഇത്തരത്തിലുള്ള കുടിയേറ്റങ്ങൾ ഒറ്റയ്ക്കോ കൂട്ടമായോ സംഭവിക്കുന്നു. ചരിത്രാതീതകാലം മുതൽ ആരംഭിച്ച സാമൂഹികപ്രക്രിയയാണിത്.
അക്കാലത്ത് സമൂഹമെന്ന ഘടകം വളരെ ചെറുതായിരുന്നു. അതുകൊണ്ടുതന്നെ സമൂഹം ഒന്നാകെയാണ് ഒരു പ്രദേശത്തെ ഉപേക്ഷിച്ച് പുതിയ പ്രദേശം തേടിയെത്തുന്നത്. യുദ്ധങ്ങൾ, അക്രമങ്ങൾ, മതപീഡനങ്ങൾ, പ്രകൃതിദുരന്തങ്ങൾ എന്നിങ്ങനെ ഒട്ടനവധി കാരണങ്ങൾ കുടിയേറ്റങ്ങൾക്കു പിന്നിലുണ്ട്.മനുഷ്യന് സമൂഹത്തിലുള്ള തന്റെ പദവിയും ജീവിതനിലവാരവും മെച്ചപ്പെടുത്തണമെന്ന ആഗ്രഹമാണ് കുടിയേറ്റത്തിന് പിന്നിലുള്ള സാമൂഹിക കാരണം. ജന്മദേശം ഉപേക്ഷിച്ച് മികച്ച ജീവിതസാഹചര്യങ്ങൾ നേടാനുള്ള പ്രേരണയാണ് സാമ്പത്തികമായ കാരണം. പുതിയ പ്രദേശത്തിൻറെയും സംസ്കാരത്തിന്റെയും സ്വീകരണവും പഴയദേശത്തിന്റെ തിരസ്കരണവുമാണ് ഓരോ കുടിയേറ്റവും. ഇത് സാംസ്കാരികമായ സങ്കലനങ്ങൾക്ക് കാരണമാകുന്നു. ചരിത്രപരമായി തന്നെ അത്തരംസംസ്കാരസങ്കലനത്തിന്റെ ഭൂപ്രദേശമായാണ് പശ്ചിമകൊച്ചിയുടെ നില.

പശ്ചിമകൊച്ചിയിലെ ആദ്യകാല നിവാസികൾ മുക്കുവരായിരുന്നു. കടലോര മത്സ്യബന്ധനത്തിനും കായലോര മത്സ്യബന്ധനത്തിനും ഒരേ പോലെയുണ്ടായിരുന്ന സാധ്യത മുക്കുവരുടെ ആഗമനത്തിന്റെ ഘടകമായി കാണാം. "1403 കാലഘട്ടത്തിൽ കൊച്ചിയിലെത്തിയ മാഹ്വാൻ (1380- 1460) ഇവിടത്തെ അഞ്ചു ജാതിക്കാരായി ചൂണ്ടിക്കാട്ടുന്നത് നായന്മാരെ കൂടാതെ നമ്പൂതിരി, മുഹമ്മദീയർ, ചെട്ടികൾ, കൊളിങ്ങന്മാർ മുക്കുവർ എന്നിവരെയാണ്." (കെ.പി പത്മനാഭമേനോൻ, 1996:18.) മലയാളികൾക്ക് പുറമേ തെലുങ്ക്,തമിഴ്, ഗുജറാത്തി, മറാഠി, കന്നട, തുളു, കാശ്മീരി, കൊങ്കണി, ഹരിയാണ്വി, മാർവാടി, രാജസ്ഥാനി, ഹിന്ദി, കച്ചി, ദഖ്നി, ഹലായി, ഇംഗ്ലീഷ് തുടങ്ങി ഇരുപത്തഞ്ചോളം ഭാഷാ സെറ്റിൽമെൻ്റുകൾ ഇന്ന് കൊച്ചിയിലുണ്ട്.

തെലുങ്കർ

തെലുങ്ക് സംസാരിക്കുന്ന ഒരു ന്യൂനപക്ഷസമൂഹം കേരളത്തിലുണ്ട്. ഗജലൂ, 24മനൈ തെലുങ്ക് ചെട്ടി, സാധുചെട്ടി, അരുന്തതിയാർ, ബലീജ, ആന്ധ്രാബ്രാഹ്മണർ, ദൊമ്പൻ, നായ്ക്കൻ, ആണ്ടിപ്പണ്ടാരം, റെഡ്ഡിയാർ, കുശവർ, ക്ഷത്രിയരാജു എന്നിങ്ങനെ 12 സമുദായക്കാർ തെലുങ്ക് ഭാഷ സംസാരിക്കുന്നു. ഇതിൽ 24മനൈ തെലുങ്ക് ചെട്ടി, തെലുങ്ക് നായിഡു, അരുന്തതിയാർ(ചാക്ലിയാർ) എന്നീ മൂന്നു വിഭാഗത്തിൽ പെടുന്നവരാണ് പശ്ചിമകൊച്ചിയിലെ തെലുങ്കർ.തെലുങ്കിന്റെ ഗ്രാമ്യഭേദമാണ് ഇവരുടെ വ്യവഹാര ഭാഷയെങ്കിലും മലയാളഭാഷയുടെ കലർപ്പ് ഇവരുടെ ഭാഷയിൽ പ്രകടമായി കാണാം.പശ്ചിമകൊച്ചിയിലെ തെലുങ്കരിൽ കൂടുതലും **ചെട്ടി** വിഭാഗക്കാരാണ്. തൊഴിലുമായി ബന്ധപ്പെടുത്തിയാണ് ചെട്ടി എന്ന പദം വ്യവഹരിക്കുന്നത്. ഉദാ: പപ്പടചെട്ടി, വളച്ചെട്ടി, എരുമച്ചെട്ടി, എണ്ണച്ചെട്ടി, കപ്പലണ്ടിച്ചെട്ടി. എരുമച്ചെട്ടി, കപ്പലണ്ടി ചെട്ടി എന്നീ രണ്ട് വിഭാഗമാണ് പശ്ചിമകൊച്ചിയിലുള്ളത്. കപ്പലണ്ടി ചെട്ടിമാർ കുടിയേറിയ പ്രദേശമാണ് ഇന്നത്തെ കപ്പലണ്ടിമുക്ക്. പശ്ചിമകൊച്ചിയിലെ പുതുവത്സര ആഘോഷങ്ങൾക്കു പുറമേ ദീപാവലി, പൊങ്കൽ, കാർത്തിക, ആടിപതിനെട്ട് എന്നിവയാണ് ഈ വിഭാഗത്തിന്റെ പ്രധാനാഘോഷങ്ങൾ. മട്ടാഞ്ചേരിയിലെ തെലുങ്കരിൽ വളരെ ന്യൂനപക്ഷം വരുന്ന ഒരു വിഭാഗമാണ് **തെലുങ്ക് നായിഡു**. നായിഡു വിഭാഗം കൊച്ചിയിലെത്തിയത് ടിപ്പുസുൽത്താനോടൊപ്പമാണെന്നും ടിപ്പുവിന്റെ പടയോട്ടകാലത്ത് അദ്ദേഹത്തിന്റെ സൈനികസേവനത്തിനായി വന്നവരാണെന്നും പറയപ്പെടുന്നു. ചെട്ടിമാരിൽ പ്രകടമാകുന്ന തമിഴ് സ്വാധീനം നായിഡുമാരിൽ കാണാൻ കഴിയില്ല.

മറ്റൊരു വിഭാഗം അരുന്തതിയാർ എന്നറിയപ്പെടുന്ന **ചാക്ലിയർമാരാണ്**. തമിഴ്നാട്ടിൽ നിന്നും കുടിയേറിയ ഇവരുടെ പൂർവികർ ആന്ധ്രാസ്വദേശികൾ ആയിരുന്നു. തുകൽ

പണിയാണ് വിഭാഗത്തിന്റെ കുലത്തൊഴിലെങ്കിലും ഇവർ പശ്ചിമ കൊച്ചിയിൽ എത്തിയതിന് പിന്നിൽ മറ്റൊരു രാഷ്ട്രീയകാരണമുണ്ട്. അക്കാലത്തെ തോട്ടിത്തൊഴിലാളികൾ കൂലി വർദ്ധനവിന് വേണ്ടി നടത്തിയ പ്രതിഷേധസമരത്തെ അടിച്ചമർത്തിക്കൊണ്ട് അന്നത്തെ മുനിസിപ്പൽ ചെയർമാൻ ശ്രീ കെ ജെ ഹർഷലിന്റെ നേതൃത്വത്തിൽ തമിഴ്നാട്ടിൽ നിന്നും കൊണ്ടുവന്ന് ഫോർട്ടുകൊച്ചി വെളിയിൽ സൗകര്യങ്ങൾ ഒരുക്കി താമസിപ്പിച്ച പത്തു കുടുംബങ്ങളാണ് കൊച്ചിയിലെ ചാക്ലിയാന്മാർ.

കൊങ്കണികൾ

ഗുജറാത്ത് മുതൽ കർണാടക വരെ നീണ്ടുകിടക്കുന്ന തീരപ്രദേശമാണ് കൊങ്കൺ മേഖല. കൊങ്കൺ പ്രദേശം പ്രധാനമായും ഗുജറാത്തി, മറാഠി, കന്നട എന്നീ ഭാഷകൾ ഉൾപ്പെടുന്ന മേഖലയാണ്. കൊങ്കൺ എന്ന ദേശത്തു നിന്ന് വന്ന കൊങ്കിണി ഭാഷ സംസാരിക്കുന്ന വിഭാഗത്തെ കൊങ്കണികൾ എന്ന് വിളിക്കുന്നു. ഗോവയിലെ ഔദ്യോഗികഭാഷ കൂടിയാണ് കൊങ്കണി.കൊച്ചിയിൽ കൊങ്കണി ഭാഷ സംസാരിക്കുന്നത് അഞ്ച് വിഭാഗങ്ങളാണ്.

ഗൗഡസാരസ്വതബ്രാഹ്മണർ, വൈശ്യർ, സോനാർ, സാരസ്വതർ, കുഡുംബികൾ. ചാതുർവർണ്യത്തിന്റെ ഭാഗമായുള്ള ശ്രേണീകരണം കൊച്ചിയിലെ കൊങ്കിണികളിൽ കാണാം. കൊങ്കണിയാണ് ഇവരുടെയെല്ലാം ഭാഷയെങ്കിലും സംസ്കാരം, സാമൂഹികാവസ്ഥ, ജാതീയമായ ഘടകങ്ങൾ എല്ലാം വ്യത്യസ്തമാണ്. ഏറ്റവും ഉയർന്ന ശ്രേണിയിൽ പെട്ട **ഗൗഡസാരസ്വതബ്രാഹ്മണർ** ഗോവയിൽ നിന്നും കുടിയേറിയവരാണ്. കൊച്ചി രാജാക്കന്മാരുടെ വലിയ സ്വീകാര്യത ഇവരുടെ ധനാഢ്യത്തെ പ്രബലമാക്കി. തിരുമലദേവസ്വം ഇന്നും പശ്ചിമകൊച്ചിലെ പ്രധാന ഭൂവുടമകളാണ്. പ്രഭു, പൈ, ഷേണായി, മല്യ തുടങ്ങി 12-ലധികം കുടുംബപ്പേരുകളുള്ള ഗൗഡസാരസ്വതബ്രാഹ്മണർ കൊച്ചിയിൽ ഉണ്ട്. പശ്ചിമകൊച്ചിയിൽ ഗോസംരക്ഷണം സംസ്കാരത്തിന്റെ ഭാഗമായി കരുതുന്ന ചുരുക്കം വിഭാഗങ്ങളിൽ ഒന്ന് ഇവരാണ്. ആചാരങ്ങളും ക്ഷേത്രവിശ്വാസവും പ്രഥമമായി പരിഗണിക്കുന്ന ഇവർ പ്രകടനകലകളോട് താൽപര്യം പുലർത്തിയിരുന്നില്ല.

വാണിജ്യനിപുണരായിരുന്ന വൈശ്യർ കൂടുതലായി തിങ്ങിപ്പാർത്തിരുന്നത് അമരാവതിയിലായിരുന്നു. ഗോത്രാധിഷ്ഠിതസംസ്കാരം പുലർത്തുന്നുവെന്നതാണ് ഗൗഡസാരസ്വതബ്രാഹ്മണരിൽ നിന്നും വൈശ്യരെ വേറിട്ടുനിർത്തുന്ന മുഖ്യഘടകം. അന്നക്കളിതീണ്ടിപ്പടയണി, ഗൊഡേ, ഹോളി പൂജ, മേളൂ എന്നിവ പ്രധാന ആഘോഷങ്ങളാണ്.ദൈവജ്ഞബ്രാഹ്മണർ എന്നറിയപ്പെടുന്ന **സോനാർ** വിഭാഗത്തിന്റെ പ്രധാന തൊഴിൽ

സ്വർണ്ണപ്പണിയായിരുന്നു. രാജഭരണകാലത്ത് കൊച്ചിയുടെ നാണയം ആയിരുന്ന *പുത്തൻ* അടിക്കുന്നതിൽ ഈ വിഭാഗത്തിനും നിർണായക സ്ഥാനം ഉണ്ടായിരുന്നു. മറ്റൊരു വിഭാഗമായ **സാരസ്വതർ** ക്ഷേത്ര തൊഴിലുകൾ ആയ അടിച്ചുതളി, മാല കെട്ടൽ, വൃത്തമാടൽ എന്നിവ ചെയ്തിരുന്നവരായിരുന്നു. ദേവദാസി സമ്പ്രദായവുമായി ഈ സമൂഹത്തിന് ബന്ധമുണ്ട്. സാരസ്വതബ്രാഹ്മണരിൽ നിന്നും വ്യത്യസ്തമായി നാട്യ-സംഗീത-വാദ്യമേഖലകളിൽ അതിനിപുണരായിരുന്നു ഈ വിഭാഗക്കാർ. 1559-ൽ പോർച്ചുഗീസ് ഗവൺമെൻറ് നിർബന്ധിതമതപരിവർത്തനം പാസാക്കിയതിന്റെ ഫലമായി കൊച്ചിയിൽ എത്തിയവിഭാഗമാണ് **കുഡുംബികൾ**. ബ്രാഹ്മണരുടെ ഭൃത്യവൃത്തി ചെയ്യുകയും അവരുടെ ഇടയിൽ തന്നെ പാർക്കുകയും ചെയ്തിരുന്ന ആശ്രിത വിഭാഗമായിരുന്ന കുഡുംബികൾ കൃഷിയും മത്സ്യബന്ധനവും ഉപജീവനമാക്കിയിരുന്നു.

തമിഴർ

തമിഴ്നാട്ടിൽ നിന്നും വണ്ണാൻ, തമിഴ് വിശ്വകർമ്മ, വണികർ, യാദവർ, തമിഴ് ബ്രാഹ്മണർ എന്നീ 5 വിഭാഗക്കാരാണ് പലകാലങ്ങളിലായി കേരളത്തിലേക്ക് കുടിയേറിയത്. ഇതിൽ കൊച്ചിരാജാവിൻറെ ആവശ്യപ്രകാരം ഇവിടെ കുടിയേറിയ വിഭാഗമാണ് **വണിയസമൂഹം**.കൊച്ചിയിൽ ഭക്ഷ്യ എണ്ണ ഉൽപാദനത്തിന് പാണ്ഡ്യദേശത്തുനിന്നും എത്തിയ ഇവർക്ക് കൊച്ചിരാജാവ് താമസത്തിനായി അനുവദിച്ചു നൽകിയ പ്രദേശമാണ് ഇന്നത്തെ പാണ്ടിക്കുടി. ആദ്യകാലങ്ങളിൽ തമിഴ് ഉപയോഗിച്ചിരുന്നുവെങ്കിലും പുതുതലമുറ പൂർണമായും മലയാളമാണ് ഉപയോഗിക്കുന്നത്. തമിഴ്നാട്ടിലെ കന്യാകുമാരി തിരുനെൽവേലി പ്രദേശങ്ങളിൽ നിന്ന് കൊച്ചിയിലേക്ക് കുടിയേറിയ തമിഴ് വിശ്വകർമ്മജർ കൊച്ചി രാജകുടുംബത്തിന് വേണ്ടി ആഭരണങ്ങളും ക്ഷേത്രവിഭവങ്ങളും നിർമ്മിക്കുന്നതിനായി പലകാലഘട്ടങ്ങളിലായി കൊച്ചിയിലേക്ക് കുടിയേറിയവരാണ്.കൊച്ചിയിലെ തമിഴ് വിഭാഗക്കാരിൽ ന്യൂനപക്ഷമാണ് **യാദവർ**. മറ്റു തമിഴ് വിഭാഗങ്ങളിൽ നിന്നും വ്യത്യസ്തമായി തമിഴ് ആചാരാനുഷ്ഠാനങ്ങൾ സംരക്ഷിക്കുന്നവരാണ് യാദവർ. അലക്കുജോലി കുലത്തൊഴിലായുള്ളവരാണ് **വണ്ണാൻ** സമുദായം. കൊച്ചി രാജാവിന്റെ കാലഘട്ടത്തിൽ കൊട്ടാരങ്ങളിലെ വസ്ത്രങ്ങൾ അലക്കിയിരുന്ന വെളുത്തേടന്മാർ 1663ൽ സൈനികരുടെ വസ്ത്രം അലക്കാൻ വിസമ്മതിച്ചു. ഇതിനു പരിഹാരമായി 1720 ൽ ഡച്ച് സർക്കാർ തമിഴ്നാട്ടിൽ നിന്നും അലക്ക് ജോലിക്കായി കൊണ്ടുവന്ന 15 കുടുംബങ്ങളാണ് കൊച്ചിയിലെ ആദ്യത്തെ വണ്ണാൻ സമുദായം.

ഫോർട്ടുകൊച്ചിയിൽ ഇവർ താമസിച്ചിരുന്ന സ്ഥലമാണ് പിന്നീട് ഡോബി സ്ട്രീറ്റ് എന്നറിയപ്പെട്ടത്. 1976- അലക്കുകാർക്ക് വേണ്ടി ജിസിഡിഎ ഡോബി ഖാന നിർമ്മിച്ചു. വീട്ടിലും പുറത്തും തമിഴ് സംസാരിക്കുകയും തമിഴ് സംസ്കാരം പ്രതിഫലിപ്പിക്കുകയും ചെയ്യുന്ന വിഭാഗമാണ് തമിഴ് ബ്രാഹ്മണർ. പലിശയ്ക്ക് പണം കൊടുക്കുന്നത് ഇവർ തൊഴിലാക്കിയിരുന്നു.

ഗുജറാത്തികൾ

പശ്ചിമകൊച്ചിയുടെ സാമ്പത്തികമണ്ഡലങ്ങളിൽ നിർണായക സ്വാധീനമുള്ള കുടിയേറ്റസമൂഹമാണ് ഗുജറാത്തികൾ. ഗുജറാത്ത്, ഹരിയാന, രാജസ്ഥാൻ എന്നീ പ്രദേശങ്ങളിൽ നിന്നും കൊച്ചിയിൽ എത്തിയവരെ ഗുജറാത്തികൾ എന്ന് വിശേഷിപ്പിച്ചു. മട്ടാഞ്ചേരി-ഫോർട്ടുകൊച്ചി മേഖലയിൽ എഴുന്നൂറിലധികം കുടുംബങ്ങൾ ഉണ്ട്. ദസ്സ സോറത്തിയ, വിസ സോറത്തിയ, കപോൽ, പട്ടേൽ, മഹേശ്വരി, മാർവാഡി, വൈഷ്ണവ, ഭാട്ടിയ, ലോഹാന, ശ്രീമാളി, മോഡ്-ബിനിയ എന്നീ ഗുജറാത്തി വിഭാഗങ്ങളും അഗർവാൾ, ജൈനർ എന്നിവരും ചേരുന്നതാണ് പശ്ചിമ കൊച്ചിയെ ഗുജറാത്തി സമൂഹം. 1295ൽ ഗുജറാത്തികൾ ആദ്യമായി കേരളത്തിലെത്തിയെങ്കിലും ഒരു സമൂഹമായി വികാസം പ്രാപിക്കുന്നത് പത്തൊമ്പതാം നൂറ്റാണ്ടിലാണ്. വ്യാപാരമായിരുന്നു ഈ വിഭാഗത്തിൻറെ തൊഴിൽ. നവനീതകൃഷ്ണക്ഷേത്രം ഉൾപ്പെടെ 8 ആരാധനാലയങ്ങൾ ഗുജറാത്തി വിഭാഗത്തിന്റേതായി മട്ടാഞ്ചേരിയിൽ ഉണ്ട്.

കന്നഡക്കാർ

കൊച്ചിയിലെ കന്നട സമൂഹമാണ് ഹെഗ്ഡേ. പശ്ചിമകൊച്ചിയിൽ ശേയർവാടി, മഹാജൻവാടി, കൂവപ്പാടം അമരാവതി എന്ന പ്രദേശങ്ങളിലാണ് വിഭാഗം അധിവസിക്കുന്നത്.ഈ വിഭാഗത്തിൽ തന്നെ ജാതിശ്രേണി നിലനിന്നിരുന്നു. ഗണേശചതുർത്ഥി ഈ വിഭാഗത്തിൻറെ പ്രധാന ആഘോഷമാണ്.

ഇസ്ലാമുകൾ

പശ്ചിമകൊച്ചിയിൽ ലത്തീൻ ക്രൈസ്തവവിഭാഗം കഴിഞ്ഞാൽ ഏറ്റവും വലിയ ജനസമൂഹമാണ് ഇസ്ലാം മതവിശ്വാസികൾ. പ്രാചീനകാലം മുതൽ തന്നെ കേരളത്തിന് അറബിനാടുകളുമായി കച്ചവടബന്ധമുണ്ടായിരുന്നതിനാൽ അക്കാലം മുതൽ കൊച്ചിയിൽ ഇസ്ലാം മതവിശ്വാസികളുടെ കുടിയേറ്റം നടന്നിരുന്നുവെന്ന് കരുതാം.തദ്ദേശീയ മുസ്ലീങ്ങൾക്ക് ഒപ്പം കുടിയേറ്റമുസ്ലിം വിഭാഗവും കൊച്ചിയുടെ ഭാഗമാണ്. കച്ചിമേമൻ, ഹലായി മേമൻ, ദഖ്നികൾ, ദാവൂദി ബോഹ്റകൾ, കാശ്മീരികൾ എന്നീ വ്യത്യസ്ത വിഭാഗങ്ങളും പശ്ചിമകൊച്ചിയിലുണ്ട്. ഗുജറാത്തിലെ കച്ചിൽ നിന്നും കൊച്ചിയിലെത്തിയ വിഭാഗമാണ് കച്ചിമേമൻ. ബ്രിട്ടീഷ് അധിനിവേശകാലത്ത് കടൽവാണിജ്യവുമായി ബന്ധപ്പെട്ട്

അധിനിവേശകർക്ക് ഇന്ത്യൻ കച്ചവട സംഘങ്ങളുടെ സഹായം ആവശ്യമായി വന്നു. ഇത് ഈ വിഭാഗത്തിന് ഉണർവേകി. ബ്രിട്ടീഷ് വാണിജ്യത്തിൽ പങ്കാളികളായി. ഈ കൂട്ടുകെട്ടാണ് ഇവരെ കൊച്ചിയിൽ എത്തിച്ചത്.

കച്ചിക്കാരുടെ അങ്ങാടിയാണ് പിന്നീട് കൊച്ചങ്ങാടി ആയത്. മട്ടാഞ്ചേരിയിലെയും കൊച്ചങ്ങാടിയിലെയും വ്യാപാരശാലകൾ ഈ വിഭാഗത്തിൻറെ വാണിജ്യപ്രതാപത്തിന്റെ അടയാളമാണ്. ഗുജറാത്തിലെ ഹലായി ദേശത്തുനിന്നും കുടിയേറിയ മേമൻ വിഭാഗമാണ് ഹലായി മേമൻ. ഹലായി ഭാഷ സംസാരിക്കുന്നതുകൊണ്ടാണ് ഈ വിഭാഗത്തെ ഇങ്ങനെ വിളിക്കുന്നത്. ഡെക്കാൻ പ്രദേശത്തു നിന്നും കുടിയേറി പാർത്തവരാണ് ദഖ്നികൾ. പശ്ചിമ കൊച്ചിയിൽ ഇവർ ന്യൂനപക്ഷ സമൂഹമാണ്. കൊച്ചിയിലെ മുസ്ലിം വിഭാഗത്തിൽ യമൻ സ്വാധീനമുള്ള വിഭാഗമാണ് ദാവൂദ് ബോറകൾ. ഈ വിഭാഗവും ഗുജറാത്തിൽ നിന്ന് കുടിയേറിവരാണ്.

പശ്ചിമകൊച്ചിയിലേക്ക് കുടിയേറിയ അവസാന കണ്ണികളാണ് **കാശ്മീരികൾ**. 1990 ആണ് ഇവർ കൊച്ചിയിലെത്തുന്നത്. കാശ്മീർ പ്രശ്നവുമായി ബന്ധപ്പെട്ടുള്ള സൈനിക നടപടികൾ ഇന്ത്യയിലെ പ്രധാന ടൂറിസ്റ്റ് കേന്ദ്രമായിരുന്ന കാശ്മീരിനെ പ്രതികൂലമായി ബാധിച്ചതിന്റെ ഭാഗമായി പ്രധാന വരുമാനമായ കൃഷിയും ടൂറിസവും നശിച്ച പുതിയ വിപണി അന്വേഷിച്ചാണ് കാശ്മീരികൾ കൊച്ചിയിലെത്തുന്നത്. കൊച്ചിയുടെ സംസ്കാരമോ ഭാഷയോ ഉൾക്കൊള്ളുവാൻ വിമുഖത കാണിക്കുന്ന ഒരു വിഭാഗം കൂടിയാണ് കാശ്മീരികൾ.

ജൂതർ

കേരളത്തിലെ ജൂതരുടെ ആദ്യ കേന്ദ്രം കൊടുങ്ങല്ലൂരായിരുന്നു. പതിനാലാം നൂറ്റാണ്ടിലാണ് ജൂതർ കൊച്ചിയിലേക്ക് ആദ്യംകുടിയേറുന്നത്. പോർച്ചുഗീസ് മതനയത്തിന്റെ ഭാഗമായി കൊടുങ്ങല്ലൂരിൽ നിലയുറപ്പിക്കാൻ പ്രയാസപ്പെട്ട ജൂതർക്ക് കൊച്ചിരാജാവ് അഭയം നൽകിയതോടുകൂടി ഇവരുടെ പ്രധാന കേന്ദ്രമായി കൊച്ചി മാറി. ഡച്ച് ഭരണകാലം ജൂതരുടെ സുവർണകാലഘട്ടമായിരുന്നു പോർച്ചുഗീസുകാർ തകർത്തെറിഞ്ഞ ജൂതപ്പള്ളിയും ജൂതത്തെരുവുംഅവർ മുൻകൈയെടുത്തു പുനർനിർമിച്ചു നൽകി. പൊതുസമൂഹത്തിൽ നിന്നും വ്യത്യസ്തമായ സാംസ്കാരിക സവിശേഷതകളാണ് ജൂത സമൂഹത്തിന്റേത്. ഹിബ്രൂം നിയമപ്രകാരം അനുസരിച്ചുള്ള ഭക്ഷണക്രമം ഇവർ പാലിച്ചു. ഇറച്ചിയും പാലും ഒന്നിച്ചവർ ഉപയോഗിക്കാറില്ല. നാലു മണിക്കൂറിന്റെ ഇടവേള കൃത്യമായി സൂക്ഷിക്കും. കറുത്ത ജൂതർ വെളുത്ത ജൂതർ എന്നിങ്ങനെ രണ്ട് തരം വിഭാഗം കൊച്ചിയിലുണ്ടായിരുന്നു. രാജഭരണകാലത്ത് വലിയ സ്വീകാര്യതയും പരിഗണനയും ലഭിച്ച വിഭാഗമായിരുന്നു ഇവർ. കൊച്ചിയിലെ ജൂതരിൽ കുറെ പേര് ഇസ്രയേലിലേക്ക് തിരിച്ചു പോയി. കുറച്ചുപേർ ഇപ്പോഴും

വേറിട്ട സംസ്കാരവുമായി കൊച്ചിയിൽ അവശേഷിക്കുന്നു.

നൂറ്റാണ്ടുകൾ പഴക്കമുള്ള കുടിയേറ്റങ്ങളിലൂടെ പരുവപ്പെട്ടതാണ് പശ്ചിമകൊച്ചിയുടെ ബഹുസാംസ്കാരികജീവിതം. ഭാഷയിലും, ജീവിതരീതിയിലും, വേഷത്തിലും, ആചാരാനുഷ്ഠാനങ്ങളിലും, തീവ്രത ഏറിയും കുറഞ്ഞും പ്രകടമാകുന്ന മതവിശ്വാസത്തിലും, ഭക്ഷണസംസ്കാരത്തിലും എന്നിങ്ങനെ എണ്ണിയാലൊടുങ്ങാത്ത മേഖലകളിൽ വൈവിധ്യം പുലർത്തുന്ന നിരവധി വിഭാഗങ്ങളുടെ കൂടിപ്പുലർച്ചയിലാണ് പശ്ചിമകൊച്ചിയുടെബഹുസാംസ്കാരി കജീവിതം വേരൂന്നുന്നത്.

ഗ്രന്ഥസൂചി

കരീം, സി കെ,1996,*ഫ്രാൻസിസ് ബുക്കാനന്റെ കേരളം*, കേരള ഭാഷഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

ഗണേഷ്, കെ.എൻ.,1997*കേരളത്തിന്റെ ഇന്നലെകൾ*, സാംസ്കാരിക പ്രസിദ്ധീകരണവകുപ്പ്,തിരുവനന്തപുരം

ഗണേഷ്,കെ.എൻ.,2016*ചരിത്രം ഉണ്ടാകുന്നത്*, കേരള ശാസ്ത്രസാഹിത്യപരിഷത്,തൃശൂർ.

ഗണേഷ്, കെ.എൻ.,2010, *കേരള സമൂഹപഠനങ്ങൾ*, പ്രസക്തി ബുക്ക്സ്, പത്തനംതിട്ട.

ഗോപാലകൃഷ്ണൻ,നടുവട്ടം.,2003,*കേരള ചരിത്രധാരകൾ*, മാളുബൻ പബ്ലിക്കേഷൻ, തിരുവനന്തരം.

ഗോപി, പി.കെ.,2013, *കൊച്ചിയുംപൈതൃകസംസ്കാരങ്ങളും*, കേരളഭാഷാഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

ജമാൽ, കൊച്ചങ്ങാടി.,2018,*ഇതെന്റെ കൊച്ചി*, ബാംബൂ ബുക്ക്സ്, തൃശൂർ.

ദിവാകരൻ,കെ.ജി.2015*കൊച്ചി യുടെചരിത്രവാടങ്ങൾ*,ശ്രീനാരായണജ്യോതിഷ അക്കാദമി,കൊച്ചി.

നിർമല,എൻ.2015*കേരളത്തിലെകുഡുംബിൾ(ഒരു ചരിത്രപഠനം)*, ഭാരതീയ കൊങ്കണിഭാഷാവികാസ് സഭ, കൊച്ചി.

പത്മനാഭമേനോൻ,കെ.പി. 1996,*കൊച്ചീ രാജ്യചരിത്രം*, മാതൃഭൂമിബുക്ക്സ്,കോഴിക്കോട്.

പീതാംബരൻ,പി.കെ.2014,*കേരളയഹൂദരുടെ സാംസ്കാരികചരിത്രം*, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

തോമസ്,ബോണി.2018,*കൊച്ചിക്കാർ*, പ്രണതാ ബുക്ക്സ്, എറണാകുളം.

മൻസൂർ, നൈന.,2020,*നൈനാചരിത്രം നൂറ്റാണ്ടുകളിലൂടെ*, നൈന അസോസിയേഷൻ, കൊച്ചി.

രാഘവവാര്യർ,എം.ആർ.2012*ജൈനമതം കേരളത്തിൽ*,സാഹിത്യപ്രവർത്തകസഹകരണസംഘം,കോട്ടയം.

രാഘവൻ,ടി.ആർ2016,*ഇന്ത്യൻ കപ്പലോട്ടത്തിന്റെചരിത്രം*,കേരള ഭാഷാഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

ലക്ഷ്മണമല്യ,ബി.2011*മഹാജൻ: കൊങ്കിണി സാംസ്കാരികനിറച്ചാർത്തുംപൈതൃകവും*, ജി.എസ്.ബി മഹാസമ്മേളനം, കൊച്ചി.

വസന്തൻ, എസ്.കെ. 2016,*നമ്മൾ നടന്ന*

വഴികൾ, മലയാളപഠനഗവേഷണ-കേന്ദ്രം തൃശൂർ.

വാലത്ത്, വി.വി.കെ.**2006** *കേരളത്തിലെ സ്ഥലചരിത്രങ്ങൾ-എറണാകുളം ല്ല*.കേരള സാഹിത്യ അക്കാദമി,തൃശൂർ.

വിനി,എ).**2016,** *കുഡുംബികൾ രളത്തിൽ: ചരിത്രവും രവും,*സാഹിത്യപ്രവർത്തക സഹകരണസംഘം, കോട്ടയം.

വിനി,എ)**2016,** *ഗൗഢസാരസ്വതബ്രാഹ്മണർ പൂർവവർത്തമാനചരിത്രം,* സാഹിത്യപ്രവർത്തക സഹകരണസംഘം, കോട്ടയം.

വേലായുധൻ, പണിക്കശ്ശേരി. **2009** *പോർച്ചുഗീസ്-ഡച്ച് ആധിപത്യം കേരളത്തിൽ,* കറന്റ്ബുക്ക്സ്, കോട്ടയം.

വേലായുധൻ, പണിക്കശ്ശേരി.**2017**, *സഞ്ചാരികൾ കണ്ട കേരളം*, കറന്റ് ബുക്ക്സ്, കോട്ടയം.

Deleuze, Gill &Guttari, Felix. **2005,***A Thousand Plateous*, University of Minnesota, Minneapolies.

Dunaway D.K.& Baum W.K(eds), **1996***Oral History An Interdisciplinary Anthology,* AltamirPress, London.

Homi K Bhabha.**2004***The Location of Culture*, Routeledge, London.

Jordan, Glenn &Weeden, Chris. **1995**, *Cultural Politics: Class, Gender, Race and the Post Modern World*, Wiley Blackwud, USA.

Williams, Raymond.**2017***Culture and Society,* Vintage, Penguin Random House, UK.

Williams, Raymond. **2016***Marxism and Literature*, Oxford University Press,New Delhi.

പ്രവാസി ജീവിതം: ബെന്യാമിൻറെ ആടു ജീവിതം നോവലിൽ

സ്വയംപ്രഭ.സി.ടി
ഗവേഷക
മഹാരാജാസ് കോളേജ്
എറണാകുളം

ആമുഖം ഇസ്രയേലിൽ നിന്ന് മറ്റു നാടുകളിലേക്കു ചിതറിപ്പാർത്ത ജൂതരെ കുറിക്കാനാണ് 'ഡയസ്പോറ 'എന്ന സംജ്ഞ ഉപയോഗിച്ചത്. 1971 ഡിസംബർ രണ്ടാം തീയതിയാണ് ബ്രിട്ടൻ്റെ ടുനീഷ്യൻ സ്റ്റേറ്റായിരുന്ന ഐക്യ അറബ് നാട് അവരിൽ നിന്ന് മോചിതരാകുന്നത്. അതിൻ്റെ ഒരു സ്വതന്ത്ര നാടായി ഇന്നത്തെ യു.എ.ഇ മാറിയതാണ് കേരളത്തിൻ്റെ ഗൾഫ് കുടിയേറ്റത്തിൻ്റെ വേഗതയ്ക്ക്കാരണമായത്.

ആദ്യകാലങ്ങളിൽ ജോലിക്കെത്തുന്ന സാധാരണ തൊഴിലാളികൾക്ക് തങ്ങളുടെ ജീവിതം ഒരു സാഹിത്യ സൃഷ്ടിയായി കൊണ്ടുവരാൻ അവരുടെ കൈയ്യിൽ ഒരു സാഹിത്യഭാഷയുണ്ടായിരുന്നില്ല.

അവിടുത്തെ കർശന നിയമങ്ങൾക്ക് നിയന്ത്രിതമായിരുന്നു അവരുടെ ജീവിതം.1990കൾക്കുശേഷം വിദ്യാസമ്പന്നരുടെ ഒരു പുതു തലമുറ അവിടെ എത്തപ്പെട്ടു. ലോകസാഹിത്യത്തിൽ തന്നെ പ്രവാസികളുടേയും കുടിയേറ്റക്കാരുടേയും ജീവിതങ്ങൾ അടയാളപ്പെടുത്തേണ്ടതാണെന്ന ഒരു വിചാരം ഉണ്ടായി. ഇരുപത്തിയൊന്നാം നൂറ്റാണ്ടിൽ പ്രവാസസാഹിത്യം ശക്തി പ്രാപിച്ചു. ഓയിൽ ബ്ലൂവാണ് ബൃഹത്തായൊരു മലയാളി പ്രവാസ സമൂഹം സൃഷ്ടിച്ചത്. രമണനു ശേഷം സാഹിത്യത്തിലെ നാഴികകല്ല്' എന്ന് വിശേഷിപ്പിക്കപ്പെട്ട ഒരു കൃതിയാണ് 'ബെന്യാമിൻറെ ആടു ജീവിതം. ഉത്തമമായി എഴുതപ്പെട്ട ഏതൊരു കൃതിക്കും അതിൻ്റേതായഒരു സാമൂഹ്യ പശ്ചാത്തലമുണ്ട്. നമ്മുടെ പ്രവാസി എഴുത്തുകാർ വിദേശങ്ങളിലിരുന്ന് നിരന്തരം നാടിനെക്കുറിച്ച് ഓർമ്മിപ്പിച്ച പ്പോൾ, നാടിനെക്കുറിച്ചെഴുതിയപ്പോൾ പ്രവാസജീവതത്തോട് നീതി പുലർത്തിക്കൊണ്ട് പ്രവാസജീവിതത്തെ തന്നെ ആവിഷ്ക്കരിക്കുകയായിരുന്നു ബെന്യാമിൻ്റെ ആടു ജീവിതത്തിൽ .നാം അനുഭവിക്കാത്ത ജീവിതങ്ങളെല്ലാം നമുക്ക് വെറും കെട്ടുകഥകൾ മാത്രമാണ് എന്ന മുദ്രയും പേറി ഇറങ്ങിയ ആടുജീവിതം വിപുലീകരിക്കപ്പെട്ട ഒരു വായനക്ക് വിധേയമായി. പ്രവാസത്തെയും പ്രവാസ സാഹിത്യത്തെയും കുറിച്ച് നിലവിലുള്ള തത്വങ്ങളെ ആടുജീവിതം പ്രശ്നവല്ക്കരിക്കുന്നു.

സുരക്ഷിതത്വത്തിൻ്റെ സ്വപ്നങ്ങളിൽ നിന്ന് അരക്ഷിതത്വത്തിലേക്കു വീഴുന്ന പ്രവാസത്തിൻ്റെ കഥയാണ് ബെന്യാമിൻ പറയുന്നത്. ജീവിതം,

മരണം, അസ്തിത്വം, വിധി എന്നിവയെക്കുറിച്ചുള്ള സങ്കല്പങ്ങൾ വ്യാഖ്യാനവിധേയമാക്കിയ നോവലാണ് ആടുജീവിതം.

നിരന്തരമായ പീഡനങ്ങളും ആടുകളുമൊത്തുള്ള മരുഭൂമിയിലെ ജീവിതവും ഭാഷാശൂന്യതയും നജീബിനെ ഒരു തരം ആടുമനുഷ്യനായി പരിവർത്തിപ്പിച്ചു. 'എൻ്റെ ഉപ്പ ചത്തു പോയി' എന്നാണ് നോവലിൽ കഥാപാത്രം പറയുന്നത്. മരിക്കാനും അന്തരിക്കാനും ദിവംഗതനാകാനും കാലം ചെയ്യുവാനും വിധിക്കപ്പെട്ട അനേകം മനുഷ്യരുടെ ഇടയിൽ ഇതിനൊന്നിനും വിധിയില്ലാതെ വെറുതെ ചത്തു പോകാൻ മാത്രം വിധിക്കപ്പെടുന്ന അനേകം ഉപ്പമാരുടേതു കൂടിയാണ് ഈ ലോകം എന്ന ഓർമ്മപ്പെടുത്തലിൻ്റെ സൂക്ഷ്മ രാഷ്ട്രീയം ആവാചകത്തിലുണ്ട്.

ദേശത്തിനും സ്വത്വത്തിനും വേണ്ടിയുള്ള തൃഷ്ണയുടെ ആവിഷ്ക്കാരമായി എഴുത്തു മാറുന്നു. കടയുടെ മുന്നിൽ ഒരു ബോർഡ് 'മലബാർ റെസ്റ്റോറൻ്റ് 'അതും മലയാളത്തിൽ എനിക്കാശ്വാസമായി എൻ്റെ ഭാഷ അറിയാവുന്ന ഞാൻ പറയുന്നത് മനസ്സിലാക്കുന്ന ഒരാൾ അവിടെയുണ്ടാകുമെന്ന് ഉറപ്പ് (പേജ് 168)

സംഘടിത മതങ്ങൾക്കും അവയുടെ ശാസനാ പൂർവ്വമായ ആചാരാനുഷ്ഠാനങ്ങൾക്കും അത് ലംഘിക്കുമ്പോഴുണ്ടാകുന്ന പാപബോധത്തിനപ്പുറം പീഡിതനായ മനുഷ്യനും സർവ്വശക്തനായ ദൈവവും തമ്മിലുള്ള ആധേയാധാര ബന്ധത്തിൻ്റെ ആവിഷ്ക്കാരമാണീ നോവൽ

ഇതുവരെ നാം കേട്ട /വായിച്ച ഇടയ ജീവിതം മനോഹരവും കാല്പനികവുമായിരുന്നു.

പഴയ ആരണ്യകാവ്യമായ ഇടയ ജീവിതസങ്കല്പത്തിൽ നിന്നും അതിലെ കാല്പനികതക്കുപകരം പൊള്ളിക്കുന്ന വിജനമായ മരുഭൂമിയും കഠിനമായ അടിമജീവിതവും അതിൻ്റെ യാഥാർത്ഥ്യവുമാണ് ആടുജീവിതത്തിൽ ആവിഷ്കരിക്കുന്നത്.

ചാർളിചാപ്ലിൻ്റെ 'മോഡേൺ ടൈംസി'ൻ്റെ ആദ്യ രംഗത്തിൽ തന്നെ ഫാക്ടറി തൊഴിലാളികളുടെ ദയനീയാവസ്ഥയെ സൂചിപ്പിക്കുന്ന തിക്കിത്തിരക്കി പോകുന്ന ആടുകളുടെ ദൃശ്യം തന്നെ മനുഷ്യജീവിതം ആടുജീവിതത്തിൽ നിന്ന് ഭിന്നമല്ലെന്ന പരികല്പന അവതരിപ്പിക്കുന്നുണ്ട്.

ആടുജീവിതത്തിലെ സാമൂഹ്യ നിർമ്മിതി അപഗ്രഥന വിധേയമാകുമ്പോൾ അത് നാംcivilization, culture എന്നീ വാക്കുകൾ കൊണ്ട് വിശേഷിപ്പിക്കുന്നു. മനുഷ്യ സംസ്ക്കാരം രൂപപ്പെട്ടു വന്ന കാലഘട്ടത്തെക്കാളും പ്രാകൃതമാണെന്നു കാണാം. ആധുനിക നാഗരികതയും സംസ്കാരസമ്പന്നമായ ആധുനിക ജീവിതവുമെല്ലാംമിന്നലായി ആടുജീവിതത്തിൽ കടന്നു വരുന്നുണ്ട്. സിവിൽ നിയമനിർമാണങ്ങളും പൗരാവകാശ ബോധവും ജനാധിപത്യ സംവിധാനവുമെല്ലാം രൂപപ്പെട്ടു വരുന്നതിനു മുമ്പുള്ള അടിമ ജീവിതമാണ് ആടുജീവിതത്തിൽ നാം

കാണുന്നത്.

നരജീവിതവും മൃഗജീവിതവും രണ്ടല്ലാതെ ഒന്നായി തീരുന്നതു തന്നെയാന്ന് ആടുജീവിതത്തിൽകാണുന്നത്.ഞങ്ങൾ രണ്ടുനായ്ക്കളെ പ്പോലെ ചുരുണ്ടു കൂടി കിടന്നു(പേജ്192,)യൂഫ്രട്ടീസ്, ടൈഗ്രീസ് നദികൾ രൂപപ്പെടുത്തിയെടുത്ത മെസപ്പൊട്ടോ മ്യൻ സംസ്കാരം രൂപപ്പെട്ടതും വികസിച്ചതും ഇവിടെയാണെങ്കിലും അതു പറയുന്നില്ല. കാരണം ആടുജീവിതത്തിൻ്റെ കഥ അത്ര മാത്രം ഏകദിശാകേന്ദ്രികൃതമാണ്. അറേബ്യൻ രാജ്യങ്ങളിലുണ്ടായ രചനകളിലെ ആത്മീയ സാന്നിധ്യത്തെ തിരസ്ക്കരിച്ചു കൊണ്ട് ദൈവികസാന്നിധ്യം ആടുജീവിതത്തിൽ പ്രത്യക്ഷപ്പെടുന്നു. ഇബ്രാഹിം ഖാദരിയെ നമുക്ക് പല വിധത്തിൽ വായിക്കാം. അത് വായനക്കാരൻ്റെ സ്വാതന്ത്ര്യം ബഹുവ്യാഖ്യാന സ്വഭാവമുള്ള കഥാപാത്രം തൻ്റെ ദൗത്യം പൂർത്തിയായി എന്ന കൃത്യതയോടെ ബോധ്യത്തോടെയാണ് നോവലിൽ നിന്നും മടങ്ങുന്നത്.

റിയാദ്മാനത്താവളത്തിലെത്തിയപ്പോൾ കണ്ട പർദ്ദധാരികളായ സ്ത്രീയേയും അറബിയേയും കണ്ടപ്പോൾ അൻറാർട്ടിക്കയിലെ കുറെ പെൻഗ്വിനുകളാണ് ഇവയെന്നോർത്ത് നജീബ് ചിരിക്കുന്നു. വേദനാനിർഭരമായ ജീവിതത്തിൽ ഒരു കറുത്ത ഹാസ്യത്തെ(Black humar). കൊണ്ടുവരാൻ ശ്രമിക്കുന്നു.

നജീബിന് ബാഹ്യമായും ആന്തരികമായാ സ്വത്വപരിണാമം സംഭവിക്കുന്നു.

വിലങ്ങണിഞ്ഞ എൺപത് ആടുകളെ ഒരു മസറയിലേക്ക് ആട്ടിത്തെളിച്ചു കയറ്റുന്നതായിട്ടാണ് എനിക്കപ്പോൾ തോന്നിയത്. അതിൽ ഒരാട് ഞാനായിരുന്നു.(പേജ്175,)

ആത്യന്തികമായി ചൂഷണവ്യവസ്ഥകളാണ് വ്യക്തിയിൽ സ്വത്വശിഥിലീകരണം നടത്തുന്നത് എന്ന രാഷ്ട്രീയവായന കൂടി ഇവിടെ ആവശ്യമുണ്ട്.

മനുഷ്യന് സംഭവിക്കാവുന്ന പതനങ്ങളിൽ ഏറ്റവും വലുതാണ് അപമാനവീകരണം(De-humnization) ഭക്ഷണം പാർപ്പിടം, ശുചിത്വ സംവിധാനം, ആശയവിനിമയസ്വാതന്ത്ര്യം സാമൂഹിക ബന്ധങ്ങൾ ഈ നിഷേധങ്ങളെല്ലാം അപമാനവീകരണത്തിൽ പെടുന്നു. ഇത്തരത്തിൽ അപമാന വീകരണത്തെക്കുറിച്ച് മലയാളത്തിലുണ്ടാകുന്നകൃതികളിൽ ഏറ്റവും ഗംഭീരമാണ് ആടുജീവിതം

ചെത്ത്, അടിപൊളി ,ബ്രൊ, കത്തി എന്നിങ്ങനെയുള്ള ന്യൂജനറേഷൻ പദങ്ങൾക്കൊപ്പം ആടുജീവിതവും ഒരു ന്യൂജനറേഷൻ പദമായി കൊണ്ടുനടക്കുന്നു.മലയാളത്തിൽ ആടുമായി ബന്ധപ്പെട്ടുണ്ടാകുന്ന വിഖ്യാതരചന 'ബഷീറിൻ്റെ പാത്തുമ്മയുടെ ആടാണ്'(1959) രണ്ട് കൃതികൾക്കിടയിലെ അമ്പതു വർഷം കേരളിയരുടെ സാമൂഹിക ജീവിതത്തിൽ വരുത്തിയ മാറ്റങ്ങളുടെ നേർചിത്രം കൂടിയാണ് ബെന്യാമിൻ്റെ ആടുജീവിതം

'ഇത് നജീബിൻ്റെ കഥയല്ല; ജീവിതമാണ്''എന്ന് ബെന്യാമിൻ തുറന്നെഴുതിയതിനെ മുൻനിർത്തിയായിരുന്നു അടുത്ത കാലത്ത് ആനുകാലികങ്ങളിലും പുസ്തകപ്രസാധനരംഗത്തും സജീവമായ ജീവിതമെഴുത്തിൻ്റെ വർഗീകരണത്തിലേക്ക് ആടുജീവിതത്തെ എളുപ്പത്തിൻ പ്രതിഷ്ഠിക്കാൻ അതിൻ്റെ വിമർശകർക്ക് സാധിച്ചത്. ആഗോളീകരണം ഉയർത്തിപ്പിടിക്കുന്നത് ഇത്തരത്തിൽ ജീവിതവും ഭാവനയും ഒന്നായി തീരുന്ന ഒരു വ്യവഹാരത്തെയാണ്.

ഉപസംഹാരം

മലയാളിയുടെ വർത്തമാനത്തിൻ്റെ സാംസ്കാരിക തീർച്ചകളെ മുഴുവനായോ അല്ലാതെയോ അഭിസംബോധന ചെയ്യാൻ കഴിയുന്നതാണ് ഈ നോവലിൻ്റെ വിജയം ആടുജീവിതത്തിന് നിർവ്വഹിക്കാനുള്ള ദൗത്യം പൂർത്തിയാക്കുന്നത് അത് അറബികൾ വായിക്കുമ്പോഴാണ്.എല്ലാവർഷവും ജനുവരി ഒൻപതാം തീയതി പ്രവാസിദിനമായി ആചരിക്കുന്നു. 2024 എത്തിനില്ക്കുമ്പോൾ ആ ദിനം എങ്ങനെ ആചരിക്കുന്നുവെന്നോ പ്രവാസികൾക്കു വേണ്ടി എന്തു ചെയ്യുന്നുവെന്നോ നാം അന്വേഷിക്കേണ്ടതുണ്ട്. മനുഷ്യനിൽ അറ്റകുറ്റപണികൾ നടത്തുവാൻ മാത്രമല്ല സാഹിത്യത്തിന് കഴിയുന്നത്. മനുഷ്യ സമൂഹത്തെ അപ്പാടെ മാറ്റിയെടുക്കാൻ കഴിയുന്ന രാഷ്ട്രീയ പ്രവർത്തനം കൂടിയാണ് സാഹിത്യം.

സഹായകഗ്രന്ഥങ്ങൾ

ആടുജീവിതം നോവൽബെന്യാമിൻ, ഗ്രീൻ ബുക്സ്,2015.

ആടുജീവിതം കഥ പറയുമ്പോൾ ,ഗ്രീൻ ബുക്സ് ,2015.

പ്രവാസത്തിൻറെ വർത്തമാനം, ഇ.കെ.ദിനേശൻ, ലോഗോസ് ബുക്സ്,2019.

പ്രവാസം ദേശവും സ്വത്വവും ആടുജീവിത പഠനങ്ങൾ, അജേഷ്കടന്നപ്പള്ളി, പുസ്തകഭവൻ,കണ്ണൂർ, 2014

Vol. 8 Special Issue 3 August 2024 E-ISSN: 2456-5571

ദളിത് സാന്നിധ്യം എം.ബി മനോജിന്റെ കവിതകളിൽ

ഡോ.മോളിക്കുട്ടിതോമസ്
അസി.പ്രൊഫസർ, മലയാളവിഭാഗം
എസ്. എച്ച്. കോളേജ്,തേവര

ദളിത്സാമൂഹികജീവിതത്തിന്റെവ്യത്യസ്തങ്ങളായ ജീവിതരീതികളുംവ്യവഹാരങ്ങളുംഅതിജീവനഅനുഭവങ്ങളും വേദനിപ്പിക്കുന്നഓർമ്മകളുംമറനീക്കിയെത്തുന്നമൗനങ്ങളുംനിഷേധിക്കാനാവാത്തവിധംകലയിലുംസാഹിത്യത്തിലുംഇന്ന്പ്രകാശിതമായിരിക്കുന്നു.അരികുവൽക്കരിക്കപ്പെട്ടവന്റെസ്വയംപ്രകാശിതമായജീവിതമാണ്സാഹിത്യരചനകളിൽഉള്ളത്.

"കാണുന്നിലോരക്ഷരവുംഎന്റെവംശത്തെപ്പറ്റി '"എന്നുള്ളപൂർവ്വകാലസങ്കടം മാറി "കാണുന്നുണ്ടനേകംഅക്ഷരങ്ങൾ" എന്ന അവസ്ഥയിൽഎത്തിയിരിക്കുന്നു ദളിത് രചനകൾ. അടിമത്തത്തിന്റെ മുറിപ്പാടുകളും ജ്ഞാന രൂപങ്ങളും ചേർന്ന ആവിഷ്കാരത്തിലൂടെ പുത്തൻഅവബോധത്തിലേക്ക്ഭാഷാസാഹിത്യസങ്കല്പങ്ങൾഉണർന്നു. ചരിത്രനിർമ്മിതികളിലും സാമൂഹികഭാവനയിലും ഇടം കിട്ടാതെ പോയ ദളിതരെ പൊതുസമൂഹത്തിന്റെ ചരിത്ര നിർമിതിയിലേക്ക് കൂട്ടിക്കൊണ്ടു വരുവാൻ ദളിത് സാഹിത്യത്തിന് കഴിഞ്ഞു.

പുറമ്പോക്കുകളിൽ ആയിരുന്നവർക്ക് സമൂഹ ധാരയിൽ ഒരിടംസൃഷ്ടിക്കാൻഎം.ബി.മനോജിന്റെ കവിതകൾക്ക്കഴിഞ്ഞിട്ടുണ്ട്. ഇക്കാലമത്രയുംഅടക്കിവെച്ചിരുന്നനിസ്വന്റെസ്വരം പുറം ലോകത്തെ പ്രകമ്പനം കൊള്ളിച്ചത് ഇത്തരം രചനകളിലൂടെ ആയിരുന്നു. എം. ബി.മനോജിന്റെകവിതകൾഇതിൽഒരു പ്രധാനപങ്കു വഹിക്കുന്നുണ്ട്.

ദളിത് പദനിഷ്പത്തിയും ചരിത്രവും

ഭക്ഷ്യധാന്യങ്ങളുതുവരെയും കേടുവരാതെ സൂക്ഷിക്കുന്നപ്രക്രിയഎന്നഅർത്ഥത്തിൽ ക്രിയാപദമായി “ദെൽ” എന്ന വാക്ക്ഉപയോഗിച്ചിരുന്നു. ചരിത്രത്തിലെമഹത്വ്യക്തികളായ ജ്യോതിറാവുഫുലെ, ബി.ആർ. അംബേദ്കർ എന്നിവർ അസ്പൃശ്യർ അനുഭവിക്കുന്ന കടുത്ത പീഡനങ്ങളെ വിവരിക്കാൻ വേണ്ടി നാമമായുംനാമവിശേഷണമായും ദൽ എന്ന വാക്ക് ഉപയോഗിച്ചു. എന്നാൽ അസ്പൃശ്യർ എന്ന് വിളിക്കപ്പെട്ട ഇവർ സ്വയം നാമകരണം ചെയ്ത പദമാണ് 'ദളിത് '. ദലനം ചെയ്യപ്പെട്ടത് മുറിച്ചുമാറ്റപ്പെട്ടത് എന്ന അർത്ഥത്തിൽ സമൂഹ ശരീരത്തിൽ നിന്ന് വിച്ഛേദിക്കപ്പെട്ട ഒരു ജനവിഭാഗം തങ്ങളുടെ സ്വത്വബോധവും പ്രതിഷേധവും രേഖപ്പെടുത്തുകയാണ് ദളിത് രചനകളിലൂടെ .

ദളിത് സാഹിത്യം

അനുഭവങ്ങളുടെ തീച്ചൂളയിൽ വിരിഞ്ഞ ദളിത് ജീവിതത്തെഅക്ഷരങ്ങളിലേക്ക്ആവാഹിക്കുകയാണ്ദളിത് സാഹിത്യം. തങ്ങൾഅനുഭവിക്കുന്നഅവഗണനകളും ചൂഷണങ്ങളും പീഡനങ്ങളും തങ്ങളുടെ തന്നെ ഭാഷയിലാണ് അടയാളപ്പെടുത്തുന്നത്. അതുകൊണ്ട് ആ ഭാഷ അങ്ങേയറ്റം മൂർച്ചയുള്ളതായിരിക്കുന്നു. തകർക്കപ്പെട്ട സ്വത്വത്തെ ആഖ്യാനത്തിലൂടെ പുനർനിർമ്മിക്കുകയാണ് ഈ സാഹിത്യത്തിലൂടെ ചെയ്യുന്നത്. ഇന്ത്യയിലെ മിക്ക ഭാഷകളിലും ദളിത് സാഹിത്യ രചനകൾ ഉണ്ടായിട്ടുണ്ട് മറാട്ടിയിൽ ആണ് ഏറ്റവുംകൂടുതൽകണ്ടുവരുന്നത്. ഓംപ്രകാശവാത്മീകിയുടെ "ജൂഡൻ" എന്ന നോവൽ ആ ശീർഷകം കൊണ്ടുതന്നെ ഏറെശ്രദ്ധേയമാണ്. "മധ്യവർഗ കുടുംബങ്ങളിൽ ഭക്ഷണത്തളികയിൽ ബാക്കിയാവുകയും സാധാരണ ചവറ്റുകുട്ടയിൽ നിക്ഷേപിക്കപ്പെടുകയും ചെയ്യുന്ന ഭക്ഷണ അവശിഷ്ടമാണ് ജൂഡൻ"എന്നഹിന്ദിപദംകൊണ്ട്അർത്ഥമാക്കിയിരുന്നത്. നിന്ദിക്കപ്പെട്ട, വലിച്ചെറിയപ്പെട്ടഒരുജനവിഭാഗത്തിന്റെആത്മരോദനമാണ് ഇവിടെ മുഴങ്ങി കേൾക്കുന്നത്. ദളിതർക്ക് വേണ്ടി ദളിതർ അല്ലാത്തവർ എഴുതുന്ന രചനകൾ ദളിതപക്ഷ രചനകൾ മാത്രമേ ആകുന്നുള്ളൂ. ഉദാഹരണത്തിന്കുമാരനാശാന്റെ ചണ്ഡാലഭിക്ഷുകി, ചങ്ങമ്പുഴയുടെ വാഴക്കുല, തകഴിയുടെരണ്ടിടങ്ങഴി തുടങ്ങിയവ.

ദളിത് സാഹിത്യത്തിന് കറുത്തവരുടെ, ബ്ലാക്ക് ലിറ്ററേച്ചർ(കറുത്തസാഹിത്യ)ത്തോട് സാദൃശ്യപ്പെടുത്താവുന്നതാണ്. നീഗ്രോ എന്ന പദത്തിനുപകരംകറുത്തവർബ്ലാക്ക്സ്എന്ന പേര് സ്വീകരിച്ചതുപോലെ ഇന്ത്യയിൽ അയിത്തം അനുഭവിച്ചിരുന്നവർ "ഹരിജൻ" എന്ന പേര് നിരാകരിച്ച് ദളിത് എന്ന വാക്ക് സ്വയം സ്വീകരിക്കുകയുണ്ടായി.

ജാതിവ്യവസ്ഥയുടെ അപമാനവും ദാരിദ്ര്യവും എങ്ങനെ ഒരുദളിതനെവേട്ടയാടുന്നുഎന്നതിന്റെ ഏറ്റവുംവലിയഉദാഹരണമാണ് നാസിക്കിലെ ഓപ്പൺ യൂണിവേഴ്സിറ്റി അംഗമായ ശരൺകുമാർ ലിംബാലയുടെജീവിതം.പാട്ടീൽ വംശജനായഅച്ഛനും മഹർ(തോട്ടി)വംശജയായ അമ്മയുമായിരുന്നു മാതാപിതാക്കൾ. ജാതിയിൽ താണവനായതുകൊണ്ട് അനുഭവിക്കേണ്ടിവന്നകൊടും യാതനകൾ മറാട്ടിഭാഷയിൽഎഴുതിയലിംബാലയുടെ ആത്മകഥയിൽ പ്രതിബിംബിക്കുന്നു. 'അക്കർമാശി' (ദി ഔട്ട് കാസ്റ്റ്) എന്നതാണ് അദ്ദേഹത്തിന്റആത്മകഥ.

1980കളുടെഅവസാനത്തിലാണ്ദളിതുകവിത മലയാളസാഹിത്യത്തിൽഒരുവ്യതിരിക്ത രൂപമായിതീർന്നത്. എറണാകുളം ജില്ലയിലെ ചേരാനല്ലൂർ ഗ്രാമത്തിലുള്ള ധീവരസു എന്ന മത്സ്യത്തൊഴിലാളി

സമൂഹത്തിനുള്ളവ്യക്തിയാണ് പണ്ഡിറ്റ് കറുപ്പൻ.അദ്ദേഹത്തിന്റെകൃതിയാണ്ജാതിക്കുമ്മി.(ജാതിപാട്ടുകൾ). അടിച്ചമർത്തലിന്റെയുംപീഡനത്തിന്റെയുംരംഗങ്ങൾവികസിക്കുന്നഅസാധാരണമായ ഒരു കവിതയാണ് ബിനു പള്ളിപ്പാടിന്റെ 'പ്രണയത്തിന്റെ നാഗരികത'. എസ്.ജോസഫ്, പവിത്രൻതിക്കുനി എന്നിവരുടെയും കവിതകളും രൂക്ഷമായ അനുഭവങ്ങളുടെ നേർ ചിത്രങ്ങളാണ്.

ദളിത് സാന്നിധ്യംഎം.ബി മനോജിന്റെ കവിതകളിൽ

തനിക്കു നിഷേധിക്കപ്പെട്ട ഒരുഅക്കാദമിക് സംസ്കാരത്തെ ഓർത്ത് ഓർമ്മകളിലൂടെ വേട്ടയാടപ്പെടുന്ന ദളിത് ബുദ്ധിജീവിയുടെതിരിച്ചറിവാണ്പരീക്ഷയെഴുതുന്നകുട്ടികൾ, സർവകലാശാല ഒരു പാഠം'', എന്നീ കവിതകൾ. രാജ്യത്തിന്റെ പല ഭാഗങ്ങളിലും ദളിതർ മൃഗതുല്യമായ ജീവിതമാണ് അനുഭവിക്കുന്നത് എന്നും അവരുടെ ജീവിതം എന്നും മറ്റുള്ളവരുടെ മുമ്പിൽ ഒരു കഥ മാത്രമാണ് എന്നും പരിഹസിക്കപ്പെടുമ്പോൾ ഉണ്ടാകുന്ന വേദനയുടെആധിക്യത്തെയാണ്ഇവർതങ്ങളുടെകവിതകളിലൂടെ പുറം ലോകത്തേക്ക് എത്തിക്കുന്നത്. 'സർവ്വേ ഓഫ് ഇന്ത്യ' എന്ന കവിതയിൽ എം. ബി മനോജ് എഴുതുന്നു.

"ഒരു ഗോവിനോ ഒരു ചണ്ഡാലനോ
കൂടുതൽ തൂക്കം
പേടിക്കേണ്ട ഒരു ചത്തഗോവിന്
ജീവനുള്ള 5 ചണ്ഡാളന്റെതൂക്കം
ജീവനുള്ള ഒരു ഗോവിന്
25 കോടി ചണ്ഡാള മാരുടെ തൂക്കം''.

ഇന്ത്യൻസാഹചര്യത്തിൽ ദളിതർ നേരിടുന്ന ദുരന്തത്തിന്റെ നേർ ചിത്രമാണ് ഈവരികളിലൂടെഎം.ബി മനോജ്പ്രകടമാക്കിയിരിക്കുന്നത്..ചാതുർവർണ്യവുംഅതിന്റെതുടർച്ചയായി ഉള്ള ജാതിവ്യവസ്ഥയും ജാതിക്കുള്ളിലെ ജാതിയും ദളിതരുടെ കൂട്ടായ്മയെ ഇല്ലായ്മ ചെയ്തു. കീഴാളന്റെഈ കൂട്ടായ്മയെ വരേണ്യ പ്രത്യേയ ശാസ്ത്രം ബുദ്ധിപരമായി എങ്ങനെ നേരിട്ടുവെന്നത് ദളിത് വായനയുടെ അടിസ്ഥാന പ്രമേയങ്ങളിൽ ഒന്നാണ്.

എം. ബി മനോജിന്റെ ' നസ്യം ' എന്ന കവിതയിലെ കേന്ദ്ര ആശയം പരിശോധിക്കാം.

" ഞങ്ങളും ഞങ്ങൾ
എന്നു പറഞ്ഞു തുടങ്ങിയപ്പോൾ
നിങ്ങൾ നമ്മൾ എന്ന് തുടങ്ങി.
ഞങ്ങൾ നമ്മൾ എന്ന് തിരുത്തി
മുഴുവൻ മനുഷ്യരും എന്ന് നിങ്ങൾ. "

സമൂഹത്തിലെ തങ്ങളുടെ ഇടപെടലുകളും സാന്നിധ്യവുംഅടയാളപ്പെടുത്തലുകളും കൊണ്ട്അസ്വസ്ഥമാകുന്നവരേണ്യ ചിന്താധാരകൾഈവരികളിൽ പ്രത്യക്ഷപ്പെടുന്നുണ്ട്. ഞങ്ങൾ ഞങ്ങളും നിങ്ങൾ നിങ്ങളും ആണ്. ഈ അകലം അകലം തന്നെയാണ്. മാറ്റപ്പെടാൻ ഞങ്ങൾ ആഗ്രഹിക്കുന്നില്ല എന്ന വരേണ്യ വിഭാഗത്തിന്റെ ഉറച്ച നിലപാടുകൾ ആവാം ഈ വരികൾ പ്രതിനിധാനംചെയ്യുന്നത്.
ഒരിക്കലുംതങ്ങളുടെഒപ്പമാകാനോ തങ്ങളുടെ

അടുക്കലെത്താനോ അനുവദിക്കാത്ത വരേണ്യ മനോഭാവത്തെ ഇവരികളിൽ തുറന്നുവയ്ക്കുന്നു.

'ത്രിസന്ധ്യാ സമയത്തെ പാട്ടുകൾ' എന്ന കവിതയിൽ

"പള്ളിപ്പറമ്പിലെ തെങ്ങുകളെ

സിനിമാ കൊട്ടക മുറ്റത്തെ

വലിയ പ്ലാവേ

അതിനു പൊക്കത്തിൽ കെട്ടിയ കോളാമ്പിയേ ...... എന്ന് തുടങ്ങുന്ന വരികൾ പരിശോധിക്കാം. പകലന്ത്യോളം പണിയെടുത്ത ശേഷം വൈകുന്നേരംമടങ്ങിയെത്തുന്നവർ "പൊന്തക്കാട്ടിനുള്ളിലെ ചെറിയതോട്ടിൽകുളിക്കുമ്പോൾസ്വപ്നങ്ങളെഅഴിച്ചുവിടുന്നു" എന്നാണ് ഇതിൽ പറയുന്നത്. ഒരു പുതപ്പിനു കീഴിൽ കിടന്ന് സന്ധ്യാസമയത്ത് കേൾക്കുന്ന പാട്ടിന്റെ താളത്തിൽ കുട്ടികൾ പരസ്പരംപിച്ചുകയുംഉന്തുകയുംചെയ്യുന്നു." എന്ന്പറയുമ്പോൾ എത്രമാത്രം നൈസർഗികതയും സ്വാഭാവികതയും ആണ് ഈ വരികളിലുള്ളത്. യാഥാർത്ഥ്യങ്ങളെ മറനീക്കി അവതരിപ്പിക്കുമ്പോൾ വരേണ്യ ഭാഷയല്ല ഇവിടെ കവി ഉപയോഗിക്കുന്നത് പച്ച മനുഷ്യന്റെ പൊള്ളുന്ന അനുഭവങ്ങളുടെ നേർക്കാഴ്ചകളെ സ്വതസിദ്ധമായി തന്നെ അവതരിപ്പിക്കുകയാണ് ചെയ്യുന്നത്. ഇവിടെ ഭാഷ ഹൃദയത്തിന്റെ ഭാഗമായിട്ട് മാറുന്നു.

"കൂട്ടാന്തതയുടെ 70 വർഷങ്ങൾ" എന്ന കവിത നോക്കുക

" വീട് എവിടെയാ എന്ന് ചോദിക്കുന്നവരോട്

വീട്ടിലേക്ക് ഉള്ള വഴി തെറ്റിച്ചു പറയാൻ മനസ്സിനെ പ്രേരിപ്പിക്കുന്ന മുറിവേറ്റ അനുഭവവും

ജീവിതപരിസരവുംതുറന്നുകാട്ടുന്നു ഈ കവിതയിൽ. ബാല്യത്തിൽ കിട്ടിയ മുറിവേറ്റ അനുഭവം വർഷങ്ങൾ കഴിഞ്ഞിട്ടും കാലം മാറിയിട്ടും സാഹചര്യങ്ങൾ മാറിയിട്ടും മനസ്സിൽ നിന്നും മാറിയിട്ടില്ല. പേടിപ്പെടുത്തുന്ന രീതിയിൽ ഇന്നും വീട്ടിലേക്കുള്ള വഴിതെറ്റിച്ചു പറയുന്നു. മുറിവേറ്റ മനസ്സിന്റെ പാർശ്വ വൽക്കരിക്കപ്പെട്ട അവസ്ഥ ഇന്നും ഒരു തീരാനൊമ്പരമായി അവരെ ചൂഴ്ന്നുനിൽക്കുന്നുഎന്നകാര്യംഇവിടെ അനുസ്മരിക്കുന്നു. ഒരാൾ തന്റെ വീടും സ്വകാര്യതകളും ആരും അറിയരുതേ എന്ന് ആഗ്രഹിക്കുന്നുവെങ്കിൽ അതിന്റെ പിന്നിൽ ഒരു കാരണമുണ്ട്. സമൂഹം രേഖപ്പെടുത്തിവെച്ചിരിക്കുന്നഅന്തസ്സിന്റെയുംഅഭിമാനത്തിന്റെയുംനിർവ്വചനങ്ങളിൽ ഒരുപൊളിച്ചെഴുത്ത് അനിവാര്യമാണെന്നല്ലേ ഈ വരികൾ അടയാളപ്പെടുത്തുന്നത്. ഒപ്പം നിൽക്കാനും പ്രതിരോധിക്കാനും കഴിയാത്തവന്റെ തകർക്കപ്പെട്ട സ്വത്വമാണ് ഇവിടെ പ്രകാശിതമാകുന്നത്. ജാതിയുടെപേരിൽമാറ്റിനിർത്തപ്പെട്ടവന്റെപരാധീനതകളും അതിലേറെതകർക്കപ്പെട്ടസ്വപ്നങ്ങളും അടിച്ചമർത്തപ്പെട്ടമനുഷ്യത്വവും ഈ കവിതയിൽപ്രകാശിതമാണ്.ചരിത്രനിർമ്മിതിയിലും സാമൂഹ്യഭാവനയിലും ഇടംകെട്ടാതെ പോയ പൊതുസമൂഹത്തിന്റെ ചരിത്ര

നിർമ്മിതിയിൽ നിസ്വർ ഒരു നിർണ്ണായക ഘടകമായി
മാറുന്നതിന്റെ തെളിവുകളാണ്ഈകവി തകളിലൂടെവിവരിക്കുന്നത്. വരേണ്യ പ്രത്യയ ശാസ്ത്രം പ്രതിരോധിച്ച കീഴാളന്റെ ബൗദ്ധിക ചേതനയെസമൂഹത്തിൽ അടയാളപ്പെടുത്താൻ ദളിത് സാഹിത്യത്തിന് കഴിഞ്ഞു. തങ്ങളുടെസ്വത്വബോധത്തെ പ്രതിരോധിക്കുന്ന ശക്തികളെ എഴുത്തിന്റെ വഴികളിലൂടെ തന്നെ നേരിടുകയാണ് ദളിതുകവികൾ ചെയ്യുന്നത്ദളിതന് മാത്രമായിനിഷേധിക്കപ്പെടുന്നസാമൂഹ്യ ഘടനയിലെ അവകാശങ്ങൾ നേടിയെടുക്കാനുള്ള പോരാട്ടത്തിൽ സ്വന്തം അനുഭവത്തിൽ ചാലിച്ചെടുത്ത സാഹിത്യ രചനകൾക്കാകും.

ഉപസംഹാരംനിസ്വന്റെ രോദനങ്ങളുംനിഷേധിക്കപ്പെട്ട അവകാശങ്ങളും തകർത്തെറിയപ്പെട്ട സ്വാതന്ത്ര്യവും മനുഷ്യത്വവും മനസ്സിന്റെ നന്മകളും എല്ലാം ഈ കവിതകളിൽ അനാവരണം ചെയ്യുന്നുണ്ട്. വരേണ്യ പീഠങ്ങൾ നിർമ്മിച്ചു നൽകിയ പുറംതോട് പൊട്ടിച്ച് പൊതു സമൂഹത്തിലേക്ക് ഇറങ്ങി വരാൻ പാർശ്വവൽക്കരിക്കപ്പെട്ട വരെ ജീവിതത്തിലേക്ക് കൈപിടിച്ച് നടത്താൻ ശബ്ദമില്ലാത്തവർക്ക്ശബ്ദമായിമാറാൻ എം.ബി മനോജിന്റെ കവിതകൾക്ക് കഴിയുന്നുണ്ട്. സ്വന്തം വീട്ടിലേക്കുള്ള വഴിതെറ്റിച്ചു പറയുന്നു എന്ന വരികളിലൂടെ അരികുവത്ക്കരി ക്കപ്പെടുന്ന വന്റെ ഹൃദയ നൊമ്പരം എത്ര ആഴം ഉള്ളതാണ് എന്ന് വരച്ചു കാണിക്കുന്നു. അഗ്നിശുദ്ധി വരുത്തിയ വരികളാണ് എം. ബി മനോജിന്റെതൂലികയിൽനിന്നും സാഹിത്യലോകത്തിന് ലഭിച്ചിരിക്കുന്നത്.സമ്പത്തുംഅധികാര വുംഉള്ളവരുടെഅടിച്ചമർത്തലുകളെയും അധിനിവേശങ്ങളെയുംസ്വത്വബോധത്തി ന്റെതിരിച്ചറിവിലൂടെ പ്രതിരോധിച്ച ഒരു വിഭാഗമാണ് ദളിതർ.

'ബാർബർഷോപ്പ്സംഭാഷണം" എന്നക വിതയുംഏറെശ്രദ്ധ നേടിയതാണ്. സ്ഥിരമായിലോട്ടറിഎടു ത്ത്പ്രതീക്ഷയോടെ കാത്തിരിക്കുന്ന മനുഷ്യൻ പറയുന്നു.

"മൊത്തം പോയാൽ ഒരു വീടിനുള്ളത് കാണും. ഓ കോപ്പാ "

ഇവിടെ എം.ബി.മനോജിന്റെ കവിതകളിൽ നിറഞ്ഞുനിൽക്കുന്നത് ജൈവസാന്നിധ്യം നിറഞ്ഞഭാഷയുടെലാവണ്യമാണ്. വർണ്ണനകളും അലങ്കാരങ്ങളും വരേണ്യപദങ്ങളും ഇല്ലാതെ സ്വയം അനാവരണം ചെയ്യുന്ന ഇത്തരം കവിതകൾ പൊള്ളിക്കുന്ന ജീവിതയാഥാർത്ഥ്യങ്ങളാണ്. തകർന്നു പോയമനുഷ്യരെമാത്രമല്ലഅവരുടെ സ്വത്വബോധവും ഭാഷയുംവീണ്ടെടുക്കുന്നഅപൂർവ്വ ചാരുതയുള്ള കവിതകളാണ് എം. ബി. മനോജിന്റെ കവിതകൾ.

സഹായക ഗ്രന്ഥങ്ങൾ

ജൂഡൻ(ഒരുദളിതന്റെ ജീവിതം)ഓംപ്രകാശ് വാല്മീകി, മാതൃഭൂമി ബുക്സ്,

ദളിത്പോപ്പ്, ജോണിഎം.എൻ. സൈൻബുക്സ്, തിരുവനന്തപുരം. 2022.

ആഖ്യാനം,സാന്നിധ്യം, സൗന്ദര്യംഎഡിറ്റർ. എം.ബി. മനോജ്, വിദ്യാർത്ഥി മിത്രം പബ്ലിക്കേഷൻസ്, കോഴിക്കോട്, 2013.

പപ്പീലിയോ ബുദ്ധ. ജയൻ ചെറിയാൻ, ഗ്രീൻ ബുക്സ്, 2017.

മലയാളസാഹിത്യത്തിലെ കീഴാള പരിപ്രേഷ്യം. ടി. കെ അനിൽകുമാർ, കേരള സാഹിത്യ അക്കാദമി തൃശൂർ. 2004.

അപരചിന്തനം: ഴാളവിമർശനത്തിന്റെ അറിവ് അനുഭവങ്ങൾ. കെ. കെ ബാബുരാജ്, ഡി. സി ബുക്സ്. കോട്ടയം. 2021.

കീഴാളൻ, പെരുമാൾ മുരുകൻ ഡി. സി. ബുക്സ്കോട്ടയം. 2018.

ഒരു ദളിത് യുവതിയുടെ കഥന കഥ,എം. മുകുന്ദൻ, ഡി.സി. ബുക്സ് കോട്ടയം, 2013 .

മലയാളത്തിലെ ദളിത് പെൺ കവിതകൾ എം.ബി. മനോജ് വിദ്യാർത്ഥി പബ്ലിക്കേഷൻസ് കോഴിക്കോട്, 2014.

മാതൃഭാഷയും വിജ്ഞാനനിർമ്മിതിയിലെ ഇടപെടലുകളും; അടിമാലി ഗ്രാമപഞ്ചായത്തിലെ മുതുവാൻ വിദ്യാർത്ഥികളെ മുൻനിർത്തിയുള്ള പഠനം

അനൂപ്ഷാകല്ലയ്യം
റിസർച്ച്സ്കോളർ ഡിപ്പാർട്മെന്റ്ഓഫ്പൊളിറ്റിക്കൽസയൻസ്
മഹാരാജാസ്കോളേജ്, എറണാകുളം

മനുഷ്യന്റെ സംസ്കാരവും സർവ്വവികാരങ്ങളും ഉൾക്കൊള്ളുന്ന ഇടമാണ് ഭാഷ. പരസ്പരം ആശയവിനിമയം നടത്താനുള്ള മാധ്യമം എന്ന ലക്ഷ്യമാണ് ഭാഷ നിറവേറ്റുന്നത്. ഓരോ കാലഘട്ടത്തിലെയും മനുഷ്യന്റെ സാമൂഹികവും രാഷ്ട്രീയവുമായ മാറ്റങ്ങൾ ഭാഷയിൽ പ്രതിഫലിക്കുന്നുണ്ട്. വേട്ടയാടി ജീവിച്ചിരുന്ന കാലത്ത് നിന്നും ഇന്ന് നാം ഉപയോഗിക്കുന്ന പൊതുഭാഷയിലേക്ക് എത്തുമ്പോൾ ഉണ്ടായിട്ടുള്ള നിരവധിയായ പരിവർത്തനങ്ങൾ അതിന് ഉദാഹരണമാണ്.കേരളത്തിന്റെ ഔദ്യോഗിക ഭാഷ മലയാളമാണെങ്കിലും അത് ഏതു മലയാളമാണെന്ന് പരിശോധിക്കേണ്ടതായിട്ടുണ്ട്. കാരണം അത്രയേറെ പ്രാദേശികഭാഷാഭേദങ്ങൾ ഉണ്ട്. ഓരോ പ്രദേശത്തിനനുസരിച്ച് ശൈലിയിലും പ്രയോഗത്തിലും മാറ്റങ്ങൾ വരുന്നു. ഇതേ ഭാഷാഭേദം ആദിവാദിസികളുടെ ജീവിതത്തിലും ഉണ്ട്. മലയാളവും തമിഴും കലർന്ന തീർത്തും വ്യത്യസ്തമായൊരു വാമൊഴി ഭാഷയാണ് അവർ ഉപയോഗിക്കുന്നത്. അതുകൊണ്ട് തന്നെ പൊതുമലയാളത്തെ ഒരു അന്യഭാഷയായി അവർ പരിഗണിക്കുന്നു. അങ്ങനെ ഒരു ഭാഷയിൽ നിർബന്ധമായി ഇടപെടേണ്ടി വരുന്നതും തങ്ങളുടെ ജീവിതത്തെ പ്രതിനിധീകരിക്കാത്ത ചരിത്ര പഠനവും ആദിവാസി വിദ്യാർത്ഥികളുടെ വിദ്യാലയങ്ങളിൽ നിന്നുള്ള കൊഴിഞ്ഞു പോക്കിന് കാരണമാകുന്നു.

താക്കോൽവാക്കുകൾ : *വിജ്ഞാനഭാഷ ,പ്രാദേശികഭാഷ ,മുതുവാൻഭാഷ ,സിലബസ്.*

മാനവികമലയാളത്തിലൂടെയാണ് നമ്മുടെ വിജ്ഞാനനിർമിതി നടത്തുന്നതെങ്കിലും പ്രാദേശിക ഭാഷയുടെ സ്ഥാനവും സ്വാധീനവും എങ്ങനെയെന്നത് പരിശോധിക്കേണ്ടിയിരിക്കുന്നു. ഈ നിലയിലാണ് ആദിവാസിവിദ്യാർത്ഥികളുടെ കൊഴിഞ്ഞു പോകലിന് സിലബസിലും മലയാള സാഹിത്യ ചരിത്രത്തിലും പ്രാദേശികഭാഷയെയും എഴുത്തുകാരെയും അടയാളപ്പെടുത്തിയതിൻ്റെ ചരിത്രം പഠിക്കുന്നതിന്റെ പ്രസക്തി. പ്രാദേശികമായി ഉപയോഗിച്ചുവരുന്ന മലയാളഭാഷഭേദങ്ങൾ വിവിധ കാലങ്ങളിൽ സിലബസിലും

മലയാളസാഹിത്യത്തിലും എങ്ങനെ അടയാളപ്പെടുത്തിയെന്ന് അന്വേഷിക്കുന്ന ചരിത്രപരമായ ലക്ഷ്യമാണ് ഈ പഠനത്തിന് പിന്നിലുള്ളത്.ഇടുക്കി ജില്ലയിലെ അടിമാലി ഗ്രാപഞ്ചായത്തിന് കീഴിൽ പ്രവർത്തിക്കുന്ന മൂന്ന് ഹോസ്റ്റലിലെ മുതുവാൻ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് അടിസ്ഥാനപ്പെടുത്തിയുള്ള പഠനമാണ്.

മുതുവാൻവിദ്യാർത്ഥികളുടെ ഹാജർ നിലവാരത്തിനും കൊഴിഞ്ഞുപോക്കിനും കാരണം ഭാഷയിലുണ്ടാകുന്ന അവരുടെ അപരിചിതത്വം ആണോ എന്ന് അന്വേഷിക്കുന്നതാണ് പഠന മേഖല. മനുഷ്യന് പരസ്പരം ആശയവിനിമയത്തിനുള്ള മാധ്യമം എന്ന കർത്തവ്യമാണ് ഭാഷ നിറവേറ്റുന്നത്. ഇന്ത്യയിലെ 22 ദേശീയഭാഷയിൽ ശ്രേഷ്ഠഭാഷപദവി അലങ്കരിക്കുന്ന തമിഴ് (2004), സംസ്കൃതം (2005), തെലുങ്ക് (2008),കന്നഡ(2008), മലയാളം(2014), ഒഡിഷ (2014) തുടങ്ങിയ അഞ്ച് ഭാഷയിൽ ഒന്നാണെന്ന പ്രത്യേകത മലയാളത്തിനുണ്ട് 1953 ഒക്ടോബർ 1 ന് ഭാഷാടിസ്ഥാനത്തിൽ ആന്ധ്രാപ്രദേശ് രൂപപ്പെടുന്നതിന് ശേഷം ഇന്ത്യയിലെ നാട്ടുരാജ്യങ്ങൾ ഓരോന്നും ഭാഷ അടിസ്ഥാനത്തിൽ രാജ്യാതിർത്തിക്കുള്ളിൽ സംസ്ഥാപിതമായി. ഒരു സംസ്ഥാനത്തിന് പൊതുവായൊരു ഭാഷ ഉണ്ടാകുമ്പോൾ ഭരണനിർവഹണവും ജനങ്ങളുടെ സുതാര്യമായ ഇടപെടലും എളുപ്പത്തിലാക്കുന്നതിനേക്കാൾ ഉപരി വ്യക്തികളുടെ സാമൂഹികരാഷ്ട്രീയജീവിതത്തിനും സഹായകമാകുന്നു എന്ന തിരിച്ചറിവാണ് ഭാഷ അടിസ്ഥാനത്തിൽ സംസ്ഥാനങ്ങൾ രൂപപ്പെടുന്നതിലേക്ക് എത്തിച്ചത്.പൊതുഭാഷ ഉണ്ടാകുന്നത് കേന്ദ്രീകൃതമായ ഗവണ്മെൻ്റ് സംവിധാനം നിലനിന്നുപോകുന്നതിനു സഹായകമാണ്.

ദിനംപ്രതി ഒരു ഭാഷയിൽ മാത്രം ഇടപെടുന്നതും പഠിക്കുന്നതും പരിശീലിക്കുന്നതുമാണ് ഓരോ വ്യക്തിക്കും ആ ഭാഷ മനസിലാക്കാനും ഉൾക്കൊള്ളാനും സാധ്യമാക്കുന്നത്, അതിന് വേണ്ട സൗകര്യങ്ങൾ സിലബസിലും സാഹിത്യത്തിലും കൂടി ലഭിക്കുന്നു. ദേശീയ ഭാഷയായ ഹിന്ദിയും ഇംഗ്ലീഷും മലയാളം പോലെ നമുക്ക് ഉപയോഗിക്കാൻ കഴിയാത്തത് ഇത്തരത്തിലുള്ളൊരു സാധ്യത ഇല്ലാത്തതിനാലാണ്. എന്നാൽ എല്ലാ മലയാളിയുടെയും മാതൃഭാഷ മാനകീകരിക്കപ്പെട്ട എന്ന ചോദ്യത്തിൻ്റെ പ്രസക്തി ചർച്ച ചെയ്യേണ്ടതാണ്. ഇത്തരത്തിലൊരു അന്വേഷണമാണ് കേരളത്തിലെ ഗോത്രവർഗത്തിൻ്റെ ഭാഷയിലേക്കും ജീവിതത്തിലേക്കും കൊണ്ടെത്തിക്കുന്നത്. കേരളത്തിൽ 36 വ്യത്യസ്ത ഗോത്രങ്ങളാണ് ഉള്ളത്, അവർ മലയാളവും തമിഴും കലർന്ന വാമൊഴി ഭാഷയിലാണ് ഇടപെടുന്നത്. ഓരോ പ്രദേശത്തിനനുസരിച്ചു അതിൽ വ്യത്യാസമുണ്ട്. അതുകൊണ്ട് തന്നെ അവർക്ക് മാനവികമലയാളം ഹിന്ദിയും ഇംഗ്ലീഷും പോലെ തന്നെ അന്യഭാഷയാണ്. ഒരു മനുഷ്യൻ്റെ

പ്രാഥമിക ചിന്ത അവനവന്റെ പ്രാദേശിക ഭാഷയിലായിരിക്കും ആയതിനാൽ തീർത്തും വ്യത്യസ്തമായൊരു സാമൂഹിക സാഹചര്യത്തിൽ നിന്നാണ് ആദിവാസികൾ വരുന്നത്.

നമ്മുടെ സാഹിത്യവും സിലബസും നമ്മളോട് ഇടപെടുന്നത് പത്രമാധ്യമങ്ങളിലൂടെ സൃഷ്ടിക്കപ്പെട്ട മാനവിക മലയാളത്തിലാണ്, ഇത് ഉൾക്കൊള്ളാൻ ആദിവാസി വിദ്യാർത്ഥികൾക്ക് മറ്റ് കുട്ടികളെക്കാൾ ബുദ്ധിമുട്ട് നേരിടേണ്ടി വരുന്നു. അതുകൊണ്ട് തന്നെ വിജ്ഞാന നിർമ്മിതിയിൽ പ്രാദേശികമായ മൂല്യങ്ങൾ നിലനിർത്തേണ്ടത് ജനാധിപത്യപരമായ ആവശ്യമാണ്. അപരിചിതമായൊരു സാമൂഹികചുറ്റുപാടിൽ പഠിക്കേണ്ടിവരുന്നത് കുട്ടികളുടെ വിദ്യാഭ്യാസത്തിനെയും കൊഴിഞ്ഞു പോക്കിനും കാരണമാകുന്നുണ്ട്.

കേരളത്തിലൂടെ നീളം വ്യത്യസ്തമായ വാമൊഴി ഭാഷകളുണ്ട്. തിരുവനന്തപുരം, എറണാകുളം, കോട്ടയം, തൃശ്ശൂർ, കോഴിക്കോട്, കാസർഗോഡ് തുടങ്ങിയ ഇടങ്ങളിലെ ഉച്ചാരണ ഭേദങ്ങൾ ഉദാഹരണങ്ങൾ ആണ്. പ്രാദേശികഭാഷയിൽ എഴുതപ്പെട്ട ചേനകൾക്കും എഴുത്തുകാർക്കും മലയാള സാഹിത്യത്തിലും സിലബസിലും പ്രത്യേക സ്ഥാനം കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ട്. ബഷീർ (ൻ്റെ ഉപ്പു പ്പാരക്കാരാനെണ്ടാർന്നു). ഒവി വിജയൻ(ഖസാക്കിന്റെ ഇതിഹാസം) ഉദാഹരണങ്ങളാണ്.പ്രാദേശിക ചിഹ്നങ്ങളുടെ സഹായത്തിൽ മാനവിക മലയാളത്തിൽ എഴുതപ്പെട്ട ഈ കൃതികൾ വലിയൊരു ഭൂരിപക്ഷത്തിന് ഉൾക്കൊള്ളാൻകഴിയുന്നുണ്ട്. അതുകൊണ്ട് തന്നെ ആദിവാസിഭാഷയിലെ രചനകൾക്കും തങ്ങളുടേതായ ഇടം മലയാളസാഹിത്യത്തിൽ ഉണ്ടാക്കിയെടുക്കാനാവും.

പ്രാദേശികഭാഷ കേന്ദ്രീകരിച്ച് ഉണ്ടാകുന്ന ആധുനികസിനിമകൾ ഭാഷയുടെ വളർച്ചക്ക് പ്രതീക്ഷ ആകുന്നുണ്ട്. നായകൻ്റെ ഭാഷയും പ്രതിനായകൻ്റെ ഭാഷയും രണ്ടായിരുന്ന കാലത്തുനിന്നും രണ്ട് കഥാപാത്രങ്ങളെയും ഒര സാമൂഹിക സാഹചര്യത്തിൽ ഒരേ ഭാഷയിൽ അടയാളപ്പെടുത്തുന്നത് വലിയ മാറ്റങ്ങൾ തുടങ്ങിവക്കുന്നുണ്ട്. പിന്നണി ഗായികക്കുള്ള കേരള ഫിലിം അവാർഡ് നേടിയ നഞ്ചിയമ്മ, എഴുത്തുകാരയ ബിന്ദു ഇരുളം, സുകുമാരൻ ചാലിഗദ്ധ, അശോകൻ മറയൂർ തുടങ്ങിയവർ ഈ മാറ്റങ്ങളിൽ പ്രോത്സാഹനം ഉൾക്കൊണ്ടവരാണ്.ഇറ്റാലിയൻ രാഷ്ട്രീയചിന്തകനായ അൻറോണിയോ ഗ്രാംസി അവതരിപ്പിച്ച സാമൂഹിക സിദ്ധന്തമാണ് ഹെജിമണി. ഒരു ഫാസിസ്റ്റ് ഭരണകൂടം പൗരസമൂഹത്തിലെ സ്ഥാപനങ്ങളായ സർവകലാശാല, വിദ്യാലയങ്ങൾ, പള്ളികൾ, മാധ്യമങ്ങൾ എന്നിവയെ നിയന്ത്രിച്ചുകൊണ്ട് തങ്ങളുടെ സാംസ് കാരിക മേൽകോയ്മ നേടിയെടുക്കുന്ന സാമൂഹിക സാഹചര്യമാണിത്.

ഹെജിമണി പ്രധാനമായും ഇടപെടുന്നത് ഭാഷയിലൂടെയാണ്. കേരളത്തിലെ ആദിവാസി ജീവിതം മാനവിക മലയാളം എന്ന ഹെജിമണിക്ക് കിഴ്പ്പെട്ടിരിക്കുകയാണ്. സിലബസിൽ അടക്കംമുഖ്യധാരാഭാഷാവ്യവാഹങ്ങൾക്ക് മുൻകരുതൽ നൽകണമെന്ന് പറയുമ്പോൾ ആദിവാസിയുടെ ചരിത്രവും സാഹിത്യവും ഭാഷയും അവഗണിക്കുപ്പെടുകയാണ്. ഈ സാഹചര്യം അവർക്ക് നഷ്ട്ടപ്പെടുത്തുന്നത് പാരമ്പര്യ സംസ്കാരത്തിലൂന്നിയ ലോകബോധമാണ്.

ആദിവാസി ജീവിതം,ചരിത്രത്തിലും സിലബസിലും

കേരളചരിത്രനിർമ്മിതി

ഏതെങ്കിലുമൊരു വ്യക്തിയുടെയോ സംഘടനയുടെയോ മാത്രം പ്രയത്നമല്ല, ഇവിടെ ജീവിച്ചിരുന്ന എല്ലാ മനുഷ്യരുടെയും സാമൂഹികരാഷ്ട്രീയ ഇടപെടലുകൾ അതിനുപിന്നിലുണ്ട്. അവകാശങ്ങൾക്കുവേണ്ടിയുള്ള വ്യത്യസ്ത വിഭാഗങ്ങളുടെ സമരവും ചെറുത്തുനിൽപ്പും തന്നെയാണ് ജനാധിപത്യപരമായ ഒരു സാമൂഹിക സംവിധാനം കെട്ടിപ്പെടുക്കുന്നതിനു കാരണമായത്. അതുകൊണ്ട് തന്നെ സാമൂഹിക നീതി നിലനിർത്തുന്നതിന് സർവരുടെയും തുല്യവും ജനാധിപത്യപരവുമായ പങ്കാളിത്തം ഉറപ്പുവരുത്താൻ നമ്മെ ഭരണഘടന നിർബന്ധിക്കുന്നു.

നവോത്ഥാനനത്തിൻ്റെ ഭാഗമായ സാമൂഹികനേതാക്കളെയും സംഘടനകളെയും സിലബസിലും സാഹിത്യത്തിലും നിരന്തരം പരിചയപ്പെടുത്തുന്നത് ആ വിഭാഗത്തിലെ പിന്മുറക്കാർക്ക് തങ്ങളുടെ ചരിത്രത്തിലെ ഇടം കണ്ടെത്തുന്നതിനും അഭിമാനിക്കുന്നതിനും സഹായകമാകുന്നുണ്ട്. എന്നാൽ ഇങ്ങനെ ഒരു സാധ്യത ഇല്ലാതെപോയത് ആദിവാസി വിഭാഗത്തെ ചരിത്ര നിർമിതിയിൽ നിശബ്ദരാക്കുകയാണ്. പാശ്ചാത്യമേധാവിത്യത്തിനെതിരെ പഴശ്ശിരാജയുടെ ചെറുത്തുനിൽപ്പിന് പിന്തുണനൽകിയ വയനാട്ടിലെ കുറിച്യർ, കുറുമ്പൻ ആദിവാസികളുടെ സമരവും ഈസ്റ്റ് ഇന്ത്യ കമ്പനിയുടെ ജനവിരുദ്ധ നികുതിക്ക് എതിരെ രാമനമ്പിയുടെ നേതൃത്വത്തിൽ 1812 ൽ കറിച്യർ വയനാട്ടിൽ നടത്തിയ ചെറുത്തുനിൽപ്പും ആദ്യകാല സ്വാതന്ത്ര്യ സമരങ്ങളുടെ ഭാഗമാണ്. 2003 ൽ ഭൂരഹിതരായ ആദിവാസികൾക്ക് സ്വന്തമായി ഭൂമി നൽകണമെന്ന് ആവശ്യപ്പെട്ട് സി.കെ.ജാനുവിൻ്റെ നേതൃത്വത്തിൽ നടന്ന മുത്തങ്ങ സമരവും 2004 ൽ ഭൂപ്രശ്നം പരിഹരിക്കാൻ നടന്ന നിൽപ്പ് സമരവും, 2007ൽ ഭൂമിയും പാർപ്പിടവും ആവശ്യപ്പെട്ടുകൊണ്ട് ചെങ്ങറയിലെ

ആദിവാസികൾ നടത്തിയ സമരവും നമ്മുടെ പാഠ്യപദ്ധതിയിൽ അടയാളപ്പെടുത്താതെപോയ കേരള ചരിത്രത്തിന്റെ പ്രധാന ഏടുകളാണ്. ഇവയൊക്കെ സിലബസിൻ്റെ ഭാഗമാക്കുന്നതിലൂടെ ചരിത്രം തങ്ങളുടെ കൂടെ ആണെന്ന് ആദിവാസി

വിദ്യാർത്ഥികൾക്ക് ഉൾക്കൊള്ളാൻ സാധിക്കും അത് അവർക്ക് തങ്ങളുടേതായൊരു ഇടം പൊതു സമൂഹത്തിൽ ഉണ്ടാക്കും. ഇത്തരത്തിലുള്ള ശ്രമങ്ങൾ ആദിവാസിക്ക് ഇടപെടാനുള്ള അവസരം ഉണ്ടാക്കുന്നതിനോടൊപ്പം ഭാഷയ്ക്ക് പിന്തുണ നൽകുന്നതുകൂടെയാണ്. പ്രാദേശിക ചുറ്റുപാടിൽ ഉണ്ടാകുന്ന സാഹിത്യ നിർമ്മിതികൾ തങ്ങളുടെ എഴുത്തുകാരെയും ചരിത്രത്തെയും പ്രോത്സാഹിപ്പിക്കുന്നതിലൂടെ ഭാഷ വളരുകയാണ്.ഇത്തരത്തിലൊരു ശ്രമം മറ്റ് പദ്ധതികളെക്കളെക്കാൾ ഉപയോഗപ്രദമാകുന്നു..

സിലബസ് ചർച്ചകളിൽ പരിഗണിക്കപ്പെടാത്ത ആദിവാസി ജീവിതം

"ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശം"എന്ന 2009 ലെ വിദ്യാഭ്യാസനയത്തിൻ്റെ പശ്ചാത്തലത്തിൽ ആയിരുന്നു 2017 ലെ പാഠ്യപദ്ധതി പരിഷ്കരണം. പ്രൈമറി മുതൽ പന്ത്രണ്ടാം ക്ലാസ് വരെയുള്ള പൊതുവിദ്യാഭ്യാസ മേഖലയിലെ സാമൂഹികനീതി, അവസരതുല്യത, ഗുണമേന്മ എന്നിവ പരിശോധിച്ച് മെച്ചപ്പെടുത്താൻ പദ്ധതി പ്രത്യേകം ശ്രദ്ധിച്ചിരുന്നു. എല്ലാ വിഭാഗങ്ങളെയും ഉൾപ്പെടുത്തും എന്ന് പറയുമ്പോളും പുതിയ പാഠ്യപദ്ധതി ഗോത്രസമൂഹത്തിൻ്റെ വിദ്യാഭ്യാസ സാദ്ധ്യതകളെ എത്രത്തോളം പരിഗണിക്കുന്നുണ്ട് എന്ന ചോദ്യത്തിന് പ്രസക്തിയുണ്ട്. പ്രാഥമിക വിദ്യാഭ്യാസം മാതൃഭാഷയിൽ ആവണമെന്ന് പറയുമ്പോൾ ആദിവാസിയുടെ മാതൃഭാഷ മലയാളം അല്ല എന്നത് തിരിച്ചറിയാൻ സർക്കാർ മറക്കുന്നുണ്ട്. അങ്ങനെയൊരു അന്യഭാഷാപഠനം ആദിവാസിയുടെ പഠന നിലവാരത്തെയും ബാധിക്കുന്നു. വിദ്യാഭാസത്തിലെ ഈ പ്രശ്നം തിരിച്ചറിയേണ്ടതും പരിഹാരം കണ്ടെത്തേണ്ടതായുമുണ്ട്. ഒരു സംസ്ഥാനത്തിന്റെ നല്ല പ്രവർത്തനത്തിന് പൊതു ഭാഷ ഒഴിവാക്കാൻ കഴിയില്ലെങ്കിലും പൊതു ഭാഷ ഉൾക്കൊള്ളാൻ കഴിയാത്തൊരു സമൂഹത്തെ ബോധപൂർവം മറക്കാൻ ഒരു സർക്കാരിന് കഴില്ല. 2011 ലെ സെൻസസ് പ്രകാരം കേരള ജനസംഖ്യയുടെ 1.45ശതമാനം ആദിവാസികളാണ്. അവർ ഇതുവരെ പഠിക്കാൻ നിർബന്ധിതരായത് തീർത്തും പരിചയം ഇല്ലാത്തൊരു ഭാഷയിൽ പരിചയം ഇല്ലാത്തൊരു സമൂഹത്തേക്കുറിച്ചാണ്. ഇത് ആദിവാസി സമൂഹത്തിൻ്റെ ചരിത്രവും സംസ്കാരവും ഇല്ലായ്മ ചെയ്യുന്നതിന് തുല്യമാണ്. അതുകൊണ്ട് തന്നെ ആദിവാസിയുടെ വായിത്താരികളും നാട്ടറിവും ചികിത്സാരീതിയും സംസ്കാരവും പാഠ്യപദ്ധതിയുടെ ഭാഗം ആക്കുന്നതിലൂടെ അവർക്ക് കേരള പൊതുസമൂഹത്തിൽ തങ്ങളുടെ സ്ഥാനം കണ്ടെത്താൻ കഴിയും. ഊരുകളിൽ നിന്നും മെച്ചപ്പെട്ട പഠനത്തിന് വേണ്ടി നഗരത്തിലേക്ക് പറിച്ചു നടപ്പെടുന്ന ആദിവാസി വിദ്യാർത്ഥികൾക്ക്

സിലബസിലെ സ്ഥാനം പോലെ തന്നെ സ്കൂളിൽ അധ്യാപകരായും മറ്റ് ജീവനക്കാരായും തങ്ങളുടെ കൂടെ ആൾക്കാർ ഉണ്ടാകുന്നത് മെച്ചപ്പെട്ട സാമൂഹിക സാഹചര്യം ഒരുക്കലാകും.

ഭാഷാസംരക്ഷണം നൽകുന്ന സർക്കാർ പദ്ധതികൾ

കേരളത്തിൽ വനങ്ങളോട് ചേർന്നപ്രദേശങ്ങളിൽ ഗോത്രങ്ങളായി താമസിക്കുന്ന ആദിവാസി വിഭാഗത്തിന് അടിസ്ഥാന വിദ്യാഭ്യാസം നൽകുന്നതിനായി 1997ൽ ആരംഭിച്ചതാണ് ഏകാധ്യാപക വിദ്യാലയങ്ങൾ. വിദ്യാർത്ഥികൾക്ക് തങ്ങളുടെ നാട്ടിൽ സ്വന്തം ഭാഷ സ്വന്തം ചുറ്റുപാടിൽ പഠിക്കാൻ സാധിക്കുന്നത് വലിയ മാറ്റത്തിനുള്ള തുടക്കമായിരുന്നു. എന്നാൽ പ്രാഥമികസൗകര്യങ്ങളുടെ കുറവും അധ്യാപനത്തിന് ആവശ്യമായൊരു സാമൂഹിക ചുറ്റുപാടില്ലാത്തതും പദ്ധതിയെ പ്രതികൂലമായി ബാധിച്ചു. 1997 ലെ 484 സ്കൂളിൽ നിന്നും 2007 ആയപ്പോൾ 290 ആയി കുറഞ്ഞു. ഒന്നുമുതൽ നാലാം ക്ലാസ്സ് വരെയുള്ള വിദ്യാർത്ഥികളെ ഒരുമിച്ചിരുത്തി പഠിപ്പിക്കുന്ന ഏകാധ്യാപക സ്കൂളുകൾ 2009 ആയപ്പോഴേക്കും ചോദ്യം ചെയ്യപ്പെടുകയും പുതിയ പ്രതിവിധികൾ ഇല്ലാതാവുകയുമായിരുന്നു.

അടിസ്ഥാന സൗകര്യങ്ങളുടെ പരിമിതിയും വികസനങ്ങളിലെ പോരായ്മയും ഊരുകളിൽ താമസിച്ചുകൊണ്ടുള്ള പഠനം ബുദ്ധിമുട്ടാക്കി, അതിന് പരിഹാരമായി വിദ്യാർത്ഥികൾക്ക് ഊരിന് പുറത്തേക്ക് പഠന സൗകര്യങ്ങൾ ഒരുക്കിയത് പ്രീ മെട്രിക് ഹോസ്റ്റൽ, പോസ്റ്റ്മെട്രിക് ഹോസ്റ്റൽ, എം. ആർ. എസ്,, സ്കോളർഷിപ്പുകൾ തുടങ്ങിയ പദ്ധതിയിലൂടെ ആയിരുന്നു. ഇതിലൂടെ നഗരത്തിൽ തങ്ങളുടേതായൊരു സാമൂഹികാവസ്ഥയിൽ ജീവിക്കാനും, പ്രദേശികഭാഷയിൽ ഇടപെടാനും അവസരം ഉണ്ടായി. പൊതുസമൂഹത്തിൽ ആദിവാസിയ്ക്ക് ലഭിക്കുന്ന സ്വീകാര്യത ആ സമൂഹത്തിന്റെ തന്നെ പുരോഗതിക്കും അവരുടെ ഭാഷവളരുന്നതിനും പിന്തുണ നൽകുന്നുണ്ട്. പുതിയ പദ്ധതികൾ അതിനുള്ള അവസരം ആയിരുന്നു.ഇടുക്കി പട്ടികവർഗ്ഗ ഡിപ്പാർട്മെൻ്റിൻ്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന അടിമാലി ഗവണ്മെന്റ് പ്രീമെട്രിക് ഹോസ്റ്റലിൽ ജില്ലയുടെ വിവിധ ഊരുകളിൽ താമസിക്കുന്ന 61 വിദ്യാർഥികൾക്കാണ് അഡ്മിഷൻ അനുവദിച്ചിട്ടുള്ളത്. എന്നാൽ 2021 അധ്യയന വർഷത്തിൽ 51 വിദ്യാർത്ഥികൾ മാത്രമാണ് ഈ സൗകര്യം ഉപയോഗിക്കുന്നത്.ഹോസ്റ്റൽ കേന്ദ്രീകരിച്ചു നടത്തിയ സർവേയിൽ അഡ്മിഷൻ എടുത്ത 51 വിദ്യാർത്ഥികളിൽ 30 പേർ മുതുവാൻ സമുദായത്തിൽ ഉൾപ്പെടുന്നവരാണ് , അവർ ജില്ലയിലെ വിവിധ എയ്ഡഡ്, ഗവണ്മെന്റ് സ്കൂളിൽ പഠിക്കുന്നു . 2023 ലെ കണക്കുപ്രകാരം 17 വിദ്യാർഥികൾ മാത്രമാണ് ഹോസ്റ്റലിൽ തുടരുന്നത്. അഡ്മിഷൻ എടുത്ത് രണ്ടാം വർഷം

ആയപ്പോളേക്കും 13 കുട്ടികൾ പാതിവഴിക്ക് പഠനം ഉപേക്ഷിച്ചു.

ഹോസ്റ്റലിൽ നിന്ന് കൊഴിഞ്ഞുപോയ 17 വിദ്യാർത്ഥികളിൽ 6 വിദ്യാർത്ഥികൾ ജില്ലയിലെ വിവിധ എയ്ഡഡ് സ്കൂളിൽ പഠിക്കുന്നവരാണ്, ബാക്കി 11 വിദ്യാർത്ഥികൾ ഗവണ്മെന്റ് സ്കൂളിലാണ്.

വിദ്യാർത്ഥികളുടെ കൊഴിഞ്ഞു പോകലിന്റെ കാരണങ്ങൾ

2000 ൽ ഇടുക്കി പട്ടിക വർഗ്ഗ ഡിപ്പാർട് മെൻ്റ്റ്ന് കീഴിൽ പ്രവർത്തനം ആരംഭിച്ച അടിമാലി പ്രീമെട്രിക് ഹോസ്റ്റലിൽ 61 വിദ്യാർത്ഥികൾക്ക് താമസിച്ചു പഠിക്കാനുള്ള അവസരം നൽകുന്നുണ്ട്. പഠനത്തിനും താമസത്തിനും ആവശ്യമായ പ്രാഥമിക സൗകര്യങ്ങൾ നൽകുന്നതിനുകൂടെ നഗരത്തിൽ തങ്ങളുടേതായൊരു സാമൂഹിക ചുറ്റുപാടിൽ ജീവിക്കാൻ അവസരം ഉണ്ടാവുകയാണ്. എന്നാൽ രക്ഷിതാക്കളുടെ വാത്സല്യവും സംരക്ഷണവും ലഭിക്കേണ്ട ബാല്യകാലത്ത് വീട്ടിൽ നിന്നും മാറി പുതിയൊരു സാമൂഹികചുറ്റുപാടിനോട് പൊരുത്തപ്പെട്ടു ജീവിക്കുന്നത് വലിയ വെല്ലുവിളിയാകുന്നുണ്ട്. ഹോസ്റ്റലുകൾ തങ്ങളുടേതായ പ്രദേശികഭാഷയിൽ ഇടപെടാൻ സാധിക്കുന്നുണ്ടെങ്കിലും സ്കൂളിൽ മറ്റ് കുട്ടികളുടെ പരിഹാസത്തിനും മാറ്റിനിർത്തലിനും ഭാഷയൊരു കാരണമാകുന്നത് പരിഹാരം ഇല്ലാത്ത പ്രശ്നമാണ്.അതുകൊണ്ട് തന്നെ സ്കൂളിൽ തങ്ങളുടെ മാത്രം ചെറുകൂട്ടങ്ങളിലേക്ക് ഒതുങ്ങാൻ വിദ്യാർത്ഥികൾ നിർബന്ധിതരാവുന്നു.പഠനത്തിൽ മികവുപുലർത്തുന്ന കട്ടികൾക്കുപോലും പൊതുമലയാളം മനസിലാക്കതെ വരുന്നത് പഠനമികവിനെയും പരസ്പര ഇടപെടലുകളെയും ബാധിക്കുന്നതായി വാർഡൻ ചൂണ്ടിക്കാണിക്കുന്നുണ്ട്.അപരിചിതമായൊരു സാമൂഹികസാഹചര്യത്തിൽ പൊരുത്തപ്പെടാൻ കഴിയാത്ത വിദ്യാർത്ഥികളിൽ ചെറിയ ശതമാനം മാത്രമാണ് അവധിക്ക് ശേഷം ഹോസ്റ്റലിലേക്ക് മടങ്ങിവരാൻ താല്പര്യം കാണിക്കുന്നത്.

ഉപസംഹാരം

ജനതയ്ക്ക് തങ്ങളുടെ ചരിത്ര ബോധവും സംസ്കാരികവും രാഷ്ട്രയവുമായ തിരിച്ചറിവുകളും രൂപപ്പെടുത്തുന്നത് ഓരോരുത്തരുടെയും മാതൃഭാഷയിലാണ്. ഭാഷ നിർമ്മിക്കപ്പെട്ടതിനു പിന്നിൽ കേരള സാമൂഹിക ചരിത്രത്തിന് കൃത്യമായ പങ്ക് ഉണ്ട്. അതുകൊണ്ട് ചരിത്ര നിർമിതിയുടെ ഭാഗമായ എല്ലാവർക്കും അവസരം ഉണ്ടാക്കാൻ ഭാഷയ്ക്ക് കഴിയേണ്ടതായുമുണ്ട്. അതിന് അവസരം ഉണ്ടാകുന്നത് സാഹിത്യത്തിലൂടെയും സിലബസിലൂടെയുമാണ്. അത്തരമൊരു പൊതുനീതി ഉറപ്പുവരുത്താൻ ഭാഷയ്ക്ക് കഴിയേണ്ടതാണ്. ഇന്ത്യൻ സ്വതന്ത്ര സമരം,, കുറിച്യർ ലഹള, പഴശ്ശിവിപ്ലവം, മുത്തങ്ങ സമരം

എന്നിങ്ങനെ കേരള ചരിത്ര നിർമ്മിതിയിൽ ആദിവാസിയുടെ പങ്ക് വിസ്മരിക്കാനാവാത്ത വിധം കണ്ടെത്താനാകുന്നുണ്ട്. എന്നാൽ ഇവയൊന്നും സിലബസിലും സാഹിത്യത്തിലും വിപുലമായി ഉൾക്കൊള്ളാത്തതും ഉൾപ്പെടുത്തതുമാണ് ഭാഷയുടെ ജനാധിപത്യപരമായ ഇടപെടലിനെ ചോദ്യം ചെയ്യുന്നത്. ഇത് ആദിവാസിയോടുള്ള ചരിത്രപരമായ ചൂഷണമാണ്.

കേരളഗവൺമെന്റ് ആദിവാസി വിദ്യാർത്ഥികൾക്ക് നൽകുന്ന പഠനപദ്ധതികൾ പൂർണമായി ഉപയോഗപ്പെടാതെ പോകുന്നത് ഈ കാരണം കൊണ്ടുതന്നെയാണ്. തങ്ങളുടെ ചരിത്രവും സാഹിത്യവും അടയാളപ്പെടുത്താത്ത സാമൂഹിക ചുറ്റുപാട് എന്നും ഒരു അപരിചിതത്വം നിലനിർത്തും. അതിന് പരിഹാരമെന്നോണം അവരുടെ ചരിത്രം പഠനവിഷയമാക്കേണ്ടതുണ്ട് അവരുടെ എഴുത്തുകാർക്ക് പിന്തുണ കിട്ടേണ്ടതുണ്ട് തങ്ങളുടെ കൂടെയാണി ഭാഷയെന്ന് ഉൾക്കൊള്ളാൻ അവസരം ഉണ്ടാവേണ്ടതുണ്ട്.മാതൃഭാഷ നിഷേധിക്കുക എന്നാൽ ജനങ്ങളുടെ ജീവിത അവകാശങ്ങൾ നിഷേധിക്കുക എന്നതുതന്നെയാണ്.

1. പൊതുസമൂഹം തങ്ങളുടെത്കൂടെ ആണെന്ന് സ്വയം വിശ്വസിക്കാനുള്ള സാമൂഹിക രാഷ്ട്രീയ അവസരങ്ങളുടെ പരിമിതി
2. മാനവിക ഭാഷയോടുള്ള അപരിചിതത്വം പൊതു ഇടപെടുലകളിൽ ബുദ്ധിമുട്ട് ഉണ്ടാക്കുന്നു
3. പ്രദേശിക ഭാഷയിൽ അടിസ്ഥാന വിദ്യാഭ്യാസം ലഭിക്കാത്തത് പഠനനിലവാരത്തെ ബാധിക്കുന്നുണ്ട്.
5. കേരള ചരിത്ര നിർമ്മിതിൽ ആദിവാസിയുടെ പങ്ക് സിലബസിൽ അടയാളപ്പെടുത്താതെ പോകുന്നത് ചരിത്രത്തിൽ ആദിവാസിയെ നിശബ്ദരാക്കുന്നു
6. പൊതു ഇടങ്ങളോട് പൊരുത്തപ്പെടാൻ അനുവദിക്കാത്ത സംസ്കാരവും ആചാരങ്ങളും
7. അപരിചിതമായൊരു സാമൂഹിക ചുറ്റുപാടിൽ പഠിക്കേണ്ടിവരുന്നത് കുട്ടികളുടെ വിദ്യാഭ്യാസത്തിനും കൊഴിഞ്ഞു പോക്കിനും കാരണമാകുന്നുണ്ട്.
8. ആശയ വിനിമയത്തിനുള്ള ഉപാധി എന്നതിനപ്പുറം സംസ്കാരത്തിൻ്റെ വാഹിനി എന്ന നിലയിൽ ഭാഷക്ക് ലഭിക്കാതെ പോകുന്ന പരിഗണന.

നിർദ്ദേശങ്ങൾ

1. അടിസ്ഥാനവിദ്യാഭ്യാസം പ്രാദേശികമായി, പ്രാദേശികഭാഷയുടെ സഹായത്തിൽ തന്നെ ലഭിക്കേണ്ടതുണ്ട്
2. ടെക്നോളജിയോട് അടുത്ത് ഇടപെടാനുള്ള അവസരം ഉണ്ടാകണം
3. ആദിവാസി ചരിത്രവും സംസ്കാരവും ഉൾക്കൊള്ളുന്ന പാഠഭാഗങ്ങൾ സിലബസിൻ്റെ ഭാഗമാകണം
4. അധ്യാപകരും, സ്റ്റാഫുകളും ആദിവാസികൾകൂടെ ആകുന്നത്

മെച്ചപ്പെട്ട സാമൂഹിക ഇടപെടലിന് സഹായകമാകുന്നു.

സഹായകഗ്രന്ഥങ്ങൾ

ഇന്ത്യൻ സ്വാതന്ത്രസമരവും ആദിവാസികളും, കെ. സഹദേവൻ, കേരള ഭാഷ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2018

ഭാഷ സാഹിത്യ പഠനം സൗധര്യവും രാഷ്ട്രീയവും, ഡോ. പി പി പ്രകാശൻ, കേരള ഭാഷ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, മാർച്ച് 2019

വാമൊഴിയുടെ സൗന്ദര്യശാസ്ത്രം' - ഡോ.അജിത് കുമാർ എൻ. കേരള ഭാഷ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം,2006.

സംസാരഭാഷ തെക്കും വടക്കും' - ഫിലിപ്പ് മണിമല, നാഷണൽ ബുക്സ്, കോട്ടയം, 1970.

കേരളത്തിലെ പ്രാദേശികമൊഴികൾ' - നാരായണൻ അകവൂർ, ഭാഷാപോഷിണി, 2003 സെപ്റ്റംബർ 4, പുറം 58.

സംസാരഭാഷയും മാനക ഭാഷയും' - നമ്പൂതിരി ഇ.പി.എൻ വാരാന്ത്യ കൗമുദി, 2003 ഏപ്രിൽ 6 പുറം 4.

പരിഷ്കാരിക്കുന്ന പദ്ധതിയിൽ ഗോത്രവർഗത്തിൻ്റെ ഇടമെന്ത്, പി ശിവലിംഗൻ, കേരളീയംമാസിക 2022

വിനോദനാടകങ്ങളുടെ സാംസ്കാരിക പരിപ്രേക്ഷ്യം പടയണിയിൽ

Dr. VISHNURAJ P
Assistant Professor and Head
Department of Malayalam
Sacred Heart College, Thevara

നാടോടിസംസ്കൃതിയിൽ വേരുകളുള്ള പടയണിയുടെ സാമൂഹികനിലയിൽ സാംസ്കാരികമായ പ്രതിഫലനങ്ങൾ ഉണ്ട്. സംസ്കാരികവിനിമയങ്ങൾ പ്രകടമാകുന്നത് വിശേഷിച്ചുംവിനോദനാടകങ്ങളിലാണ് ദൃശ്യമാകുന്നത്. സാമൂഹികവ്യവസ്ഥിതിയുടെ പൊരുത്തക്കേടുകളെചൂണ്ടികാണിച്ചു കൊണ്ടാണ്വിനോദപ്രകടനങ്ങൾ വെളിപ്പെടുന്നത്. പടയണിയിലെ ഹാസ്യാത്മക സാമൂഹികവിമർശനങ്ങളാണ് ഇവ. വിനോദനാടകങ്ങൾ പ്രധാനമായും രണ്ടുതരത്തിലാണ് പടയണിയിൽ സംഭവിക്കുന്നത്. അനുഷ്ഠാനപരമായ സമ്പ്രദായങ്ങൾ, അനുഷ്ഠാനേതരസ്വഭാവമുള്ള നാടകങ്ങൾ എന്നിവയാണവ. ഓരോ ദേശത്തിന്റെയും സവിശേഷമായ ചിട്ടകൾ അനുസരിച്ച് പടയണിയിൽ ഇവ പലനിലകളിൽ കാണാൻ കഴിയുന്നു. പടയണിയിലെ ഈ വിനോദസമ്പ്രദായങ്ങൾ നാടോടികലാരൂപമായ പടയണിക്ക് നൽകുന്ന സംഭാവനയും സാംസ്കാരികസാംഗത്യവുമാണ് ഈ പ്രബന്ധത്തിൽ അന്വേഷിക്കുന്നത്.

മനുഷ്യസമൂഹം കടന്നു വന്ന വ്യത്യസ്ത ജീവിതസാഹചര്യങ്ങളിലെ സാമൂഹികചരിത്രത്തെ അടയാളപ്പെടുത്തുന്ന കൂട്ടായ്മയുടെ സഞ്ചയമാണ് നാടോടിവിജ്ഞാനീയം. പാട്ടും ആട്ടവുമൊക്കെ അടങ്ങുന്ന ഈ ധാരയിൽ അനുഷ്ഠാനവും വിശ്വാസസ്വരൂപങ്ങളും വളരെ പ്രധാനമായി വർത്തിക്കുന്നു. സാമൂഹികജീവിതത്തിന്റെ പരിസരങ്ങളിൽ നിന്ന് ഉത്ഭവിക്കുകയും ഓരോ കാലഘട്ടത്തിന്റെയും പ്രവണതകളെ ഉൾക്കൊണ്ടുകൊണ്ട് തലമുറകളിലേക്ക് കൈമാറുകയും ചെയ്ത അറിവുകളെയാണ് ഫോക് ലോർ അഥവാ നാട്ടറിവെന്ന് പറയുന്നത്. (കുമാരൻ വയലേരി,2013:08). മധ്യതിരുവിതാംക്കൂറിന്റെസമീപപ്രദേശത്തുള്ള ദേവീക്ഷേത്രങ്ങളിലും ഭദ്രകാളി സേവയുള്ള കാവുകളിലും അനുഷ്ഠിച്ചു വരുന്ന കലാരൂപമാണ് പടയണി. ഭക്തിയിലും വിശ്വാസത്തിലും അധിഷ്ഠിതമായി വ്യവഹരിക്കുന്ന ഈ ആവിഷ്കാരത്തിൽ പലതരം കലാപ്രകടനങ്ങൾ ഉണ്ട്. ഈ ആവിഷ്ക്കാരങ്ങളിൽ, ജാതിയും ലിംഗപദവികളും കോയ്മാരൂപങ്ങളും അടക്കം സാമൂഹികമായ

ശ്രേണീകരണബന്ധങ്ങളും യുക്തികളും വിശദമാക്കപ്പെടുന്നതിന്റെ ചിത്രം കാണാം.

പടയണി - പുരാവൃത്തവും അനുഷ്ഠാനപരതയും

പടയണിയുടെ കാലഗണന കൃത്യമായി നിർണയിക്കപ്പെട്ടിട്ടില്ല.

ഗോത്രസംസ്കൃതിയുടെ കാലം മുതൽ തന്നെ പടയണിയുടെ വേരുകൾ കാണാം. സംഘകാലസാഹിത്യത്തിലെ സമരദേവതയായ കൊറ്റവൈയുടെ ആരാധനയുമായി പടയണികോലങ്ങളുടെ സ്വരൂപത്തിലും പ്രകടനത്തിലും സങ്കൽപ്പത്തിലും സാമ്യതകൾ ഉണ്ട്. ഈ കൊറ്റവൈയായിരിക്കാം ഒരുപക്ഷേ കാളിയായി പരിണമിക്കുന്നത്. "അമ്മ ദൈവങ്ങൾ പലതും ഗ്രാമദേവതകളായി മാറിയിട്ടുണ്ട്. ഗ്രാമീണജീവിതത്തിന്റെ പൊതുവിശ്വാസമായി മാതൃസങ്കല്പം മാറിയതിന് തെളിവാണിത്" (എം.വി.വിഷ്ണു നമ്പൂതിരി,1990:92).ഗോത്രസംസ്കൃതിയുടെ വേരുകളിൽ ഊന്നിയ പടയണി വിശ്വാസപ്രമാണങ്ങളിൽ നിലയുറപ്പിച്ച ആവിഷ്ക്കാരമാണ്. ദാരികനിഗ്രഹം കഴിഞ്ഞ് കലിയടങ്ങാതെ നിൽക്കുന്ന കാളിയെ അനുനയിപ്പിച്ച് കലിദോഷം മാറ്റിയെടുക്കുന്നതാണ് പടയണിയുടെ പുരാവൃത്തം. കേരളത്തിലെ ഇതര സ്ഥലങ്ങളിലെ വിവിധ അനുഷ്ഠാനകലാരൂപങ്ങളുടെയും സങ്കൽപം കാളിദാരികകഥ തന്നെയാണ്. കേരളത്തിലെ നാടോടിപാരമ്പര്യത്തിലും അമ്മദൈവാരാധനയുമായി ബന്ധപ്പെട്ട അനുഷ്ഠാനിക പാരമ്പര്യത്തിലും കാളിദാരിക പരാമർശം നിറഞ്ഞു നിൽക്കുന്നുണ്ട്. മുടിയേറ്റ്, മുടിയെടുപ്പ്, കാളിയൂട്ട് തുടങ്ങിയ അനുഷ്ഠാനങ്ങൾ ഉദാഹരണം.

ദേശവാസികളുടെ നിലനിൽപ്പിനും പരിപാലനത്തിനും ദേശദേവതയുടെ അനുഗ്രഹം കൂടി വേണമെന്ന വിശ്വാസത്തിൽ നിന്നുമാണ് പടയണിയിലെ ആരാധനാസമ്പ്രദായം നിലകൊള്ളുന്നത്. വസൂരി പോലെയുള്ള രോഗങ്ങളും ദാരിദ്ര്യവും കാർഷിക സംബന്ധമായ പ്രശ്നങ്ങളും എല്ലാം മാറ്റി നാടിനെ രക്ഷിക്കുന്നവളാണ് ദേവി എന്ന വിളിച്ചോതുന്ന പാട്ടുകളും ചുവടുകളുമാണ് പടയണിയുടെ ജീവതാളം. "ഭദ്രകാളിയെ വസൂരിയുടെ അധിദേവതയായി കരുതി ആരാധിച്ചു പോരുന്ന സങ്കല്പവും ഇവിടെ വളരെ ശക്തമായി നിലനിന്നിരുന്നുവെന്ന്"കടമ്മനിട്ട വാസുദേവൻപിള്ള (2022:167)സൂചിപ്പിക്കുന്നുണ്ട്.

ഒരു നാടിന്റെ വൈവിധ്യമാർന്ന പങ്കാളിത്തം പടയണിയിൽ ദൃശ്യമാണ്. കവുങ്ങിൻപാളകൾ ചെത്തിയെടുത്ത് മഷികൂട്ടുകൾ കൊണ്ട് വരച്ചെടുത്ത വലുതും ചെറുതുമായ അനേകം കോലങ്ങൾ കളം നിറഞ്ഞ് ഉറയുന്ന കലയാണ് പടയണി. സംഹാരരുദ്രയായ കാളിയുടെ പ്രതിരൂപമാണ് കമുകിൻപാളയിൽ എഴുതി തുള്ളുന്നത്. വിവിധ കോലങ്ങൾ കെട്ടിയാടിക്കൊണ്ടാണ് കാളിയുടെ കോപം അടക്കുവാനായി ഭൂതഗണങ്ങൾ ശ്രമിക്കുന്നത്. തപ്പ്, കൈമണി, ചെണ്ട

തുടങ്ങിയ വാദ്യങ്ങളുടെയും പാട്ടുശീലുകളുടെയും തീച്ചൂട്ടുകറ്റകളുടെയും വെളിച്ചത്തിലാണ് പടയണിയുടെ അവതരണരീതി. അതായത്, നൃത്തവും പാട്ടും വാദ്യമേളങ്ങളും വിനോദവും അടക്കമുള്ള വിവിധതാളക്രമങ്ങൾ സമന്വയിക്കുന്ന ആവിഷ്കാരപ്രക്രിയ പടയണിയിൽ ഉണ്ട്. പടയണിപാട്ടുകൾ നാടോടിഗാനസംസ്കൃതിയുടെ പാരമ്പര്യത്തിൽ പ്രധാനമാണ്. തപ്പിന്റെ താളത്തിൽ അജ്ഞാതകർത്തൃകങ്ങളായ വാമൊഴി വഴക്കങ്ങളാണ് പാട്ടിനാധാരം. ചൂട്ടുവെപ്പോടെ കൂടി പടയണിയുടെ ചടങ്ങുകൾ ആരംഭിക്കുന്നു. പടയണി വാദ്യങ്ങളായ തപ്പും കൈമണിയും കൊട്ടി ദേവിയെ കളത്തിലേക്ക് ആനയിച്ച് പടയണിതാളം ഉണരുന്നു. ശ്രീകോവിലിൽ നിന്ന് ചൂട്ടുവെട്ടത്തിലാണ് ദേവി കളത്തിലേക്ക് എത്തുന്നത്. ഓരോ കരയിലും അഥവാ ഓരോ ക്ഷേത്രങ്ങളിലും ഓരോ ചിട്ടകളാണ് പടയണിക്കുള്ളത്. കോലങ്ങളുടെ എണ്ണം, വിനോദരൂപങ്ങളുടെ വ്യതിരിക്തത, സ്തുതികളുടെയും പാട്ടിന്റെയും മൂർത്തിസ്ഥാനങ്ങൾ, അനുഷ്ഠാനപരതയിലെ വൈവിധ്യം, തദ്ദേശീയമായ സാമൂഹികതയുടെമാനങ്ങൾ എന്നിങ്ങനെ പ്രാദേശികവ്യത്യാസങ്ങളുടെ സാന്നിധ്യം പടയണിയുടെ വൈവിധ്യമാർന്ന വിതാനങ്ങളെ വിപുലമാക്കുന്നു.

വിവിധ ജാതിവിഭാഗങ്ങളുടെ കഠിനമായ അധ്വാനത്തിലൂടെയാണ് പടയണി എന്ന കലാരൂപം ആവിഷ്കൃതമാകുന്നത്. ഓരോ പടയണി കളത്തിലും കോലം തുള്ളുന്നതിനോട് അനുബന്ധിച്ചുള്ള ദിവസം മാത്രമാണ് ചമയങ്ങളും ഒരുക്കങ്ങളും നടത്തുക. വേഷത്തിനും ഒരുക്കിനുള്ള സാധനങ്ങൾ സമാഹരിക്കാനും വേഷപ്പകർച്ചകളിലേക്ക് എത്തിക്കുവാനും ശാരീരിക അധ്വാനവും കലാപരമായ കഴിവും ആവശ്യമാണ്. ഈ അധ്വാനം പടയണി ഗ്രാമങ്ങളിലെ വിവിധ കരയിലുള്ള മനുഷ്യർ ഒരുമിച്ചാണ് നടത്തുന്നത്. തപ്പ് പൊതിയുവാനുള്ള തോല് പറയൻ ഒരുക്കുമ്പോൾ കോലത്തിന് ആവശ്യമായ പാളയും ചൂട്ടും എടുക്കുന്നത് തണ്ടാൻ വിഭാഗത്തിൽ ഉള്ളവരാകും. കോലം എഴുതുകയും പാട്ടുകൾ പാടുകയും ഒക്കെ ചെയ്യുന്നത് ഗണക വിഭാഗത്തിൽപ്പെട്ടയാളുകളായിരിക്കും. കോലം കെട്ടാനുള്ള ചട്ടം ഒരുക്കുന്നത് തച്ചനും ചൂട്ടുകത്തിച്ച് വെളിച്ചം പകരുന്നത് കുറവനും ഭഗവതിയുടെ ഉടയാട, തീവെട്ടി, പന്തം ഇവയ്ക്ക് ആവശ്യമായ തുണി അലക്കുന്നത് പതിയാനും തീ വെട്ടിയും പന്തവും ഒരുക്കി എണ്ണ കോരി ഒഴിച്ച് തെളിച്ചുനിർത്തുന്നത് മാരാനുമാണ്. ഇതുമാത്രമല്ല, വിവിധ ജാതിസമൂഹങ്ങളുടെ പ്രതിനിധാനത്തെ അടയാളപ്പെടുത്തുന്ന നിരവധി തുള്ളൽ ക്രിയകളും പടയണിയുടെ ഭാഗമായിട്ടുണ്ട്. എന്നാൽ ക്രമേണ അഭിരുചിയും സമർപ്പണബോധവും അനുസരിച്ച് പടയണിയുമായി ബന്ധപ്പെട്ട ജോലികൾ ജാതി കള്ളികൾക്ക് പുറത്തേക്ക് പോകുന്ന കാഴ്ചയും

സുലഭമാണ്. ഓരോ ദേശത്തിന്റെയും അഥവാ ദേശത്ത് പാർക്കുന്ന കരവാസികളുടെ കൂട്ടായ പരിശ്രമത്തിന്റെ ഫലമായിട്ടാണ് പടയണി പോലെയുള്ള നാടോടി ആവിഷ്കാരങ്ങൾ രൂപമെടുക്കുന്നത് എന്ന് ചുരുക്കം.

വിനോദനാടകങ്ങൾ സാമാന്യവിശകലനം

പടയണിയുടെ കലാവ്യവഹാരത്തിൽ അവിഭാജ്യഘടകമാണ് വിനോദരൂപങ്ങൾ. ഈനാടോടിയാവിഷ്ക്കാരത്തിൽപലതരത്തിലുള്ള വിനോദപ്രകടനങ്ങൾ കാണാം. അടിസ്ഥാനപരമായി അനുഷ്ഠാനപരതയിൽ പടയണി നിലയുറപ്പിക്കുമ്പോഴും വിശ്വാസപ്രമാണങ്ങകൾക്ക് പുറത്ത് നിൽക്കുന്ന മൂല്യങ്ങൾ പ്രതിഫലിപ്പിക്കുന്ന വിനോദരൂപങ്ങൾ പടയണിക്കൊപ്പം കളത്തിൽ എത്തുന്നു. അതായത്, ഒരേസമയം വിശ്വാസപ്രമാണത്തെ സ്വീകരിച്ചും വിമർശിച്ചും വിപുലമാകുന്ന ഗോത്രജീവിതത്തിന്റെ അലയൊലികൾ വിനോദനാടകങ്ങളുടെ ആധാരശിലയാണ്. ഫലിതവും പരിഹാസവും നിറഞ്ഞ വർത്തമാനങ്ങൾ, ഹാസ്യപ്രധാനമായ പ്രവൃർത്തികൾ, വേഷത്തിലും ഭാഷയിലും പ്രകടമാകുന്ന സ്വാഭാവികതയും നർമ്മവും, സംഭാഷണങ്ങളിൽ പുലർത്തുന്ന ചടുലമായ പ്രതികരണങ്ങൾ (കൗണ്ടർ ഡയലോഗ്സ്) എന്നിങ്ങനെ വിനോദനാടകങ്ങളുടെ സവിശേഷതകൾ ഏറെയാണ്. ചുറ്റുപാടും നടക്കുന്ന നീതികേടുകൾക്കെതിരെ പ്രതികരിക്കാൻ ഉള്ള ഉപാധി കൂടിയായി ഇത്തരം ആവിഷ്കാരങ്ങൾ ശ്രമിക്കുന്നുണ്ട്. ജാതി കേന്ദ്രീകൃതമായ സാമൂഹികവ്യവസ്ഥയെയും ഉച്ചനീചത്വങ്ങളെയും പരിഹാസരൂപേണ വിമർശിക്കുന്ന പാഠമാണ് വിനോദനാടകങ്ങൾ മുന്നോട്ടുവെക്കുന്നത്. പടയണിയിലെ രൗദ്രഭക്തിഭയഭാവതീവ്രതകൾ തുള്ളിയുറയുന്ന അന്തരീക്ഷത്തെ ഭയപ്പെടുത്താനും കോലങ്ങളുടെ അവതരണത്തിന് ഇടയിലുള്ള സമയത്ത് വിനോദാഭിമുഖ്യമുള്ളതാക്കി മാറ്റാനും ഉദ്ദേശിച്ചു കൊണ്ടാവാം പടയണി വേളയിൽ വിനോദ ആവിഷ്കാരങ്ങൾ ഉള്ളത്.പടയണിക്കളരികളിൽ ഏറ്റവും കൂടുതൽ വിനോദവേഷങ്ങൾ കെട്ടിയാടുന്നത് കുരമ്പാല പടയണിയിലാണ്. 28 ഓളം വിനോദസമ്പ്രദായങ്ങൾ കുരമ്പാലപടയണിയിൽ കാണാൻ കഴിയുന്നു. തലമുറകളിലൂടെ സഞ്ചരിച്ച്, കാലത്തിൻറെ ആഖ്യാനങ്ങൾ കൊണ്ട് നവീകരിച്ചാനാണ് വിനോദരൂപങ്ങൾ വ്യവഹരിക്കുന്നത്.

വിനോദനാടകങ്ങളുടെ സാംസ്കാരികരാഷ്ട്രീയം

നാടകങ്ങളുടെ സാമൂഹികപ്രതിഫലനശേഷി ഏറ്റവും പ്രകടമാകുന്നത് വിനോദ നാടകങ്ങളിലാണ്. സാംസ്കാരികമായ വ്യതിരിക്തതകളും സമാനതകളും

ശ്രേണീകരണ യുക്തികളും സവിശേഷമായി ഇവിടെ വിന്യസിക്കപ്പെടുന്നു. ഓരോ നാടകങ്ങളും സമൂഹത്തിന്റെ വിവിധ തട്ടിലുള്ള മനുഷ്യരെയും അനുഭവങ്ങളെയും സ്ഥാപനവത്കൃതമായ ആശയങ്ങളെയും പരിശോധിക്കുന്നു. ഓരോ നാടകങ്ങളുടെയും പ്രമേയാഖ്യാന വിതാനങ്ങൾ അതുകൊണ്ടുതന്നെ പലനിലകളിൽ സാമൂഹിക അവബോധത്തെ ഉൾക്കൊള്ളുന്ന രാഷ്ട്രീയ പ്രതികരണങ്ങൾ തന്നെയാണ്.

ശർക്കരകുടം നാടകത്തിൽ, ശർക്കരക്കുടം ചുമക്കുന്ന തൊഴിലാളിയും ശർക്കര വ്യാപാരിയായ മുതലാളിയുമാണ് കേന്ദ്രകഥാപാത്രങ്ങൾ. ഇരുവരുടെയും വ്യാപാരസഞ്ചാരങ്ങളും പരസ്പരവിനിമയങ്ങളും നാടകത്തിന്റെ ഗതി നിർണയിക്കുന്നു. കൃത്യസമയത്ത് ശർക്കര എത്തിക്കാത്തതിൽ വ്യാപാരിയെ അധികാരികൾ ചോദ്യം ചെയ്യുമ്പോൾ വ്യാപാരി ചുമട്ടുകാരനെ വിളിക്കുകയും ചുമട്ടുകാരൻ ഹാസ്യത്മകമായി ജനക്കൂട്ടത്തിന്റെ നിന്നും കളത്തിൽ എത്തി ശർക്കര നൽകാൻ പറ്റാത്തതിന്റെ കാരണങ്ങൾ വിശദീകരിക്കുകയും ചെയ്യുന്നു. ഈ വിശദീകരണങ്ങൾ ഹാസ്യത്തിന്റെ മേമ്പൊടിയിലാണുള്ളത്. ചുമടുമായി വരുന്ന വഴിയിൽ കണ്ട രാജ്യം 'മനോരാജ്യം' ആണെന്നും കണ്ട ദേശം 'ഉദ്ദേശം' ആണെന്നും കണ്ടകര 'മാവേലിക്കര'യാണെന്നും തുടങ്ങി ചീവിടെന്ന 'വീട്ടി'ൽ പോയെന്നും അച്ചിയെ കണ്ടെന്നും അടക്കമുള്ള ഭാഷയുടെ സാധ്യതകളെ ഹാസ്യത്തിന്റെ അടവ് നയങ്ങൾ കൊണ്ട് അവതരിപ്പിക്കുന്ന ശൈലി കാണികളിൽ ചിരി പടർത്തുന്നു. സാമൂഹികസാംസ്കാരികവ്യവഹാര ങ്ങളെ നിരീക്ഷിക്കുകയും ഫലിതത്തിന്റെ മേമ്പൊടിയോടെ വിമർശനങ്ങൾ ഉന്നയിക്കുകയും ചെയ്യുന്നു. മുതലാളി തൊഴിലാളി ബന്ധത്തിന്റെ ശ്രേണീകൃത സ്വഭാവത്തെ ഹാസ്യാത്മകമായി ഇവിടെ അവതരിപ്പിക്കുന്നു.

ബ്രാഹ്മണപൗരോഹിത്യത്തെ വിമർശനാത്മകമായി നേരിടുന്ന നമ്പൂതിരിയും വാല്യക്കാരനും, ഊട്ടുപട്ടർ, ബലിപട്ടർ എന്നീ നാടകസമ്പ്രദായങ്ങൾ ശ്രദ്ധേയമാണ്. പരദേശികളുടെ വരവോടുകൂടി ബ്രാഹ്മണാധിപത്യത്തിന്റെ സൂചനകൾ കാണാം. നമ്പൂതിരി വാല്യക്കാരനും എന്ന നാടകത്തിൽ വടക്കുനിന്നു വന്ന നമ്പൂതിരിയും അദ്ദേഹത്തിന്റെ വാല്യക്കാരനും തമ്മിലുള്ള സംഭാഷണങ്ങളിലൂടെയാണ് പുരോഗമിക്കുന്നത്. വടക്കുനിന്നും എഴുതള്ളി (എഴുന്നള്ളി)വന്ന പണ്ഡിതനായ നമ്പൂതിരി അദ്ദേഹത്തിന്റെ നമ്പൂതിരിഭാഷയെ സാധാരണക്കാർക്ക് മനസ്സിലാകുന്ന രീതിയിൽ തന്റേതായ ശൈലിയിൽ പൊരുളുതിരിക്കുന്ന വാല്യക്കാരനുമാണ് കഥാപാത്രങ്ങൾ. പുറത്തുനിന്നും വരുന്നുള്ള ആട്ടമാണ് പൊറാട്ട് നാടകങ്ങൾ. ശർക്കരക്കുടം

വിൽക്കാൻ വരുന്നവർ, പരദേശികൾ, (വെളുപ്പും കറുപ്പും ഉണ്ട്), കൂട്ടപരദേശികൾ (ചുമപ്പ് പട്ടണിഞ്ഞ്), വെള്ളയും കരിയും നാടകത്തോട് വിനോദനാടകങ്ങൾ ആരംഭിക്കും.

പുലയൻപുറപ്പാട് എന്ന വിനോദവേഷം പുലയനും ചോദ്യക്കാരനും തമ്മിലുള്ള സംഭാഷണങ്ങളിലൂടെയാണ് വികസിക്കുന്നത്.

പുലയസമുദായത്തിന്റെ വേഷവും ഭാഷയും സമൂഹത്തിൽ അവർക്കുള്ള സ്ഥാനവും ഒക്കെ വ്യക്തമാക്കുന്ന മട്ടിലാണ് കഥാപാത്രത്തെ അവതരിപ്പിക്കപ്പെടുന്നത്. തമ്പ്രാന്റെ സ്ഥാനത്തുനിന്നാണ് ചോദ്യക്കാരൻ സംസാരിക്കുന്നത്. ചോദ്യക്കാരന്റെ ചോദ്യങ്ങൾക്ക് മുനയുള്ള ഉത്തരങ്ങൾ നൽകിക്കൊണ്ട് പുലയൻ തന്റെ കാഴ്ചപ്പാടുകൾ വെളിപ്പെടുത്തുകയാണ്. ക്ഷേത്രത്തിലെ ഉത്സവത്തിന്റെ അന്തരീക്ഷത്തിൽ കൊടിയേറ്റ് നടന്നിരിക്കുന്ന കാഴ്ച നേരിടുന്നത് ഇങ്ങനെയാണ്. പുലയൻ - ഉള്ള പഴങ്കോണകം എല്ലാം കെട്ടിത്തൂക്കിരിക്കണ്.. എന്തിനാ ഏമ്പ്രാനെ... ചോദ്യക്കാരൻ - അത് പഴങ്കോണമല്ലടാ കൊടിക്കൂറയാ കൊടിക്കൂറ പുലയൻ -കൂറ ഏടെ മാടത്തിലാ...കൊടിയേറ്റ് ഉത്സവത്തിന്റെ അടയാളമായ കൊടിക്കൂറ ബ്രാഹ്മണിക്കലായ ക്ഷേത്രോത്സവസങ്കൽപ്പങ്ങളുടെ വിമർശസ്ഥാനമാണ് പുലയന്റെ വാക്കുകളിൽ ഹാസ്യാത്മക മേമ്പൊടിയോടെ അവതരിപ്പിക്കപ്പെടുന്നത്. ഇത്തരത്തിൽ ബ്രാഹ്മണാധികാരത്തിനെതിരെയും സവർണാഭിമുഖ്യത്തിനെതിരെയുള്ള സൂക്ഷ്മമായ ചോദ്യങ്ങൾ പുലയഭാഷണങ്ങളിൽ കടന്നുവരുന്നുണ്ട്.

പടയണിയിലെ വിവിധവിഭാഗങ്ങളിൽ പ്രവർത്തിക്കുന്ന വ്യക്തികൾ പരമ്പരാഗതമായി പലതരം ജാതിവിഭാഗങ്ങളിൽ ഉൾപ്പെട്ടിരുന്നവരായിരുന്നു. "ചട്ടമൊരുക്കുന്ന ആശാരിയും പാള കുരുത്തോല എന്നിവ എത്തിക്കുന്നത് പതിയാനും തണ്ടാനുമാണ്. ഗണകനാണ് കോലം എഴുതുവാനുള്ള അധികാരം. കോലമെടുത്ത് തുള്ളുന്നതാകട്ടെ നായരും"എന്ന് പടയണിയെ മുൻനിർത്തിയുള്ള ഗവേഷണ പ്രബന്ധത്തിൽ എസ്.ഗിരീഷ്കുമാർ വിശദീകരിക്കുന്നുണ്ട്. കാലാന്തരത്തിൽ അഭിരുചിയും കഴിവുമനുസരിച്ച് പടയണിമേഖലയിൽ ജാതികലർപ്പുകൾ ഉണ്ടായിട്ടുണ്ട്. എന്നാൽ അത് ഭാഗികമായി മാത്രമാണ് പലകകളിലും നായർ മേധാവിത്വവും അതേപോലെതന്നെ സാമ്പത്തികവും അധികാരപരവുമായ സ്ഥാനങ്ങൾ അനുസരിച്ച് ജാതി സമവാക്യങ്ങൾ ചെറിയ രീതിയിൽ മാറ്റങ്ങൾ ഉണ്ടാവുന്നുണ്ട്. ഈ മാറ്റങ്ങൾ പറയനിലേക്കോ പുലയനിലേക്കോ അധികാരശ്രേണിയുടെ ഉന്നതിയെ എത്തിക്കുന്നതല്ല എന്നതാണ് ശ്രദ്ധേയം.

വൈരാവി, അമ്പലവും വിളക്കും തുടങ്ങി പല നാടക സന്ദർഭങ്ങൾ ഉണ്ട്. അമ്പലം വിളക്കും എന്ന നാടകത്തിൽ ക്ഷേത്രത്തിലേക്ക് പ്രതിഷ്ഠ നടത്താൻ

ശ്രമിക്കുന്ന ആളുകളുടെ ചിത്രമാണ്. മുസ്ലീങ്ങളുടെ പ്രാതിനിധ്യം കാണിക്കുന്ന തങ്ങളും പടയും എന്ന വിശേഷനാടകവും പടയണിയിലുണ്ട്. ക്ഷേത്രമുറ്റത്ത് നിസ്കരിക്കുന്ന മുസ്ലിംകഥാപാത്രങ്ങൾ ദൃശ്യമാകുന്ന നാടകം ആണിത്. പന്തളം കുരമ്പാലയിൽ തങ്ങളും പടയും നാടകത്തിൽ പ്രായമായ തങ്ങൾ വിവാഹം കഴിക്കാനായി പോകുന്നതിന്റെ ദൃശ്യങ്ങളാണ് കാണിക്കുന്നത്.

ക്രൈസ്തവസാന്നിധ്യമുള്ള അന്തോണി മരക്കാർ.കടത്തുകാരനായി അന്തോണി എത്തുന്ന നാടകമാണിത്. നൽകണം നദിയുടെ മധ്യത്തിൽ എത്തി തോണിക്കാരിൽ നിന്നും പൈസ ചോദിക്കുന്ന അന്തോണിയും ഭയപ്പെടുത്തുന്ന ദൃശ്യങ്ങളുമൊക്കെ അടങ്ങിയ തമാശയും പരിഹാസവും കലർന്ന രീതിയിലുള്ള നാടകം. അക്കാലഘട്ടത്തിൽ തന്നെ ക്രൈസ്തവ പ്രാഥമിക ഉറപ്പാക്കാൻ സമൂഹം ശ്രമിച്ചിരുന്നു എന്നതിൻ്റെ ദൃഷ്ടാന്തമാണ്. കാക്കാന്റെ കാക്കാരിശ്ശിനാടകം, അമ്മൂമ്മയും അപ്പൂപ്പനും തമ്മിലുള്ള സംഭാഷണങ്ങൾ തുടങ്ങി വൈവിധ്യമാർന്ന അനേകം നാടകരൂപങ്ങളും പടയണിക്കൊപ്പമുണ്ട്.

ഉപസംഹാരം

കാണികളുമായുള്ള ഇടപെടലുകളിലൂടെയാണ് പടയണിയിലെ നാടോടിനാടകം വികസിക്കുന്നത്. ദേശവാസികളായ ആളുകൾ കൂടെപ്പാടിയും ആസ്വദിച്ചും നാടോടിനാടകങ്ങളുടെ ഭാഗമാകുന്നു. ആരാധനസമ്പ്രദായത്തെയും അധികാരത്തെയും പരിഹസിച്ചുകൊണ്ട് ഒരു വേഷമായി തന്നെ 'വെളിച്ചപ്പാട് ' കടന്നുവരുന്ന കാഴ്ച കാണാം. സമൂഹത്തിലെ അന്ധവിശ്വാസങ്ങളെ വിലാസപ്പെടുത്തി കൊണ്ടാണ് 'പൂപ്പട ' എന്ന സമ്പ്രദായം നിൽക്കുന്നത്. അവതരണത്തിൽ നാട്ടുമ്പുറങ്ങളിലെ മനുഷ്യരുടെ പരസ്പരമുള്ള വർത്തമാനങ്ങൾ സാമൂഹികബന്ധങ്ങൾ വിഹിതാവിഹിതങ്ങൾ എന്നിവയെല്ലാം പരാമർശിച്ചുകൊണ്ടാണ് മുന്നോട്ടു പോകുന്നത് പുലയൻ പാട്ട്, പുലവൃത്തം തുടങ്ങിയ ചടങ്ങുകളിലും ജാതിവിമർശനവും കാർഷിക സംസ്കൃതിയും സാമുദായികമായ സൂചനകളും കൃത്യമായി കാണാൻ കഴിയും.

അനുഷ്ഠാനങ്ങൾക്കുള്ളിൽ നിന്നുകൊണ്ടുതന്നെ ആചാരത്തിന്റെ ക്രമങ്ങളെയും അന്ധമായ വിശ്വാസരീതികളെയും വിമർശിക്കുവാനുള്ള സ്വാതന്ത്ര്യവും സാധ്യതകളും അനുഷ്ഠാന വിനോദനാടകങ്ങൾ പ്രകടിപ്പിക്കുന്നുണ്ട്. അതായത്, വിനോദനാടകങ്ങളുടെ അനുഷ്ഠാനപരതയിൽ കൃത്യമായ വിശ്വാസപ്രമാണങ്ങളുടെ വ്യവഹാരം മാത്രമല്ല; കുറച്ചു കൂടി അയഞ്ഞ ഒരു സമീപനവും കാണാം. അവിടെ വിശ്വാസവും വിമർശനവും സാമൂഹികമായ അവബോധത്തെ ഉൾക്കൊണ്ടുകൊണ്ടുള്ള നവീകരണവും സാധ്യമാകുന്നു. വിനോദനാടകങ്ങളിൽ കൂടുതൽ ഊന്നലുകൾ ഫലിത പരിഹാസ

പ്രയോഗങ്ങൾക്കാണ്. നമ്പൂതിരിയും പരികർമ്മിയും, അപ്പൂപ്പനും അമ്മൂമ്മയും, വള്ളക്കാരൻ അന്തോണി, ശർക്കരക്കുടക്കാരൻ, തങ്ങളും പടയും അടക്കം വിവിധ ജാതി സമൂഹങ്ങളെയും മതവിഭാഗങ്ങളെയും ഉൾക്കൊള്ളിച്ചുകൊണ്ട് അഥവാ വ്യത്യസ്തസമൂഹത്തിൻ്റെ വിതാനങ്ങളെ പ്രതിനിധീകരിച്ചുകൊണ്ട് സങ്കലിതമായി പ്രവർത്തിക്കുന്ന നാട്ടുകൂട്ടത്തിന്റെ കൂട്ടായ്മയുടെ ബഹുസ്വരത അനുഷ്ഠാനേതര വിനോദ പ്രകടനങ്ങളുടെ രാഷ്ട്രീയമായി നിൽക്കുന്നു. ഭാഷ, ക്രിയ, വേഷം,കഥാപാത്രങ്ങൾ, ഇതിവൃത്തം എന്നിങ്ങനെ വ്യത്യസ്ത വഴികളിലൂടെ സാമൂഹികവിമർശനങ്ങളെ അടയാളപ്പെടുത്തുക എന്ന ലക്ഷ്യം മാത്രമായി വിനോദനാടകങ്ങളുടെ ഇടപെടലുകളെ ചുരുക്കി കാണേണ്ടതല്ല. മറിച്ച് സൗന്ദര്യശാസ്ത്രപരമായും കലാപരമായും സൂക്ഷ്മരാഷ്ട്രീയ അവബോധത്തോടെയും മനസ്സിലാക്കേണ്ട ക്രിയകൾ കൂടിയാണിത്.

ഗ്രന്ഥസൂചി

കുമാരൻ വയലേരി, 2013, ഫോക് ലോർ വീക്ഷണവും പ്രസക്തിയും, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

രാഘവൻ പയ്യനാട്, 1998, ഫോക് ലോറിനൊരു പഠനപദ്ധതി, കേരള സാഹിത്യ അക്കാദമി തൃശൂർ.

രവികുമാർ ബി.,2011, ഭൈരവിക്കോലം, സാഹിത്യപ്രവർത്തക സഹകരണസംഘം കോട്ടയം.

വിഷ്ണുനമ്പൂതിരി എം.വി., 1990, തോറ്റം പാട്ടുകൾ. ഒരു പഠനം നാഷണൽ ബുക്ക്സ്റ്റാൾ. കോട്ടയം.

വാസുദേവൻപിള്ള കടമ്മനിട്ട, 1997, പടയണിയുടെ ജീവതാളം, കേരള ഭാഷാഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

കഞ്ഞിയുടെ സാംസ്കാരിക പ്രതിനിധാനങ്ങൾ

അഞ്ജന മേനോൻ
ഗവേഷക, ചരിത്ര വിഭാഗം
മഹാരാജാസ് കോളേജ്, എറണാകുളം

കേരളത്തിന്‍്റെ സാംസ്കാരിക ഭൂപ്രകൃതിയിൽ കഞ്ഞിക്ക് സവിശേഷമായ സ്ഥാനമുണ്ട്. കേരളത്തിന്‍്റെ സാമൂഹിക-സാമ്പത്തിക ജീവിതത്തിന്‍്റെ വിശാലമായ പശ്ചാത്തലത്തിൽ കഞ്ഞിയുടെ സാംസ്കാരിക ജീവിതത്തിലേക്കുള്ള ഒരു ആമുഖ അന്വേഷണമാണിത്. "പാവപ്പെട്ടവന്‍്റെ ഭക്ഷണം" എന്ന് പലപ്പോഴും വിളിക്കപ്പെടുന്ന കഞ്ഞി, നൂറ്റാണ്ടുകളായി കേരളത്തിൽ പ്രാധാന്യമുള്ള ലളിതവും എന്നാൽ പോഷകപ്രദവുമായ ഒരു വിഭവമാണ്. വ്യത്യസ്ത സാമൂഹിക തലങ്ങളിലുള്ള വ്യക്തികളുടെ ദൈനംദിന ജീവിതത്തിൽ കഞ്ഞിയുടെ പങ്ക് പരിശോധിച്ചുകൊണ്ട് കഞ്ഞിയുടെ ചരിത്രപരമായ വേരുകൾ അന്വേഷിക്കുകയാണ് ഈ പ്രബന്ധം ലക്ഷ്യമിടുന്നത്. കേരളത്തിന്‍്റെ വിശാലമായ സാമൂഹികവും സാംസ്കാരികവുമായ ചട്ടക്കൂടിനുള്ളിൽ കഞ്ഞിയെ പ്രതിഷ്ഠിച്ചുകൊണ്ട്, ഒരു പ്രദേശത്തിന്‍്റെ ചരിത്രത്തിന്‍്റെയും സംസ്കാരത്തിന്‍്റെയും സ്വത്വത്തിന്‍്റെയും സത്തയെ ഉൾക്കൊള്ളാൻ ഒരു എളിയ ഭക്ഷ്യവസ്തുവിന് എങ്ങനെ കഴിയുമെന്ന് ഈ പഠനം അന്വേഷിക്കുന്നു.

കേരളത്തിന്‍്റെ സാംസ്കാരികവും അനുഷ്ഠാനപരവുമായ ആചാരങ്ങളുമായി കഞ്ഞിക്ക് സവിശേഷമായ ബന്ധമുണ്ട്. മലയാളമാസമായ കർക്കിടകത്തിൽ കർക്കിടക കഞ്ഞി കഴിക്കുന്നത് അറിയപ്പെടുന്ന ആചാരമാണ്. ആയുർവേദ ഔഷധങ്ങളാൽ സമ്പുഷ്ടമായ കഞ്ഞിയുടെ ഈ ഔഷധ പതിപ്പ് കാലാനുസൃതമായ മഴക്കാല രോഗങ്ങൾക്കെതിരെ ശരീരത്തെ ശക്തിപ്പെടുത്തുമെന്ന് വിശ്വസിക്കപ്പെടുന്നു. മതപരമായ ചടങ്ങുകളിലും ഉത്സവങ്ങളിലും, കഞ്ഞി പലപ്പോഴും ഒരു പ്രതീകാത്മക വഴിപാടായി വർത്തിക്കുന്നു, ഇത് വിശുദ്ധിയെയും വിനയത്തെയും പ്രതിനിധീകരിക്കുന്നു.
വ്രതാനുഷ്ഠാനങ്ങളിലും കഞ്ഞി ഒരു പ്രധാന ഭക്ഷണമാണ്, ആത്മീയവും ശാരീരികവുമായ ശുദ്ധീകരണം ആഗ്രഹിക്കുന്നവർക്ക് അനുയോജ്യമായ ഭക്ഷണമായി ഇത് കണക്കാക്കപ്പെടുന്നു. വിവിധ പ്രാദേശിക പഴഞ്ചൊല്ലുകളിലും നാടോടിക്കഥകളിലും കഞ്ഞിയുടെ സാംസ്കാരിക പ്രാധാന്യം കൂടുതൽ എടുത്തുകാണിക്കുന്നുണ്ട്.

കേരളത്തിന്‍്റെ സാമൂഹിക-സാംസ്കാരിക ചുറ്റുപാടുകൾക്കുള്ളിലെ കഞ്ഞിയുടെ സാമൂഹിക

ലോകത്തേക്കുള്ള അന്വേഷണങ്ങൾ, മനുഷ്യൻ്റെ പെരുമാറ്റത്തിൻ്റെയും സാമൂഹിക മാനദണ്ഡങ്ങളുടെയും സാംസ്കാരിക സ്വത്വത്തിൻ്റെയും വിശാലമായ പാറ്റേണുകൾ മനസ്സിലാക്കുന്നതിനുള്ള ഒരു ലെൻസ് നൽകുന്നു. ഈ വിശകലനം ഘടനാപരമായ വീക്ഷണങ്ങളാൽ സമ്പന്നമാണ്. സൂസറിൻ്റെ അടയാളങ്ങളെക്കുറിച്ചുള്ള ആശയം, അർത്ഥവും സൂചകവും തമ്മിലുള്ള ബന്ധത്തിലൂടെ നിർമ്മിക്കപ്പെടുന്ന അർത്ഥം, കഞ്ഞിയെ മനസ്സിലാക്കുന്നതിൽ പ്രത്യേകിച്ചും പ്രസക്തമാണ്.

കഞ്ഞി, ഒരു സൂചകമെന്ന നിലയിൽ, ഉപജീവനത്തിൻ്റെ ഒരു രൂപത്തെ മാത്രമല്ല, സാമൂഹികവും സാംസ്കാരികവുമായ നിരവധി അർത്ഥങ്ങളെ പ്രതിനിധീകരിക്കുന്നു. സമൂഹത്തിൻ്റെ വിവിധ തലങ്ങളിലുള്ള കഞ്ഞിയുടെ ഉപഭോഗം - ദരിദ്രർ മുതൽ വരേണ്യവർഗം വരെ - സാമൂഹിക-സാമ്പത്തിക നില, സാംസ്കാരിക മൂല്യങ്ങൾ, സ്വത്വം എന്നിവയുടെ കവലകളെ പ്രതീകപ്പെടുത്തുന്നു. കേരളത്തിലെ കുടിലുകളുടെ എളിയ ക്രമീകരണങ്ങളിൽ, കഞ്ഞി ലാളിത്യത്തെയും മിതവ്യയത്തെയും സൂചിപ്പിക്കുന്നു. അതിൻ്റെ നഗ്നമായ അവതരണം സാമ്പത്തിക പ്രതിസന്ധിയുടെ അടയാളമാണ്. നേരെമറിച്ച്, കേരളത്തിലെ വരേണ്യവർഗത്തിൻ്റെ ആഡംബര ക്രമീകരണങ്ങളിൽ, നിരവധി അലങ്കാരങ്ങളോടെ കഞ്ഞി കഴിക്കുന്നത് സമൃദ്ധിയും വ്യത്യസ്തമായ സാമൂഹിക-സാംസ്കാരിക ചുറ്റുപാടും പ്രതിഫലിപ്പിക്കുന്നു. ഈ ദ്വന്ദ പ്രതീകാത്മകത ഒരു സാമൂഹിക വ്യതിരിക്തതയ്ക്കുള്ളിൽ ഭക്ഷണം എങ്ങനെ പ്രവർത്തിക്കുന്നുവെന്ന് അടിവരയിടുന്നു. ഒരേ വിഭവത്തിന് വ്യത്യസ്ത അളവിലുള്ള സമ്പത്തിലേക്കും സാംസ്കാരിക ട്യൂണിംഗിലേക്കും ആശയവിനിമയം നടത്താൻ കഴിയുമെന്ന് ഇത് സൂചിപ്പിക്കുന്നു.

ക്ലോഡ് ലെവി-സ്ട്രോസിൻ്റെ ഘടനാപരമായ നരവംശശാസ്ത്രം ഈ ധാരണയെ കൂടുതൽ ആഴത്തിലാക്കുന്നു. ഭക്ഷണം ജീവശാസ്ത്രപരമായ ഒരു ആവശ്യം മാത്രമല്ല, സാമൂഹിക ഘടനകളെ പ്രതിഫലിപ്പിക്കുന്ന ഒരു സാംസ്കാരിക നിർമ്മിതി കൂടിയാണെന്ന് അദ്ദേഹം അഭിപ്രായപ്പെടുന്നു. പുരാണങ്ങളിൽ കാണപ്പെടുന്ന ബൈനറി എതിർപ്പുകൾ പാചകരീതികളിൽ പ്രതിഫലിക്കുന്നുവെന്ന് ലെവി-സ്ട്രോസ് നിർദ്ദേശിച്ചു. അസംസ്കൃതവും വേവിച്ചതും; സാധാരണവും പ്രത്യേകം രുചിയുള്ളതും, സമൂഹങ്ങളെ അവരുടെ പാചക പ്രപഞ്ചം രൂപപ്പെടുത്താൻ സഹായിക്കുന്ന എല്ലാ ദ്വിമുഖങ്ങളുമാണ്. ശരീരത്തെ പോഷിപ്പിക്കുക മാത്രമല്ല, കേരളത്തിൻ്റെ സാംസ്കാരികവും സാമൂഹികവുമായ കോഡുകളെ അറിയിക്കുകയും ചെയ്യുന്ന ഒരു സാംസ്കാരിക പുരാവസ്തു എന്ന നിലയിൽ കഞ്ഞി ഈ സൈദ്ധാന്തിക ചട്ടക്കൂടിലേക്ക് യോജിക്കുന്നു. ഇത്

പ്രകൃതിദത്തവും സാംസ്കാരികവുമായ ലോകങ്ങൾക്കിടയിലുള്ള ഒരു പാലമായി പ്രവർത്തിക്കുന്നു, പോഷണത്തിനായുള്ള ശാരീരിക ആവശ്യവും സാമൂഹിക ക്രമത്തിനും തുടർച്ചയ്ക്കും വേണ്ടിയുള്ള സാംസ്കാരിക ആവശ്യവും ഉൾക്കൊള്ളുന്നു.

വ്യത്യസ്ത ജാതികളിൽ നിന്നും മതങ്ങളിൽ നിന്നുമുള്ള വ്യക്തികൾ ഭക്ഷണം പങ്കിട്ട വിപ്ലവകരമായ "പന്തിഭോജനം" പോലുള്ള സാമുദായിക ഭക്ഷണരീതി, സാമൂഹിക ശ്രേണികളെ വെല്ലുവിളിക്കുന്നതിനും പുനർരൂപകൽപ്പന ചെയ്യുന്നതിനും ഭക്ഷണത്തിൻ്റെ പരിവർത്തന ശക്തിയെ ചിത്രീകരിക്കുന്നു. ഈ വിപ്ലവകരമായ ശ്രമങ്ങൾ സാമൂഹിക ഐക്യവും സമത്വവും പ്രോത്സാഹിപ്പിക്കുന്നതിൽ ഭക്ഷണത്തിൻ്റെ പങ്ക് എടുത്തുകാണിക്കുന്നു, ഇത് സാമൂഹിക മാറ്റത്തിന് ഉത്തേജകമായി പ്രവർത്തിക്കാനുള്ള പാചക രീതികളുടെ സാധ്യതയെ പ്രതിഫലിപ്പിക്കുന്നു. ഇത്തരം സന്ദർഭങ്ങളിൽ കഞ്ഞി പങ്കുവയ്ക്കുന്നത് വേലിക്കെട്ടുകൾ തകർത്ത് വിവിധ വിഭാഗങ്ങൾക്കിടയിൽ ഐക്യബോധവും പങ്കുവയ്ക്കപ്പെട്ട സ്വത്വബോധവും വളർത്തുന്നതിനുള്ള പ്രതീകാത്മകമായ ഒരു പ്രവൃത്തിയായി മാറുന്നു.

ബുദ്ധ, ജൈന, ബ്രാഹ്മണ, ഗോത്ര ആചാരങ്ങൾ ഉൾപ്പെടെയുള്ള വിവിധ സാംസ്കാരിക-മത പാരമ്പര്യങ്ങളാലും അറബ്, യൂറോപ്യൻ വ്യാപാരികളിൽ നിന്നുള്ള ബാഹ്യ സ്വാധീനങ്ങളാലും രൂപപ്പെട്ട കേരളത്തിലെ ഭക്ഷണ ശീലങ്ങളുടെ ചരിത്രപരമായ പരിണാമം പാചക സംസ്കാരത്തിൻ്റെ ചലനാത്മക സ്വഭാവം കാണിക്കുന്നു. ഈ വൈവിധ്യമാർന്ന സ്വാധീനങ്ങളുടെ അനുരൂപീകരണവും സംയോജനവും ഈ പ്രദേശത്തെ പാചകരീതിയിൽ സാംസ്കാരിക സ്വത്വത്തിൻ്റെ ദ്രവ്യതയ്ക്കും പാരമ്പര്യത്തിൻ്റെയും ആധുനികതയുടെയും നിരന്തരമായ ചർച്ചകൾക്കും വേദിയൊരുക്കുന്നു. കേരളത്തിൻ്റെ തീരദേശ ഭൂമിശാസ്ത്രം, അതിൻ്റെ സമൃദ്ധമായ സമുദ്രവിഭവങ്ങൾ, ഈ പാചക മൊസൈക്കിനെ കൂടുതൽ സമ്പന്നമാക്കുന്നു, പ്രദേശത്തിൻ്റെ ഭക്ഷ്യ സംസ്കാരത്തിന് സങ്കീർണ്ണതയുടെ മറ്റൊരു പാളി ചേർക്കുന്നു.

ഭക്ഷണം കേവലം നിലനിൽപ്പിൻ്റെ പ്രശ്നമായിരുന്നെങ്കിൽ, പോഷകാഹാര കാര്യക്ഷമതയ്ക്കായി ഒപ്റ്റിമൈസ് ചെയ്ത ഏകീകൃത ഭക്ഷ്യ സംസ്കാരത്തിലേക്ക് മനുഷ്യ സമൂഹം ഒത്തുചേരുമായിരുന്നു. സമൂഹങ്ങളിലുടനീളമുള്ള ഭക്ഷണരീതികളുടെ സമ്പന്നമായ വൈവിധ്യം, ഭക്ഷണത്തിൻ്റെ അർത്ഥം ഉപജീവനത്തേക്കാൾ വളരെ കൂടുതലാണെന്ന് വ്യക്തമാക്കുന്നു; അത് സാംസ്കാരിക സ്വത്വത്തിൻ്റെയും സാമൂഹിക ഘടനയുടെയും സുപ്രധാന പ്രകടനമാണ്. ഈ വൈവിധ്യത്തിൻ്റെ അടിസ്ഥാനം കേവലം ഭക്ഷണ ലഭ്യതയോ പോഷക മൂല്യമോ മാത്രമല്ല, അഭിരുചികൾ, മുൻഗണനകൾ, സാംസ്കാരിക മാനദണ്ഡങ്ങൾ

എന്നിവയുടെ സങ്കീർണ്ണമായ പരസ്പരബന്ധം കൂടിയാണ്. ഈ ഘടകങ്ങൾ കൂടിച്ചേർന്ന് ഒരു പാചക ഭൂപ്രകൃതി രൂപപ്പെടുത്തുന്നു, അത് അതിനെ പരിപോഷിപ്പിക്കുന്ന സമൂഹങ്ങളുടെ പ്രതിഫലനമാണ്.

മലയാളികളുടെ പ്രധാന ഭക്ഷണമായ കഞ്ഞി ഈ വൈവിധ്യത്തിൻ്റെ പ്രതീകമാണ്. ഏറ്റവും എളിമയുള്ള കുടിലുകൾ മുതൽ മഹത്തായ കൊട്ടാരങ്ങൾ വരെ ഉപഭോഗം ചെയ്യുന്ന സാമൂഹിക-സാമ്പത്തിക അതിരുകൾക്കപ്പുറത്തുള്ള ഒരു വിഭവമാണിത്. കൊട്ടാരങ്ങളുടെ സമൃദ്ധമായ ക്രമീകരണങ്ങളിൽ, കഞ്ഞി അതിൻ്റെ ഉപഭോക്താക്കളുടെ ഐശ്വര്യവും ശുദ്ധീകരണവും പ്രതിഫലിപ്പിക്കുന്ന പരിപ്പ്, പപ്പടം, ചമ്മന്തി എന്നിവ ഉൾപ്പെടുന്ന വിപുലമായ ഭക്ഷണത്തിൻ്റെ ഭാഗമാണ്. തികച്ചും വ്യത്യസ്തമായി, ഒരു കുടിലിനുള്ളിൽ, കഞ്ഞി പലപ്പോഴും യാതൊരു അലങ്കാരങ്ങളുമില്ലാതെ വിളമ്പുന്നു, ഇത് ദാരിദ്ര്യത്തിൻ്റെയും ദൗർലഭ്യത്തിൻ്റെയും കഠിനമായ യാഥാർത്ഥ്യങ്ങളെ പ്രതീകപ്പെടുത്തുന്നു. കുടിലുകളിൽ കഴിക്കുന്ന കഞ്ഞിയിൽ അകമ്പടി ഇല്ലെന്നത് മുൻഗണന മാത്രമല്ല, സാമ്പത്തിക ബുദ്ധിമുട്ടിൻ്റെ വ്യക്തമായ സൂചകമാണ്. സാമൂഹിക നിലയുടെയും സാംസ്കാരിക സ്വത്വത്തിൻ്റെയും ശക്തമായ സൂചകങ്ങളായി ഭക്ഷണരീതികൾ എങ്ങനെ പ്രവർത്തിക്കുന്നുവെന്ന് ഈ വൈരുദ്ധ്യം എടുത്തുകാണിക്കുന്നു.

കേരളത്തിൻ്റെ സാമൂഹിക ഘടനയിൽ കഞ്ഞിയുടെ പ്രതീകാത്മക ഭാരം കൂടുതൽ അവതരിപ്പിക്കുന്നത് "അവൻ ഒരു കഞ്ഞിയാണ്" എന്ന പ്രാദേശിക പഴഞ്ചൊല്ല്, 'താഴ്ന്ന നിലയിലുള്ള' അല്ലെങ്കിൽ 'കാലഹരണപ്പെട്ട വീക്ഷണങ്ങൾ' ഉള്ള ഒരാളെ സൂചിപ്പിക്കാൻ പരിഹാസപൂർവ്വം ഉപയോഗിക്കുന്നു. ഒരു പ്രധാന ഭക്ഷണം ഒരേസമയം പോഷകാഹാരത്തിൻ്റെ ഉറവിടവും സാമൂഹിക പരിഹാസത്തിൻ്റെ അടയാളവുമാകുമെന്നതിൻ്റെ വിരോധാഭാസത്തെ ഈ ചൊല്ല് ഉൾക്കൊള്ളുന്നു. ഒരു ലളിതമായ വിഭവത്തെ സാമൂഹിക-സാമ്പത്തിക സ്ട്രാറ്റിഫിക്കേഷൻ്റെ സങ്കീർണ്ണ പ്രതീകമാക്കി മാറ്റുന്ന സാംസ്കാരിക സൂക്ഷ്മതകളെ ഇത് പ്രതിഫലിപ്പിക്കുന്നു.

ഭക്ഷണം, സാംസ്കാരിക സ്വത്വങ്ങൾ പ്രകടിപ്പിക്കുകയും ചർച്ച ചെയ്യുകയും ചെയ്യുന്ന ഒരു സന്ദർഭം സൃഷ്ടിക്കുന്നു. ഒരു സമൂഹത്തിൽ ഭക്ഷണത്തിൻ്റെ പങ്ക് ശരിക്കും മനസ്സിലാക്കാൻ, ഭക്ഷണരീതികളെ രൂപപ്പെടുത്തുന്ന സാംസ്കാരിക മാനദണ്ഡങ്ങളും മൂല്യങ്ങളും വ്യക്തമായി മനസ്സിലാക്കണം. സമകാലിക കാലഘട്ടത്തിൽ, ഭക്ഷ്യ ഉൽപ്പാദനത്തിൻ്റെ വ്യാവസായികവൽക്കരണത്തോടൊപ്പം പാചകമേഖലയിലെ ശാസ്ത്രീയവും സാങ്കേതികവുമായ കണ്ടുപിടുത്തങ്ങൾക്ക് ഉയർന്ന ഊന്നൽ നൽകിയിട്ടുണ്ട്. ടെലിവിഷൻ പരിപാടികൾ, പത്രങ്ങൾ, രാഷ്ട്രീയ

സംവാദങ്ങൾ എന്നിവയുൾപ്പെടെ വിവിധ മാധ്യമങ്ങളിലൂടെ ഈ പ്രവണത വ്യാപകമായി പ്രചരിപ്പിക്കപ്പെടുന്നു, സമകാലിക സമൂഹങ്ങളിലും സംസ്കാരങ്ങളിലും ഭക്ഷണത്തിൻ്റെ കേന്ദ്രീകരണത്തിന് അടിവരയിടുന്നു. ഇന്നത്തെ ലോകത്ത് ഭക്ഷണത്തിൻ്റെ വർദ്ധിച്ചുവരുന്ന പ്രാധാന്യം ഭക്ഷണ സംസ്കാരത്തിൻ്റെ സമഗ്രമായ വിശകലനം ആവശ്യപ്പെടുന്നു. അത്തരമൊരു വിശകലനം ഒരു സമൂഹത്തിൻ്റെ സാംസ്കാരിക സത്തയെയും ആത്മാവിനെയും കുറിച്ചുള്ള ഉൾക്കാഴ്ചകൾ നൽകുന്നു, സാമൂഹിക ഇടപെടലുകളെയും സാംസ്കാരിക പ്രകടനങ്ങളെയും രൂപപ്പെടുത്തുന്ന അടിസ്ഥാന മൂല്യങ്ങളും മാനദണ്ഡങ്ങളും അധികാര ഘടനകളും വെളിപ്പെടുത്തുന്നു. കേരളത്തെപ്പോലുള്ള ഒരു സമൂഹത്തിൽ ഭക്ഷണത്തിൻ്റെ പങ്ക് മനസ്സിലാക്കുന്നതിന് അതിൻ്റെ പാചകരീതികളെ അറിയിക്കുന്ന ചരിത്രപരവും സാംസ്കാരികവും സാമൂഹികവുമായ സന്ദർഭങ്ങളെ സൂക്ഷ്മമായി വിലയിരുത്തേണ്ടതുണ്ട്. ഈ ലെൻസിലൂടെ, കഞ്ഞിയുടെ അഗാധമായ പ്രാധാന്യത്തെയും കേരളത്തിൻ്റെ സാംസ്കാരിക പൈതൃകത്തിൻ്റെ സമ്പന്നമായ പാത്രത്തിൽ അതിൻ്റെ സ്ഥാനത്തെയും നമുക്ക് വിലമതിക്കാം. ഈ ധാരണ അക്കാദമികമായി സമ്പന്നമാക്കുക മാത്രമല്ല, സാംസ്കാരിക സ്വത്വത്തിൻ്റെയും സാമൂഹിക ഐക്യത്തിൻ്റെയും നട്ടെല്ലായി രൂപപ്പെടുന്ന വൈവിധ്യമാർന്ന പാചക പാരമ്പര്യങ്ങളെ സംരക്ഷിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും പ്രധാനമാണ്.

സാമൂഹിക മൂല്യങ്ങളും മാനദണ്ഡങ്ങളും പ്രതിഫലിപ്പിക്കാനും രൂപപ്പെടുത്താനുമുള്ള കഴിവിൽ ഭാഷയ്ക്കും വസ്ത്രധാരണത്തിനും തുല്യമായി ഒരു ജനതയുടെ സംസ്കാരത്തിൻ്റെ അടിസ്ഥാന വശമാണ് ഭക്ഷണം. എല്ലാ സാംസ്കാരിക ഘടകങ്ങളെയും പോലെ, ഭക്ഷണത്തിൻ്റെ അളവുകളും മൂല്യവും നിശ്ചലമല്ല; അവ കാലക്രമേണ പരിണമിക്കുന്നു, സാമൂഹിക ഘടനകളിലെ വ്യതിയാനങ്ങൾ, സാമ്പത്തിക സാഹചര്യങ്ങൾ, സാംസ്കാരിക ഇടപെടലുകൾ എന്നിവയെ സ്വാധീനിക്കുന്നു. സമകാലിക കേരളത്തിൽ, കഞ്ഞി ഒരു പ്രധാന അവശ്യവസ്തുവിൽ നിന്ന് സാംസ്കാരിക പൈതൃകത്തിൻ്റെയും സാമൂഹിക വ്യാഖ്യാനത്തിൻ്റെയും പ്രതീകമായി മാറിയത് ഈ ചലനാത്മക പരിണാമത്തിന് ഉദാഹരണമാണ്.

കേരളത്തിലെ ഭക്ഷണത്തിൻ്റെ സാമൂഹിക അർത്ഥത്തെ പുനർനിർവചിച്ച ഒരു പ്രതിഭാസമാണ് ഈ കാലഘട്ടത്തിലെ ഭക്ഷണത്തിൻ്റെ ആഗോള വിപണിവൽക്കരണം. വിശപ്പിൻ്റെയും പോഷകാഹാരക്കുറവിൻ്റെയും പ്രശ്നങ്ങൾ നിലനിൽക്കുന്നുണ്ടെങ്കിലും, കേരളത്തിൽ നിലവിലുള്ള ആഖ്യാനം അതിജീവനത്തിൽ നിന്ന് ഉപഭോഗത്തിലേക്ക് മാറിയിരിക്കുന്നു.

ഒരു കാലത്ത് ഉപജീവനമാർഗമായിരുന്ന ഭക്ഷണം വിപണനം ചെയ്യാവുന്ന ഉൽപ്പന്നമായും സാമൂഹിക സ്വത്വത്തിൻ്റെ അടയാളമായും മാറിയ വിശാലമായ പ്രവണതയുടെ പ്രതീകമാണ് ഈ മാറ്റം. സമ്പന്നമായ ഗ്രാമങ്ങളിലെ വീടുകളിൽ, ഊണും (ഒരു മുഴുവൻ ഭക്ഷണം) കഞ്ഞിയും തമ്മിലുള്ള വ്യത്യാസം വളരെ ശ്രദ്ധേയമാണ്. ഊണിൻ്റെ പ്രാഥമിക ഘടകമായ ചോറ് കുടുംബത്തിന് വിളമ്പുന്നു, മിച്ചമുള്ള കഞ്ഞിവെള്ളം കന്നുകാലികൾക്ക് നല്കുന്നു. നഗര വരേണ്യ ലോകത്ത് കഞ്ഞി ഇന്ന് ആലങ്കാരികത നേടിയിരിക്കുന്നു. പല ഫാൻസി റെസ്റ്റോറൻ്റുകളും കഞ്ഞിയുടെയും പഴക്കഞ്ഞിയുടെയും വൈവിധ്യങ്ങൾ അമിതമായ നിരക്കിൽ വിളമ്പുന്നു. കഞ്ഞിയുടെ വിവിധ ഇനങ്ങളിൽ മാത്രം വൈദഗ്ധ്യമുള്ള കഫേകൾ ഇന്ന് കൊച്ചിയിൽ തുറന്നിട്ടുണ്ട്.

ചരിത്രപരമായി, കഞ്ഞി വിതരണം കേരള സമൂഹത്തിൻ്റെ കർക്കശമായ സാമൂഹിക വർഗ്ഗീകരണത്തെയും പ്രതിഫലിപ്പിച്ചു. പണ്ട്, തൊഴിലാളികൾക്ക് പാലക്കുമ്പിളിൽ കഞ്ഞി നൽകിയിരുന്നു, ഇത് അവരുടെ 'താഴ്ന്ന' നിലയെയും അവർക്ക് അനുവദിച്ചിരിക്കുന്ന കുറഞ്ഞ വിഭവങ്ങളെയും സൂചിപ്പിക്കുന്നു. ഈ സമ്പ്രദായം ജാതി വർഗങ്ങളുടെ വ്യക്തമായ അതിർത്തി നിർണയിക്കുക മാത്രമല്ല, കുടുംബത്തിനുള്ളിലെ ശക്തി ചലനാത്മകതയെ ക്രോഡീകരിക്കുകയും ചെയ്തു. ഇന്ന്, ഒരു കാലത്ത് ഉപയോഗപ്രദമായ വസ്തുവായിരുന്ന പാലക്കുമ്പിൾ, വീണ്ടും സന്ദർഭോചിതമാക്കുകയും വിനോദസഞ്ചാരികളെയും വിദേശികളെയും ആകർഷിക്കുന്നതിനുള്ള ഉത്തരാധുനിക പ്രതീകമായി വർത്തിക്കുകയും ചെയ്യുന്നു. പാലക്കുമ്പിളിൽ 'റൈസ് സൂപ്പ്' വിളമ്പുന്നതിലൂടെ, ഒരു ചരിത്രപരമായ ആചാരത്തെ വീണ്ടെടുക്കുകയും പുനർനിർമ്മിക്കുകയും ചെയ്യുന്നു.

പരമ്പരാഗതമായി ഒരു എളിയ ഭക്ഷണമായി വീക്ഷിക്കപ്പെടുന്ന കഞ്ഞി, കേരളത്തിൻ്റെ സാമൂഹിക ഘടനകളിലും സാംസ്കാരിക മൂല്യങ്ങളിലും സാമ്പത്തിക സാഹചര്യങ്ങളിലുമുള്ള വ്യതിയാനങ്ങളെ ഗണ്യമായി പ്രതിഫലിപ്പിക്കുന്നു. ആരോഗ്യത്തിൻ്റെയും അന്തസ്സിൻ്റെയും പ്രതീകമായി കഞ്ഞി മാറുന്നത് സമകാലിക കേരളത്തിൽ അതിൻ്റെ വികസിച്ചുകൊണ്ടിരിക്കുന്ന പങ്കിനെ കൂടുതൽ ഉദാഹരിക്കുന്നു. വിവിധ ഔഷധ ചേരുവകളാൽ സമ്പുഷ്ടമായ ആരോഗ്യ-കേന്ദ്രീകൃത കഞ്ഞിയായ കർക്കിടകക്കഞ്ഞിയുടെ പുനർ ബ്രാൻഡിംഗും വിപണനവും, ആരോഗ്യത്തിന് വർദ്ധിച്ചുവരുന്ന ഊന്നലിനെയും ആധുനിക ആരോഗ്യ പ്രവണതകളുമായി പരമ്പരാഗത അറിവിൻ്റെ സമന്വയത്തെയും പ്രതിഫലിപ്പിക്കുന്നു. കഞ്ഞിയെ ഒരു ഫാഷനബിൾ ഹെൽത്ത് ഫുഡാക്കി മാറ്റുന്നത്, അതിൻ്റെ സാംസ്കാരിക

വേരുകൾ സംരക്ഷിക്കുന്നതിനൊപ്പം സമകാലിക ഭക്ഷണ പ്രശ്നങ്ങളെ അഭിസംബോധന ചെയ്യുന്നതിൽ അതിൻ്റെ വഴക്കവും തുടർച്ചയായ പ്രസക്തിയും പ്രകടമാക്കുന്നു.

പ്രാഥമികമായി ഒരു കാർഷിക സമൂഹത്തിൽ നിന്ന് കൊളോണിയലിസത്തിൻ്റെയും ആധുനികവൽക്കരണത്തിൻ്റെയും സ്വാധീനത്തിൽ കേരളം മാറിയപ്പോൾ, കഞ്ഞി അതിനനുസരിച്ച് പൊരുത്തപ്പെട്ടു. കഞ്ഞിയുടെ ദൈനംദിന ഭക്ഷണത്തിൽ നിന്ന് സാംസ്കാരികവും സാമൂഹികവുമായ പ്രാധാന്യത്തിൻ്റെ പ്രതീകമായി മാറുന്നത് കേരളത്തിനുള്ളിലെ വിശാലമായ സാമൂഹിക-സാമ്പത്തിക മാറ്റങ്ങളെ പ്രതിഫലിപ്പിക്കുന്നു. ആയുർവേദത്തിലെ അതിൻ്റെ പങ്ക്, മതപരവും സാംസ്കാരികവുമായ ആചാരങ്ങളിൽ അതിൻ്റെ പ്രതീകാത്മക ഉപയോഗം തുടങ്ങിയ പരമ്പരാഗത ആചാരങ്ങളിൽ കഞ്ഞിയുടെ സ്ഥിരോത്സാഹം അതിൻ്റെ ശാശ്വതമായ സാംസ്കാരിക പ്രാധാന്യത്തെ ഊന്നിപ്പറയുന്നു. അതിൻ്റെ തയ്യാറെടുപ്പിലും ഉപഭോഗത്തിലും മാറ്റങ്ങളുണ്ടെങ്കിലും, ചരിത്രപരമായ തുടർച്ചയും സമകാലിക പ്രസക്തിയും ഉൾക്കൊള്ളുന്ന കഞ്ഞി കേരളത്തിൻ്റെ പാചക പൈതൃകത്തിൻ്റെ ഒരു സുപ്രധാന ഭാഗമായി തുടരുന്നു.

ഉൽപ്പാദനം മുതൽ ഉപഭോഗം വരെയുള്ള പ്രവർത്തനങ്ങളുടെ മുഴുവൻ സ്പെക്ട്രവും ഉൾക്കൊള്ളുന്നതാണ് ഭക്ഷ്യ സമ്പ്രദായങ്ങളുടെ സാംസ്കാരിക മാനം. ഈ സമ്പ്രദായങ്ങൾ ഒരു സമൂഹത്തിൻ്റെ സാംസ്കാരിക ഘടനയിൽ ആഴത്തിൽ ഉൾച്ചേർന്നിരിക്കുന്നതും അതിൻ്റെ മൂല്യങ്ങൾ, വിശ്വാസങ്ങൾ, സാമൂഹിക ഘടനകൾ എന്നിവയെ സൂചിപ്പിക്കുന്നു. ഭക്ഷണ ശീലങ്ങളിലെ മാറ്റങ്ങൾ പലപ്പോഴും വിശാലമായ സാംസ്കാരിക മാറ്റങ്ങളെ പ്രതിഫലിപ്പിക്കുന്നു, ഇത് സാമൂഹിക പരിണാമത്തിനുള്ള ഒരു ബാരോമീറ്ററായി വർത്തിക്കുന്നു. ഒരു അടയാളമെന്ന നിലയിൽ, അടിസ്ഥാന ഭക്ഷ്യവസ്തുവിൽ നിന്ന് സാംസ്കാരിക പൈതൃകത്തിൻ്റെയും സാമൂഹിക വർഗ്ഗീകരണത്തിൻ്റെയും സങ്കീർണ്ണമായ പ്രതീകമായി കഞ്ഞി അർത്ഥപരമായ മാറ്റത്തിന് വിധേയമായി. ഈ മാറ്റം സാംസ്കാരിക ചിഹ്നങ്ങളുടെ ദ്രവ്യതയും മാറുന്ന സാമൂഹിക സന്ദർഭങ്ങളുമായി പൊരുത്തപ്പെടാനുള്ള അവയുടെ ശേഷിയും വ്യക്തമാക്കുന്നു.കഞ്ഞിയെ ഒരു സാംസ്കാരിക ഉൽപന്നമായി വിശകലനം ചെയ്യുന്നതിലൂടെ, കേരളീയരുടെ തനതായ വ്യക്തിത്വത്തെക്കുറിച്ചും അവരുടെ പാചകരീതികളെ രൂപപ്പെടുത്തിയ സാമൂഹിക-സാംസ്കാരിക പരിവർത്തനങ്ങളെക്കുറിച്ചും നമുക്ക് വിലപ്പെട്ട ഉൾക്കാഴ്ചകൾ ലഭിക്കും.

ഗ്രന്ഥസൂചി

Appadurai, Arjun."How to Make a National Cuisine: Cookbooks in Contemporary India."*Comparative Studies in Society and History*, vol. 30, no. 1, 1988, pp. 3-24.

Barthes, Roland. *Mythologies*. Translated by Annette Lavers, Hill and Wang, 1972.

Foucault, Michel.*The Archaeology of Knowledge*. Translated by A. M. Sheridan Smith, Pantheon Books, 1972.

Kallolickal, Vinod Kumar. *Annavicharam*. Kerala Basha Institute, Thiruvananthapuram, 2018.

Levi-Strauss, Claude.*The Raw and the Cooked: Introduction to a Science of Mythology*. Translated by John and Doreen Weightman, Harper & Row, 1970.

Mintz, Sidney W.*Sweetness and Power: The Place of Sugar in Modern History*. Viking Penguin, 1985.

Nandy, Ashis.*The Intimate Enemy: Loss and Recovery of Self under Colonialism*. Oxford University Press, 1983.

Panikkar, K. N. Colonialism, Culture, and Resistance. Oxford University Press, 2007.

Saussure, Ferdinand de.*Course in General Linguistics*. Edited by Charles Bally and Albert Sechehaye, McGraw-Hill, 1966.

ദേശാന്തരഗമനത്തിന്റെ ഭാഷയും ഭാവവും സി.വി. ശ്രീരാമന്റെ കഥകളിൽ

ഡോ.അനിലതോമസ്
അസിറ്റന്റ് പ്രൊഫസർ മലയാളവിഭാഗം
അൽഫോൻസകോളേജ്, അരുണാപുരം

മനുഷ്യൻ ഒറ്റയ്ക്കും കൂട്ടായും ആദ്യകാലം മുതൽ ജീവസന്ധാരണത്തിനായി നടത്തിയ യാത്രകളിലൂടെയാണ് മനുഷ്യയാനങ്ങളുടെ ചരിത്രമാരംഭിക്കുന്നത് .പ്രവാസം മനുഷ്യന് ഒരു അനുഭവ തലമായി മാറിയത് സ്ഥിരവാസാരംഭത്തിന് ശേഷമാണ്.ഒരാൾ ജനിച്ചു വളർന്ന സാഹചര്യത്തിൽ നിന്ന് താൽക്കാലികമായോ സ്ഥിരമായോ മറ്റൊരു സ്ഥലത്ത് ചെന്ന് ജീവിക്കേണ്ടി വരുന്ന മനുഷ്യാവസ്ഥയാണ് പ്രവാസം. പൊതുവായ ചരിത്രാനുഭവങ്ങളും ആചാരവിശ്വാസങ്ങളും ഭാഷാസംസ്കതിയും പങ്കുവയ്ക്കുന്ന ഒരു സമൂഹം ലോകത്തിന്റെ പല കോണുകളിലേക്കും ചിതറിപ്പോകുന്ന ചരിത്രാനുഭവമാണ് 'പലായനം' അഥവാ 'ഡയസ്പോറ', .ജറുസലേമിൽ നിന്നുള്ള ജൂതജനതയുടെ പലായനത്തെയാണ് ആദ്യകാലത്ത് ഡയസ്പോറ എന്നർത്ഥത്തിൽ ഉപയോഗിച്ചിരുന്നത്.

ഇതിന്റെ അനുബന്ധമായാണ് പ്രവാസമെന്ന പദം പൊതുമണ് ഡലത്തിലേക്ക് കടന്നുവന്നത് .ലോകമാസകലം ചരിത്രാതീതകാലം മുതൽതന്നെ ദേശാന്തരഗമനം നടന്നിട്ടുണ്ടെങ്കിലും സമീപകാലത്താണ് പ്രവാസം എന്ന സംജ്ഞ കൊണ്ട് ദേശാന്തരഗമനവുമായി ബന്ധപ്പെട്ട എല്ലാ അനുഭവങ്ങളെയും വ്യവഹരിച്ചു തുടങ്ങിയത്.

താക്കോൽ വാക്കുകൾ
പ്രവാസം, പലായനം, അഭയാർഥിത്വം

ബഹവർത്ഥ വ്യാപ്തിയുള്ള വാക്കാണ് പ്രവാസം. വീടുവിട്ടുള്ള പാർപ്പ്, താത്കാലികവിരഹം എന്നൊക്കെ ശബ്ദതാരാവലിയിൽ അർത്ഥം കൊടുത്തിരിക്കുന്ന പ്രവാസം ഡയസ് പോറ എന്ന ഗ്രീക്ക് പദത്തിന് സമാനമായാണ് പ്രവാസപഠനത്തിൽ ഉപയോഗിക്കുന്നത്. ഒരു ദേശത്തിൽ ഉൾപ്പെടുന്നവരും പൊതുസംസ്കാരം പങ്കുവയ്ക്കുന്നതുമായ ജനത പല കാലങ്ങളിൽ പല കാരണങ്ങൾ കൊണ്ട് ചിതറിപ്പോയി അവിടങ്ങളിൽ അതിജീവിക്കുന്ന അവസ്ഥയാണിത്. പുറപ്പാട്, കുടിയേറ്റം, അന്താരാഷ്ട്ര ജനപ്രവാഹം, നാട് വിട്ടുള്ള പാർക്കല്,നാടുകടത്തൽ, നാട് ഉപേക്ഷിച്ച് പോകൽ എന്നീ അവസ്ഥകളൊക്കെ ഉൾകൊള്ളുന്ന വാക്കാണ് പ്രവാസം. അതിജീവനത്തിനിടയിൽ മനുഷ്യാവകാശങ്ങൾ നിഷേധിക്കപ്പെട്ട് നരവംശപരമായ പരിഗണനകൾ ലഭിക്കാതെ പോകുന്ന

മനുഷ്യപ്രതിനിധാനങ്ങളുടെ സങ്കടഗാഥ പ്രവാസത്തിലുണ്ട്.

രാജ്യത്തിനകത്തു നടക്കുന്ന ആഭ്യന്തരകലഹങ്ങൾ, യുദ്ധങ്ങൾ, കാലാവസ്ഥാ വ്യതിയാനങ്ങൾ, തൊഴിലില്ലായ്മ, ആഗോളവത്ക്കരണം തുടങ്ങിയവയൊക്കെ പ്രവാസത്തിന് പ്രേരിപ്പിക്കുന്ന ഘടകങ്ങളാണ്. മാത്രമല്ല, ലക്ഷ്യസ്ഥാനം നൽകുന്ന സമാധാന അന്തരീക്ഷം, സുരക്ഷിതവും ആരോഗ്യപ്രദവുമായ സാമൂഹ്യഘടന എന്നിവയും പ്രവാസത്തിന് കാരണമാകുന്നുണ്ട്. കുടിയേറ്റം ,പലായനം, നാടുകടത്തൽ എന്നിവയുടെ ഫലം പ്രവാസമാണ്.അതുകൊണ്ട് പ്രവാസം എന്ന പദം ഇന്ന് അഭയാർത്ഥിത്വം, നാടുകടത്തൽ, പലായനം,കുടിയേറ്റം തുടങ്ങി എല്ലാ സംജ്ഞകളെയും പ്രതിനിധാനം ചെയ്യുന്നു . കൊളോണിയൽ അധികാരവും ദേശ രാഷ്ട്രങ്ങളുടെ രൂപീകരണത്തോടെയുള്ള അധികാരത്തിന്റെ വ്യത്യസ്ത പ്രയോഗങ്ങളും അതിന്റെ പ്രജകളെ പ്രവാസികളാക്കിയിട്ടുണ്ട്.

സ്വദേശം വിട്ട് അന്യദേശത്തേക്ക് യാത്രയാകുമെന്ന കാരണത്തെ അടിസ്ഥാനമാക്കി പ്രവാസത്തെ കുടിയേറ്റം, നാടുകടത്തൽ,പലായനം എന്നിങ്ങനെ മൂന്നായി തരംതിരിക്കാവുന്നതാണ്.
ഇവയുടെയെല്ലാം ആത്യന്തിക ഫലം പ്രവാസമാണെങ്കിലും ഇവയെല്ലാം ആന്തരികമായി ഭിന്ന സ്വഭാവം പുലർത്തുന്നവയാണ്. കുടിയേറ്റത്തിൽ പ്രവാസികളാകുന്നവർ ചെന്നെത്തുന്ന നാട്ടിൽ അവരുടേതായ ലോകം കെട്ടിപ്പടുക്കുകയും സ്ഥിരതാമസമാക്കുകയും ചെയ്യുന്നു. കുടിയേറ്റത്തിനും പലായനത്തിനും നാടുകടത്തലിനും പ്രത്യക്ഷത്തിലുള്ള രാഷ്ട്രീയകാരണങ്ങളാണുള്ളതെങ്കിൽ പ്രവാസ പ്രക്രിയയിൽ ഒരു തിരഞ്ഞെടുപ്പിന് സാധ്യതയുണ്ട്.എന്നാൽ തങ്ങളുടേതല്ലാത്ത കാരണത്താൽ പലായനം ചെയ്യപ്പെടുന്ന ജനത അനിശ്ചിതമായ സഞ്ചാരമാണ് നടത്തുന്നത്.

നാടുകടത്തപ്പെട്ടവൻ, അഭയാർത്ഥി, അന്യ നാട്ടിൽ പോയി താമസിക്കുന്ന ആൾ, കുടിയേറ്റക്കാരന് എന്നീ പദവികളെല്ലാം പ്രവാസികൾക്ക് ചാർത്തി കൊടുക്കപ്പെടുന്നു.പുതിയ സ്ഥലത്ത് കല, രാഷ്ട്രീയം, വസ്ത്രം ,ഭക്ഷണം, ആചാരാനുഷ്ഠാനങ്ങൾ എന്നിവയിലെല്ലാം മാറ്റമുള്ളതിനാൽ ഇവര് വ്യക്ത്യധിഷ്ഠിതമായി അനുഭവിക്കുന്ന സംഘർഷത്തിന്റെ തോത് ആഴമേറിയതാണ്.

നാടുകടത്തപ്പെട്ടവരെയും അഭയാർത്ഥികളെയും സംബന്ധിച്ചിടത്തോളം തങ്ങൾ എത്തിപ്പെട്ടിട്ടുള്ള പുതിയ രാജ്യം സമ്മാനിക്കുന്ന സംസ്കാരിക നടുക്കത്തെ ഉൾക്കൊള്ളുകയെന്നത് തീക്ഷ്ണമായ വൈകാരിക പ്രശ്നമാണ്. നാട്ടില് നിന്ന് പുറത്താക്കപ്പെട്ടതോടെ ദുരിത ജീവിതമാണ് അവർക്ക് കൈവരുന്നത്. രാഷ്ട്രങ്ങളുടെ അതിർത്തികൾ മാറ്റിവയ്ക്കുകയും പുതിയ രാജ്യങ്ങൾ സൃഷ്ടിക്കപ്പെടുകയും ചെയ്തതോടെ ലക്ഷക്കണക്കിന് ആളുകൾ

അഭയാർത്ഥികളായി മാറി .രണ്ടാം ലോകമഹായുദ്ധകാലത്ത് മാത്രം അഭയാർത്ഥികളുടെ എണ്ണം രണ്ടു കോടിയായിരുന്നു. നാസി ഭരണകാലത്ത് ജർമനിയിലെ ജൂതർക്ക് നേരിട്ട പീഡനങ്ങളും തുടർന്ന് അവർ അന്യ രാജ്യങ്ങളിലേക്ക് പലായനം ചെയ്യേണ്ടി വന്നതും പിന്നിട്ട നൂറ്റാണ്ടിന്റെ ചരിത്രമാണ്. ഇന്നും വിവിധ രാജ്യങ്ങളിൽ ഉണ്ടാകുന്ന അതിർത്തി പ്രശ്നങ്ങളും യുദ്ധങ്ങളും കാരണം നിരവധി സമൂഹങ്ങൾ പലായനം ചെയ്യേണ്ടി വരുന്നു. അതുവഴി ലക്ഷക്കണക്കിന് ജനങ്ങൾ അഭയാർത്ഥികളായി മാറുന്നു. അധികാരത്തിന് കീഴടങ്ങി സ്വന്തമായുള്ള എല്ലാത്തിലും നിന്നുള്ള വിച്ഛേദനമാണ് എല്ലാകാലത്തും അഭയാർത്ഥികൾ അനുഭവിക്കുന്നത്.കുടിയേറ്റവും നാടുകടത്തലും പലായനവും എല്ലാം ഒരുതരത്തിൽ അഭയാർത്ഥിത്വം തന്നെയാണ് സൃഷ്ടിക്കുന്നത് .ഒരു രാഷ്ട്രത്തിലും പെടാൻ ആവാതെ ജന്മ രാജ്യത്തെ കുറിച്ചുള്ള ഓർമ്മകളിൽ കഴിയുന്ന അഭയാർത്ഥികളാണ് കുടിയേറ്റക്കാരിൽ കൂടുതൽ ദുരിതമനുഭവിക്കുന്നവർ.

ഇന്ത്യയെ സംബന്ധിച്ചിടത്തോളം കൊളോണിയലിസത്തിനു ശേഷമുള്ള ചരിത്രം കുടിയേറ്റത്തിന്റെ ചരിത്രം തന്നെയാണ്. കൊളോണിയലിസത്തിനു ശേഷമുള്ള കുടിയേറ്റങ്ങൾ പ്രധാനമായി രണ്ട് ഘട്ടങ്ങളിലായി നടന്ന അഭയാർത്ഥി പ്രവാഹങ്ങളാണ്. ആദ്യത്തേത് ഇന്ത്യ പാകിസ്ഥാൻ വിഭജനത്തെ തുടർന്ന് ഉണ്ടായതാണ്. രണ്ടാമത്തെ അഭയാർത്ഥി പ്രവാഹം 1970ല് കിഴക്കൻ ബംഗാളിൽ ഉണ്ടായതാണ്.ദേശബോധ നിർമ്മിതിയുടെയും സ്വതന്ത്ര സ്വത്വബോധങ്ങളുടെയും പരിസരമായ ആധുനികതയുടെ സന്ദർഭത്തിൽ അഭയാർത്ഥിത്വവും പ്രവാസവുമൊക്കെ ഒരു ദാർശനിക പ്രശ്നമായി മാറുന്നു. അതായത് ആധുനിക സാഹിത്യം പ്രവാസത്തെ അല്ലെങ്കിൽ അഭയാർത്ഥിത്വത്തെ പ്രധാന വിഷയമായി കൈകാര്യം ചെയ്യുന്നുണ്ട്.

വൈവിധ്യപൂർണ്ണമായ മനുഷ്യാനുഭവങ്ങളുടെ സവിശേഷമായ ആവിഷ്കാരത്തിലൂടെ മലയാളസാഹിത്യത്തിൽ തന്റേതായ ഒരിടം നേടിയെടുത്ത എഴുത്തുകാരനാണ് സി.വി. ശ്രീരാമൻ. അദ്ദേഹത്തിന്റെ കഥകളിലെ ഉചിതപദങ്ങളുടെ തിരഞ്ഞെടുപ്പും ഊന്നലുകളും ആവർത്തനവും കൊണ്ട് നേടിയെടുക്കുന്ന വാക്യ രചനാ വിശേഷത്താൽ കഥാപാത്രങ്ങളുടെയും സന്ദർഭങ്ങളുടെയും വൈചാരിക-വൈകാരിക സംഘർഷങ്ങളെ അനുവാചകനിലേക്ക് സംക്രമിപ്പിക്കുമ്പോൾ അതൊരു വ്യത്യസ്തമായ കഥാനുഭവവുമായി പരിണമിക്കുന്നു.ഓർമ്മകളുടെ അടരുകളും മുന്നോട്ടും പിന്നോട്ടും ചലിക്കുന്ന കാലാനുഭവവും ഉള്ള ബാഹ്യഘടന ശ്രീരാമന്റെ കഥകളുടെ മുഖമുദ്രയും ഘടനാപരവുമായ സവിശേഷതയുമാണ്'.മനുഷ്യജീവിതത്തിലെ ആന്തര വൈരുദ്ധ്യങ്ങളെയും അതിലെ വൈകാരിക സംഘർഷങ്ങളെയും സൂക്ഷ്മമായി

ആലേഖനം ചെയ്യുന്നവയാണ് ശ്രീരാമന്റെ കഥകൾ. അദ്ദേഹത്തിന്റെ കഥകൾ ഒരേസമയം സമൂഹത്തിന്റെയും ചരിത്രത്തിന്റെയും ചക്രവാളങ്ങളെ തൊട്ടു നിൽക്കുന്നു. ജീവിതത്തിന്റെ അനിവാര്യമായ ഒഴുക്കിൽപ്പെട്ട് ചവിട്ടി നിൽക്കുന്ന മണ്ണ് നഷ്ടപ്പെട്ടവരുടെ, ജീവിതം കയ്യിൽ നിന്ന് വഴുതി പോകാതിരിക്കാൻ കഷ്ടപ്പെടുന്നവരുടെ ധർമ്മ സങ്കടങ്ങളുടെയും അതിജീവനത്തിന്റെയും കഥകളാണ് ശ്രീരാമന്റെ കഥാപ്രപഞ്ചത്തിൽ കാണുന്നത്.

ആൻഡമാൻ - നിക്കോബാർ ദ്വീപസമൂഹത്തിലെ കോളനൈസേഷൻ ഓഫീസറായി കുറെക്കാലം സേവനമനുഷ്ഠിച്ച സി.വി. ശ്രീരാമന്റെ കഥാലോകത്തിൽ നല്ലൊരുഭാഗം പ്രസ്തുത പശ്ചാത്തലത്തിൽ ആഖ്യാനം നിർവഹിക്കപ്പെട്ടവയാണ്.
ചരിത്രത്തിന്റെ ക്രൂരത നിരാധാരരാക്കി തീർത്ത മനുഷ്യ ജീവിതങ്ങളാണ് അവയിൽ ആവിഷ്കരിക്കുന്നത്.

മണ്ണും മനുഷ്യബന്ധങ്ങളും നഷ്ടപ്പെട്ട ഒരു കൂട്ടം മനുഷ്യരുടെ കഥയാണ് അവയിൽ ആഖ്യാനം ചെയ്യുന്നത്. ബംഗാൾ വിഭജനാനന്തരമുള്ള അഭയാർത്ഥിത്വവും ഖിലാഫത്ത് സമരത്തോടനുബന്ധിച്ച് ഉണ്ടായ നാടുകടത്തലും പ്രമേയമാക്കിക്കൊണ്ടുള്ള രചനകൾ ആൻഡമാൻ നിക്കോബാർ ദ്വീപുകളുടെ പശ്ചാത്തലത്തിൽ അദ്ദേഹം എഴുതിയിട്ടുണ്ട്.അഭയാർത്ഥിത്വത്തിന്റെ മുറിവുകളെ സ്വയം ഉണക്കിയെടുത്ത് പ്രതികൂല അവസ്ഥകളോട് പടവെട്ടി ജീവിക്കുന്ന കുറെ പച്ച മനുഷ്യരുടെ ജീവിതത്തെ തികഞ്ഞ യാഥാർത്ഥ്യബോധത്തോടെയും അവ അർഹിക്കുന്ന തീവ്രതയോടെയും ആവിഷ്കരിക്കുവാന് സി.വി. ശ്രീരാമന് കഴിഞ്ഞിരിക്കുന്നു.'വാസ്തുഹാര',വെളുത്ത പക്ഷിയെ കാത്ത്' 'ഒട്ടുചെടി' എന്നീ കഥകൾ അതിന് ഉദാഹരണങ്ങളാണ്.

അഭയാർത്ഥിജീവിതം പ്രവാസ ജീവിതത്തിന്റെ എല്ലാ അരക്ഷിതാവസ്ഥകളും അടയാളപ്പെടുത്തുന്ന കഥയാണ് 'വാസ്തുഹാര'.1947-ലെ ഇന്ത്യാ വിഭജനത്തെ തുടർന്നുള്ള ചരിത്ര പശ്ചാത്തലം ആണ് 'വാസ്തുഹാര'യിലെ ഇതിവൃത്ത പരിസരം. ഇന്ത്യാ വിഭജനത്തിൽ ബംഗാൾ, പടിഞ്ഞാറൻ ബംഗാൾ എന്നും കിഴക്കൻ ബംഗാളെന്നും വിഭജിക്കപ്പെട്ടു. കിഴക്കൻ ബംഗാൾ പെട്ടെന്ന് വിദേശരാജ്യത്തിന്റെ ഭാഗമായി തീർന്നു. തുടർന്ന് നടന്ന മതലഹളയിൽ ആയിരക്കണക്കിന് ആളുകൾ കൊല്ലപ്പെട്ടു. ഹിന്ദുക്കളായ ബംഗാളികൾ കിഴക്കൻ ബംഗാളിൽ ഉള്ള അവരുടെ വീടും തറവാടും ഉപേക്ഷിച്ച് പടിഞ്ഞാറൻ ബംഗാളിലേക്ക് പലായനം ചെയ്തു. അവിടം ലക്ഷക്കണക്കിന് അഭയാർത്ഥികളെ കൊണ്ട് നിറഞ്ഞു .അഭയാർത്ഥികളെ പല ക്യാമ്പുകളിലും മാറ്റി പാർപ്പിച്ചു.പല കാരണങ്ങളാൽ ആയിരങ്ങൾ മൃതിയടഞ്ഞു.ഇവർ അഭയാർത്ഥികൾ എന്നതിനേക്കാൾ ബാസ്തുഹാരകളാണ് (വസ്തു അപഹരിക്കപ്പെട്ടവർ). തലമുറകളായി സ്വന്തമായിരുന്ന വീടും നാടുമെല്ലാം ഉപേക്ഷിച്ച് പ്രാണ വേദനയോടെ

മറുനാട്ടിലേക്ക് ഓടിപ്പോയവർ. സ്വാതന്ത്ര്യാനന്തര ഇന്ത്യയിൽ പരക്കെ അനുഭവപ്പെട്ടിരുന്ന ദാരിദ്ര്യവും ക്ലേശങ്ങളും ഈ ജനസമൂഹങ്ങളെ പുതിയ പ്രദേശങ്ങളിലേക്ക് കുടിയേറാൻ പ്രേരിപ്പിച്ചു. അങ്ങനെ ആൻഡമാനിലേക്കുള്ള അഭയാർത്ഥി പ്രവാഹമുണ്ടായി.ഈ ഒരു ചരിത്ര സന്ദർഭത്തിന്റെ പശ്ചാത്തലത്തിൽ അഭയാർത്ഥികളായി മാറിയ ആരതി പണിക്കരുടെയും കുടുംബത്തിന്റെയും കഥ പറയുകയാണ് സി.വി. ശ്രീരാമൻ.

ബംഗാളിൽ നിന്ന് ആൻഡമാനിലേക്ക് അഭയാർത്ഥികളെ റിക്രൂട്ട് ചെയ്ത് അയക്കുന്ന വേണുവിന്റെ അടുത്തേക്ക്, തന്നെയും റഫ്യൂജിയായി പരിഗണിക്കണമെന്ന ആവശ്യവുമായി ആരതി പണിക്കർ എത്തുന്നു.അഭയാർത്ഥികളായി കൃഷിക്കാരെ മാത്രമേ ദ്വീപിലേക്ക് കൊണ്ടുപോകു എന്നതിനാൽ ആരതിയുടെ ആവശ്യം നിരാകരിയ്ക്കപ്പെടുന്നു. ഇത് ആരതിയുടെ മാത്രം വിധിയല്ല, ചരിത്രത്തിൽ നിന്ന് പുറന്തള്ളപ്പെട്ട, ദുരന്തങ്ങൾ ഏറ്റുവാങ്ങാൻ വിധിക്കപ്പെട്ട ആയിരക്കണക്കിന് വാസ്തഹാരകളുടെ ദുരന്തമാണ്.വിവാഹം കഴിഞ്ഞ് ആദ്യമായി കേരളത്തിലെത്തിയ കുഞ്ഞുണ്ണിപ്പണിക്കരെയും ആരതിയെയും ബന്ധുജനങ്ങൾ ആട്ടിയോടിച്ചു. തിരികെ ജന്മസ്ഥലമായ ഡാക്കയിലെത്തിയപ്പോൾ അവിടെയുള്ളതെല്ലാം പ്രളയത്തിൽ ഒലിച്ചുപോയിരുന്നു.പൂർണ്ണമായും വാസ്തുഹരേരായി മാറിയ ആരതിയും കുഞ്ഞുണ്ണിപ്പണിക്കരും കൽക്കട്ടയിൽ എത്തി.റാണാഘട്ടിലെ ഒരു റെഫ്യൂജി ക്യാമ്പിൽ വച്ച് കുഞ്ഞുണ്ണിപ്പണിക്കർ കോളറ പിടിപെട്ട് മരണമടഞ്ഞു.പ്രവാസത്തിന്റെ തീവ്രമായ അനുഭവങ്ങൾ കുഞ്ഞുണ്ണിയുടെ മരണശേഷം ആരതിയും ചെറിയ കുഞ്ഞുങ്ങളായ മക്കളും അനുഭവിച്ചു.അവർ ഇന്നും സ്വന്തമായി ഒന്നുമില്ലാത്ത അഭയാർത്ഥികളാണ്. ഒരർത്ഥത്തിൽ മക്കൾ പോലും അവരിൽ നിന്ന് അപഹരിക്കപ്പെട്ടിരിക്കുന്നു. പ്രത്യയശാസ്ത്രത്തിനു വേണ്ടി പ്രവർത്തിച്ച മകൾ ജയിലിൽ അടക്കപ്പെടുന്നു .മകൻ ഒളിവിലും. എല്ലാ അർത്ഥത്തിലും അവർ വാസ്തുഹരേരായി മാറുന്നു. കഥയുടെ പേരിൽ തന്നെ പ്രമേയത്തെ ഉള്ളടക്കം ചെയ്ത് കഥാപാത്രങ്ങളുടെ പ്രത്യേകിച്ചും ആരതി പണിക്കരുടെ ജീവിതത്തിലേക്ക് കടന്നുചെന്ന് അതിനെ വിശദീകരിക്കുകയാണ് കഥാകൃത്ത്. ഒരു റഫ്യൂജിയായി ആൻഡമാനിലേക്ക് പോകാൻ അവസരം ചോദിച്ചുവരുന്ന ഒരു സാധാരണ ബംഗാളിസ്ത്രീയിൽ നിന്നും ഒരു നാടിന്റെ, ഒരു കാലഘട്ടത്തിന്റെ പ്രതിനിധിയായി ആരതി പണിക്കർ മാറുന്ന കാഴ്ചയാണ് 'വാസ്തുഹാര'യിൽ ആവിഷ്കരിച്ചിരിക്കുന്നത്.അങ്ങനെ അഭയാർത്ഥിത്വം വരുത്തിയ തീവ്രവും ദയനീയവും ഹൃദയഭേദകവുമായ അനുഭവങ്ങളെ ശക്തമായ, വികാര രഹിതമായ ഭാഷയിൽ അവതരിപ്പിച്ചിരിക്കുകയാണ് എഴുത്തുകാരൻ.

